T61
P20

F. 93. Rs 0-12-0
P. 23.

# വിജയോദയം കാവ്യം.

---

ഗ്രന്ഥകൎത്താ,

**പന്തളത്തു കേരളവൎമ്മത്തമ്പുരാൻ.**

---

T. 61
P 20
DEFINITORIUM O.C.D. LIBRARY
CANCELLED

(അവകാശം ഒട്ടുവിൽ അമ്മുക്കുട്ടി അമ്മയ്ക്ക്.)

---

എസ്സ്. ആർ. ബുക്കഡിപ്പോ.

---

അനന്തരാമവൎമ്മ പ്രസ്സ്

തിരുവനന്തപുരം.

1109

DHARMARAM COLLEGE LIBRARY
BANGALORE
4208

---

ഉടമസ്ഥയുടെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിൎമ്മിതമാകുന്നു.

# മുഖവുരം.

കാവ്യകലാകോവിദന്മാർ പുരാണേതിഹാസങ്ങളെത്തന്നെ സ്വകവിതയ്ക്കു വിഷയമാക്കുന്നതു പ്രായേണ രുചിക്കാതെ തീന്നിരിക്കുന്ന ഇക്കാലത്തിൽ "യദിക്ഷുണ്ണം പൂൎവ്വൈരിതിജഹതീ" ത്യാദി പദ്യങ്ങൾ ചൊല്ലിയതുകൊണ്ട് ആധുനിക പണ്ഡിതന്മാർ തൃപ്തിപ്പെടുമെന്നു തോന്നുന്നില്ല. "ഭിന്നരുചിൎഹിലോകഃ" എന്നുള്ള കാളിദാസസൂക്തിക്കു മാററു കൂടിക്കൊണ്ടിരിക്കുമ്പോൾ സൎവ്വസമ്മതമായ ഒരു ഇതിവൃത്തത്തെ കല്പിക്കുന്നതും സുഖസാദ്ധ്യമല്ല. സൂൎയ്യചന്ദ്രന്മാരുടെ ഗതിവിഗതികൾക്കു കൂടി അല്പം ഭേദംവരുത്തിയാൽ നന്ന് എന്നഭിപ്രായപ്പെടുന്ന പുതുപരിഷ്കാരികളോടു നമോവാകം പറയുകയേ നിവൃത്തിയുള്ളു. കവിതയിൽ ചക്രവാകത്തെ സ്പൎശിപ്പിച്ചുകൂടാ. നിവൃത്തിയുള്ളിടത്തോളം താമരയും, ചന്ദ്രനും കടക്കാതെ സൂക്ഷിക്കണം എന്നും മററും സിദ്ധാന്തിക്കുന്നവരെയും അനുസരിക്കാഞ്ഞാൽ സൎവ്വസമ്മതത്തിനു ഹാനിസംഭവിക്കുമല്ലൊ. ഘടോൽക്കചവധം കവിത നന്ന്. അതിൽ ഗ്രാഹ്യഭാഗമൊന്നുമില്ല. കുംഭാണ്ഡവധത്തിലെ നായകനു പുതിയ പരിഷ്കാരം പോരാ. ഒന്നു അൎത്ഥ ക്ലിഷ്ടമായിപ്പോയെങ്കിൽ മറെറാന്നു വിരളാൎത്ഥം. ഇങ്ങനെ ദോഷസമ്മിശ്രമായിട്ടേ അഭിപ്രായം പറഞ്ഞുകേൾക്കാറുള്ളു. സന്ദൎഭാനുസരണങ്ങളായ രസങ്ങളെ സ്ഫുരിപ്പിക്കുക, അതാതു രസങ്ങൾക്കനുസരിക്കുന്ന പദങ്ങളെ തിരിഞ്ഞുവെക്കുക തുടങ്ങിയുള്ള പ്രശസ്തകവനസാമൎത്ഥ്യം കാണിക്കുന്നതിനു സൎവ്വതോമുഖമായ പ്രതിഭാവിലാസം സിദ്ധിച്ചവൎക്കേ സാധിക്കയുള്ളു. ശാസ്ത്രം പഠിച്ചവൎക്ക് കവനരീതി ഇന്നവിധത്തിൽ വേണമെന്നു വാക്കിൽ പറഞ്ഞു ഫലിപ്പിക്കുന്നതിന് സാധിക്കാമെങ്കിലും പ്രയോഗരൂപേണ അങ്ങനെ ബോദ്ധ്യം വരുത്തുന്നതു് ക്ഷിപ്രസാദ്ധ്യമല്ല. അതിനാൽത്തന്നെയാണ്

'അദ്യാപി തത്തുല്യകവേരഭാവാ ദനാമികാ സാൎത്ഥവതീ ബഭൂവ'

എന്നു പറഞ്ഞിരിക്കുന്നതു്. ഇപ്പോൾ ഒരു കവനത്തിനും നല്ല അഭിപ്രായം പറയുന്നതു തന്റെ പാണ്ഡിത്യത്തിനു മതി

യാകുന്നതല്ല എന്നാണ് ഒരുമാതിരി കാവ്യപരിശോധകന്മാർ ധരിച്ചിരിക്കുന്നതു്. ദോഷപ്രഖ്യാപനത്തിലായാലേ തന്റെ സാമർത്ഥ്യം വെളിപ്പെടുകയുള്ളു.

"വിമലാദധികാ ലോകേ കലുഷസ്യൈവ വാരിണഃ
പ്രതിബിംബഗ്രഹേ ശക്തിഃ"

എന്നാണല്ലോ അഭിയുക്തവചനം. സർവ്വപ്രകാരേണ നോക്കിയാലും ഒരു കവിതയുടെ പ്രസിദ്ധീകരണം തൽകർത്താവിനു വിജയകരമല്ലാതെയാണു പ്രായേണ കണ്ടുവരുന്നതു്. കവിതയിൽതന്നെ ചില ദോഷാംശങ്ങൾ സഹജങ്ങളായിരിക്കെ വാസ്തവത്തിൽ ആരേയും കുററപ്പെടുത്താനുമില്ല.

വശ്യവാക്കുകളായി കൈരളിയുടെ ഭാഗ്യസമ്പത്തിഹേതുഭൂതന്മാരായി സ്ഥിതിചെയ്യുന്ന അഭിനവകാളിദാസപാണിനിപ്രഭൃതിമഹാശയന്മാരെ എല്ലാവരും ഒരുപോലെ ആദരിക്കുന്നുമുണ്ടു്. ആ സ്ഥിതിക്കു മററുള്ള കവികൾ അടങ്ങിയിരിക്കയാണു വേണ്ടതു്. എന്നാൽ,

"ശുകസ്സ രമ്യം വദതീതി മത്വാ വഹന്തി മൌനം വിഹഗാഃ കിമന്യേ"

എന്നു അവക്കു് സമാധാനിക്കാനും വകയുണ്ടു്.

വിജയോദയം കാവ്യം ഖണ്ഡശഃ കവനകൌമുദിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണു്. അക്കാലത്തിൽ ഇതിനെ ഒരുമിച്ചുകോർത്തു് ഒരു പുസ്തകമാക്കണമെന്നുദ്ദേശിച്ചിരുന്നില്ല. ഇപ്പോഴും ഇങ്ങനെ പ്രസിദ്ധീകരിക്കണമെന്നു എനിക്കു അഭിപ്രായമുണ്ടായിരുന്നില്ല. ചില സുഹൃത്തുക്കളുടെ അപേക്ഷ (അല്ലെങ്കിൽ) നിർബ്ബന്ധം ഒന്നുമാത്രമാണു് എന്നെ ഇതിലേയ്ക്കു ഉദ്യമിപ്പിച്ചിട്ടുള്ളതു്.

ഇനിയും ഇത്രമാത്രമേ എനിക്കു ഇവിടെ പറയാനൊള്ളു.

"ഗുണാംന്നഗൃഹ്ണന്തു ഖലാസ്തതഃ കിം
ഗൃഹ്ണന്തു ദോഷാനപി വാ തതഃ കിം
അപി വ്യതിസ്താമുഭയം തതഃ കിം
ഗുണോപി ദോഷോ യദി ദുസ്സഹം തൽ."

പന്തളം,
൧-൧-൧൧൦൦. } ഗ്രന്ഥകർത്താ.

ശ്രീ

# വിജയോദയം കാവ്യം.

---

## ഒന്നാം സൎഗ്ഗം

പുരമഥനപുരാണപുണ്യപൂര-
സ്ഫുരദതിചാരുഫലായിതാംഗയഷ്ടി
നിരവധികരുണാപയോധി ഭവ്യം
മുരഹരസോദരി സാദരം തരട്ടെ. ൧

നമദമരകിരീടകൂടകോടി-
ദ്യുമണിലസന്മണിരഞ്ജിതാംഘ്രിപീഠൻ
സുമഹിതസകലാൎത്ഥദാനദക്ഷൻ
സുമശരവൈരി സുഖം തരട്ടെ മേന്മേൽ. ൨

കുരുകുലകലശാംബുരാശിയിൽ സ്വ-
സ്ഫുരരുചി തഞ്ചിന പഞ്ചപാണ്ഡവന്മാർ
പുരുബലികൾ പുരസ്ത്രീയോടുമൊന്നി-
ച്ചൊരുഗഹനത്തിലഹോ വസിച്ചിരുന്നു. ൩

അതികുമതികളായ നൂററവർ തൻ-
ചതിയിൽ വെടിഞ്ഞഖിലം പ്രബലപ്രതാപം
ധൃതിയൊടു നിജസത്യമോൎത്തു താന-
ക്ഷിതിപവരിഷ്ഠർ വനാന്തരത്തിൽ വാണാർ. ൪

ദിനമനു ശുചിരാജസൂയയാഗാ-
ദ്യനവധി സൽക്രിയ ചെയ്ത ധൎമ്മജാതൻ
മനമുരുകിവസിച്ച ഭീതിദൈകം
വനഭുവി ദുൎവ്വിധിയോഗമാൎക്കുനീക്കാം? ൫

ശുചിയൊടു മണിഭാജനത്തിൽ നാനാ-
രുചിരുചിരം മധുരാന്നമാസ്വദിച്ചോൻ
സുചിരമഥ വെറുംകിഴങ്ങുസാല-
ത്വചി നിചിതം ക്ഷിതിഭുക്കഹോ ഭുജിച്ചു. ൬

കളപദമഞ്ജുലാളികങ്കണോദ്യൽ-
കളകളമേളിതഗീതി കേട്ടുറക്കം
കളയുമവനിഭൃത്തു കണ്ണഭിത്താം
കളഭഘടാരടിതത്തിലാർത്തി നേടി. ൭

നവപരിമളകോമളോപബർഹാ-
നവമലസന്മൃദുശയ്യയിൽ ക്കിടന്നോൻ
ധവളഹിമജലാർദ്ര ദ്രിധാത്രീ-
ധവനതികൾക്കശമക്കിടക്കയാക്കി. ൮

ദ്വിജകുലശതഭുക്തശേഷമന്നം
സ്വജനഗണാഗ്രണി ഭുക്തിചെയ്തു മുന്നം
ദ്വിജതതിപരിഭുക്തശിഷ്ടപക്വ-
ദ്രുജമടവീതടഭുവിലും ഭുജിച്ചു. ൯

മദകരിതതി കഞ്ചുകിവ്രജം സ-
മ്മദമിയലും മഹിഷീഗണങ്ങൾ മററും
സദനപരിസരത്തിലെന്നപോലാ-
സ്സദഭിമതന്നു വനത്തിലും ഭവിച്ചു. ൧൦

അരികളുടെ കടുത്തമാറിടം ത-
ച്ചുരിശമൊടും പൊടിയാക്കിടുന്ന ഭീമൻ
ഹരിഹരിണികളൊന്നു കാട്ടിലേവം
ഹരിഹരി! വാണു, വിചിത്രമീശകൃത്യം. ൧൧

പ്രതിനവമധുരാധികാന്നജാതം
പ്രതിദിന മഷ്ടികഴിക്കുമൻപു ഭുക്ഷു
പ്രതിഫലബലപയോധി കാട്ടുകന്ദം
പ്രതി കൊതിയാൽ കഠിനം കിളയ്ക്കുമാറായ് ൧൨

മരവിരിയുമടുത്തു തത്രസവ്യാ-
മരപതിസൂനുസമർത്ഥസവ്യസാചി
സുരസമനസമാനവീര്യവാൻസം-
സ്മരണമൃഷിപ്രഭൃതിപാലെയാവസിച്ചു. ൧൩

ഭുജബലനിധിസർവ്വസിദ്ധ കാഞ്ചീ-
വിജയമെടുത്തതുകൊണ്ടുസാർത്ഥനാമൻ
വിജയനജിതനാം ഹരിക്കുമിഷ്ടൻ
വിജനവനാന്തര ചാരിയായ് ഭവിച്ചു. ൧൪

ശമവിമതകുലപലാശനിത്യഹോമം
സുമഹിതവീര്യകൃശാനുവിൽ കഴിച്ചോൻ
ഹിമകരരുചിനേത്ര കീർത്തിയാർന്നോൻ
സുമതികിരീടിതുടർന്നുതാപസത്വം. ൧൫

ഹതവിധിമതമാരറിഞ്ഞു? മാദ്രീ-
സുതരതിവൈഭവശാലിബാലകന്മാർ
ചിതമണുവുമെഴാത്തകാട്ടിലേവം
സതതസുഖോചിതർ വാണിടേണ്ടിവന്നു. ൧൬

പരിമളമിളകും മൃദുപ്രവാളോ-
പരിപതിയുന്നതുമാർത്തിചേർത്തിരിക്കെ
പരിണതഗുണപാളിയാജ്ഞസേനീ-
പരിമൃദുകാലിണകാട്ടിലൂന്നുമാറായ്. ൧൭

നവധവള യശസ്സയന്നുസമ്രാം-
പ്രവരരലംബലമുള്ള പാണ്ഡവന്മാർ
സ്വവശഗരുടനാക്കൃശാംഗിയാളും
വിവശതയാർന്നുവനാന്തരത്തിൽവാണു. ൧൮

കുരുപതികുനയത്തിനാലിവണ്ണം
ഗുരുപരിതാപമിയന്നുപാണ്ഡവന്മാർ
കരുണകലരുമാമുരാരിയേത്താൻ
കരുതിവസിച്ചിതു സത്യസംഗരന്മാർ. ൧൯

അടവിയിലവരാടൽപൂണ്ടജസ്രം
കടലൊളിവർണ്ണനെയോർത്തുപാർത്തിടുമ്പോൾ
സ്പുടമവിടെയന്തനസോമസാമ്യം
തടവിയണഞ്ഞുപരാശരാത്മജാതൻ. ൨൦

അധികതൃഷകലർന്ന ചാതകങ്ങൾ
ക്കധിമഹിതുംഗഘനാഘനംകണക്കെ
സുധികൾപണിയുമാറുപക്വതത്സ-
ന്നിധിയിലണഞ്ഞുമുദംമുനീന്ദ്രനേകി. ൨൧

മുനിവരനെ നിരീക്ഷചെയ്തു ചക്ഷു
ജ്ജനിഫലമാർന്നൊരു ധർമ്മിധർമ്മപുത്രൻ
തനിയെയനുജരൊത്തു തല്പദത്താ-
രിനിയവലംബനമെന്നുതാണുക്ലുപ്തി. ൨൨

യതിവരനെമുറയ്ക്ക സൽക്കരിച്ചി-
ട്ടതിവിനയത്തൊടജാതശത്രുഭൂപൻ
പ്രതിപദമഴൽ തിങ്ങിടും വചസ്സുൾ-
ശ്രുതിഹരമിത്തരമുത്തമൻ കഥിച്ചു. ൨൩

അഴൽമരമരിവാൻ കുഠാരമാം നിൻ
കഴലിണകൈതൊഴുമെന്നിൽമാന്ന്യബുദ്ധേ
പിഴകളയി പൊറുത്തഥാനുകമ്പാ-
മഴവഴിയും മിഴിചേത്തനുഗ്രഹിക്ക. ൨൪

അനുദിനമനുതാപവാർദ്ധിയിൽപ്പെ-
ട്ടനുജരുമീവധുവും മുനീന്ദ്ര! ഞാനും
അനുപമഗുണഭോ! കുഴങ്ങിയോർത്താൽ
മനുജരിലീവിധമാർത്തിയാർക്കുമില്ലേ. ൨൫

ജനകനുടൽവെടിഞ്ഞുഹന്തപണ്ടേ
വനഭുവിബാലകർ ഞങ്ങൾ നിസ്സഹായർ
അനവധികദനം സഹിച്ചുപിന്നെ-
ജ്ജനപദതല്ലജമാർന്നുതത്രപാർത്തു. ൨൬

അനയമവിടെയുംവിഷാശനം തൊ-
ട്ടനവധിസങ്കടമംകുരിച്ചിരുന്നു
അനഘവിധിവിരോധിയായ് ഭവിച്ചാ-
ലനവരതംഭൃശമാർത്തിയെങ്ങുമുണ്ടാം. ൨൭

ജതുഗൃഹദഹനത്തിൽവച്ചു ചാകാ-
ഞ്ഞതുപരമാർക്കിലിവർക്കബദ്ധമായി
കുതുകമുടനകന്നുഞങ്ങൾ പിന്നീ-
ടതുലകൃപാലയ ! ഭിക്ഷവാങ്ങിവാണു. ൨൮

സുദതിയിവളെവേട്ടു ഞങ്ങൾപിന്നെ-
സ്സദനമണഞ്ഞുസുഖിച്ചിതല്പകാലം
ഹൃദയവിദളനാതിദക്ഷയാകും
കദനപരമ്പരപിന്നെയും പടന്നു. ൨൯

ഖലശകുനിചതിച്ചു ചൂതിൽനമ്മെ-
പ്പലപരുഷോക്തികളാൽ പരംഹസിച്ചു
ഉലകിലിവനസഹ്യതാപഭാക്കായ്
വലയുവതിന്നഘമുഗ്രമെന്തുചെയ്തോ ? ൩൦

അപനയമിവയൊക്കെ ഞാൻ സഹിക്കാ-
മപരമഹോകഠിനം കഥിക്കവയ്യ !
അപഭയലവമിക്കുലീനയേയും
സപദിനയിച്ചു സഭാന്തരത്തിലയ്യോ. ൩൧

കപടപടസുയോധനാനുജൻതൻ
ചപലതമൂത്തൊരുസാഹസപ്രവൃത്തി
കൃപണസുജനതാസഹായികൃഷ്ണൻ
കൃപബതചെയ്തതിനാൽ ഫലിച്ചതില്ല. ൩൨

ഭൃശമവിടെനടന്നസത്യമോർത്തി-
ട്ടശനസുഖാദികൾവിട്ടുകാട്ടിലേവം
അശരണമലയുന്നഞങ്ങളോർത്താൽ
കുശലിഭവാനുമുപേക്ഷണീയരല്ല. ൩൩

ചിരമിവിടെയലഞ്ഞുസത്യവാൎദ്ധി-
ക്കരയൊരുമട്ടുകടന്നു കിട്ടിയാലും
പരപരിഭവമുഗ്രമുത്ഭവിപ്പാൻ
പരമവകാശമിവൎക്കുവന്നുദിക്കും. ൩൪

കരുതുകിലൊരുഘോരസമ്പ്രഹാരം
പെരുതുളവാകുമിവൎക്കുതൎക്കമില്ല
വിരുതുടയൊരുഭീഷ്മമുഖ്യരോടി-
ന്നരുതൊരുവൎക്കുമെതിൎത്തു പോർനടത്താൻ. ൩൫

ശരനിരകൾപൊഴിച്ചു പാഞ്ഞടുക്കും
വരബലശാലികൾ വീരഷഡ്രഥന്മാർ
പരമവിടെയണഞ്ഞുപോരടിപ്പാൻ
പരവശഭാവമെവൎക്കുമുൾഭവിക്കും. ൩൬

ഗുരുഗുരുസുതനാകൃപൻഗഭീരൻ
ഗുരുതരവീൎയ്യമഹത്വമാൎന്നകൎണ്ണൻ
നിരുപമബലശാലിഭീഷ്മനെന്നീ
വിരുതരെയോൎത്തിവനുള്ളുപൊള്ളിടുന്നു. ൩൭

കുരുകുലപൃതനാമഹാൎണ്ണവത്തെ-
ക്കരുതിയെനിക്കുയരുന്നഭീതിവഹ്നത്തിൽ
കരുണയൊടുഭവാനിവൎക്കുവേണ്ടും
കരുതൽവരുത്തിടുവാൻ കനിഞ്ഞുകൊൾക. ൩൮

അകലുഷനവിടുന്നുതാപമെല്ലാ-
മകലുവതിന്നടിക്രൂപ്പുമെന്നിലെന്നും
സകരുണമരുളീടണം കടാക്ഷം
സകലമുനീന്ദ്രകുലാവലംബമൂൎത്തേ! ൩൯

ശമദമവിനയാദിവാസഭൂവാം
ശമനസുതൻമൊഴിയേവമോതിയപ്പോൾ
സുമപതനമിഷാൽതരുക്കളും തൽ-
സമയമഹോബഹുകണ്ണുനീർപൊഴിച്ചു. ൪൦

യതികുലകലശാബ്ധിയിൽകലേശ-
ദ്യുതികലരുന്നമഹർഷിസാർവ്വഭൗമൻ
കൃതിനരപതിതൻമനം കുളുർപ്പി-
പ്പതിനമൃതായിതമിപ്രകാരമോതി. ൪൧

അരുതരുതതിരററൊരാതുരത്വം
കരുതരുതേധൃതിശ്ശൂന്യരീതിയേതും
വിരുതരതിഗുണംപെടുംഭവാന്മാർ
പുരുതരമംഗളമാർന്നുതന്നെവാഴും. ൪൨

ശശധരവരവംശദീപമേനൽ-
കുശലമുദാരമുദിച്ചിടും ഭവാനിൽ
വിശദഗുണ! ഭവാൻപാർക്കിലെന്നും
ഭൃശമവലംബനമംബുജാക്ഷനല്ലോ. ൪൩

ക്രമരഹിതമഹോചതിച്ചുകള്ള-
ക്കുമതികളെക്കുരുവംശപാശകന്മാർ
ശമനസുത! ഭവൽപിതൃപ്രദേശ-
ഭ്രമണരസത്തെയറിഞ്ഞിടും ജവത്തിൽ. ൪൪

കപടമതിലുയർന്നപൂജ്യഭാവം
നൃപ! നിയതം നിലനില്ക്കയില്ലനിത്യം
സപദിസപരിവാരനാം സപത്നൻ
സ്വപദസമുന്നതിവിട്ടുനഷ്ടനാകും. ൪൫

കുരുനൃപവരലക്ഷ്മിതൽക്ഷണം ത്വൽ-
ഗുരുഗളഭ്രുവിലണഞ്ഞു കേളിയാടും
കരുതുകതവഭാഗ്യദേവതയ്ക്കായ്
കുരുതികഴിപ്പതിനർഹരക്ഖലന്മാർ. ൪൬

ഖലശകുനിഗുരുത്വമററകർണ്ണൻ
ചപലമതിമൂത്തൊരു ധാർത്തരാഷ്ട്രദുഷ്ടൻ
കലഹകലിയവന്റെ തമ്പിയെന്നീ-
ക്കലഹതകർക്കപമൃത്യുതാൻ കലാശം. ൪൭

പരബലപരിമാഥിയാം സഹാസ്ര-
ധിരദബലം കലരും വൃകോദരനും
സുരപതിസുതനാം ധനഞ്ജയനും
പരമരിസംഹതിയിൽ പ്രയാസമെന്തോ? ൪൮

വിനയഗുണ! ഗഭീരപൌരുഷന്മാ-
രനഘഭുജാബലശാലി സോദരന്മാർ
അനവരതമടുത്തു പാർത്തിടുമ്പോൾ
ഘനജയലക്ഷ്മിഭവാനെവിട്ടുപോമോ? ൪൯

ശമനസുത! ഭവാനുപിന്നെയും ഭീ-
ശമനമിതിൽ സ്വയമാൎന്നിടാത്തപക്ഷം
വിമലമതികിരീടിതന്നെപോയി-
ക്കമലശരാന്തകനെബ്ഭജിച്ചിടട്ടേ ൫൦

അശുഭഹരതപഃ പ്രസന്നനായി-
പ്പശുപതിപാശുപതാസ്ത്രമേകിയെന്നാൽ
പിശുനരിപുകുലത്തെയേകനായി-
പ്പശുസദൃശം വിജയൻ ജയിച്ചുകൊള്ളും. ൫൧

പുരടഗിരിയെടുത്തു ചാപമാക്കി-
പ്പുരഹതിചെയ്തപുരാണപുണ്യമൂർത്തി
വരമരിയതപസ്സിനാൽ പ്രസാദോ-
ത്തരമരുളീടിലസാദ്ധ്യമെന്തുപിന്നെ. ൫൨

മതിമതി മതിമൻ! വിശങ്കസാക്ഷാൽ
മതികലചൂടിയദേവനേക്കിരീടി
ധൃതിയൊടുമുടനേ ഭജിച്ചിടാനായ്
കൃതിതുനിയട്ടെ ഭവിക്കമേത്രഭവ്യം. ൫൩

മുനിതിലകനുരച്ചിവണ്ണമുള്ളിൽ
കനിവൊടുപാർത്ഥനെയും വരുത്തിമുന്നിൽ
ജനിമൃതിഹരമാം മഹേശമന്ത്രം
തനിയെമുറയ്ക്കുപദേശമാശുനൽകി. ൫൪

DEFINITIONS O.C.D. 1381 LIBRARY

അവിരതമിതിനാൽ ശിവന്റെ കാൽത്താ-
രവികലഭക്തിയൊടും ഭജിച്ചുകൊൾക
ഭവികമഥ ഭവിയ്ക്കുമെന്നു ദിവ്യ-
ച്ഛവികലരും മുനി ചൊല്ലി യാത്ര ചെയ്താൻ. ൧൫

യതികുലപതി തൻ മഹോപദേശം
മതിരസമോടു വഹിച്ചു സവ്യസാചി
പ്രതിനവവിരഹാർത്തിതപ്തനാം ഭ്രൂ-
പതിമണി പൂർവ്വജനെത്തെളിഞ്ഞു കൂപ്പി. ൧൬

പദതളിരിലണഞ്ഞു കൂപ്പിടും സൽ-
പ്പദരതിയാമൊരു പാർത്ഥനോടു മന്ദം
സദഭിമതനതീവ ധർമ്മജാതൻ
സദയമുദാരശ്രു പാർത്ഥനിത്ഥമോതി. ൧൭

വിമതകുലവിമർദ്ദനത്തിനായ് നീ
വിമലമതേ! വിഷമാക്ഷസേവ ചെയ്വാൻ
മമ സഹജ! ഗമിപ്പതോർത്തിടുമ്പോൾ
മമതയിലെന്മനമിന്നു നീറിടുന്നു. ൧൮

അടവിയിലിഹ വാണിടുന്ന ഞങ്ങൾ-
ക്കടലിലുയർന്നൊരു കണ്ണിനൊപ്പമാം നീ
ഉടനടി പിരിയുന്നതോർത്തു താപ-
ക്കടൽ കരവിട്ടു കടന്നു കേറിടുന്നു. ൧൯

ഇവരുടെ നടുവിൽപ്പെടും പ്രവീര-
പ്രവര! ഗുണോത്തരധാടി നിന്നിലത്രേ
നവമരതകമാലതൻ നടുക്കായ്
ധ്രുവമെഴുമുത്തമമുത്തിനാഭ കൂടും. ൨൰

വിരുതുടയ ഭവാൻ ഭവാംഘ്രിപത്മം
കരുതി വസിപ്പതു കൗരവാധമന്മാർ
ഒരു സമയമറിഞ്ഞുപോകിലപ്പോൾ
പരുഷതപൂണ്ടു ചതിപ്പതിന്നൊരുങ്ങും. ൨൰൧

സുകൃതവിധിനടത്തിടുന്നതൊന്നും
വികൃതികൾ സമ്പ്രതിസമ്മതിക്കയില്ല
അകൃതകശുഭകർമ്മരോധനം താൻ
പ്രകൃതിഖലക്കു ജന്മസിദ്ധമല്ലോ. ൬൨

ഫണിവലയനിഷേവനഷ്ടമാക്കാൻ
പണിപലതും ബത നൂററുപേർ നടത്തും
പ്രണിധികൾ പലരുണ്ടു സത്വവാന്മാ-
ർക്കണിമണിയാം തവവാർത്ത പാർത്തുരപ്പാൻ. ൬൩

വിഷമശരവിരോധിയേബ്ഭജിപ്പാൻ
വിഷമമഹോ പലതും നിനക്കുദിക്കാം
വിഷഗളകരുണാകടാക്ഷമാണീ-
വിഷയമതിൽ പരിരക്ഷയെന്നുറയ്ക്കു. ൬൪

ഗിരിശനെവഴിപോൽ ഭജിച്ചുടൻ നീ
തിരിയെവരുംവരെയുണ്ടിവക്കുതാപം
അരികുലവിജയാർത്ഥമെങ്കിലും പോയ്-
വരിക സഹോദര! മംഗളംവരും തേ. ൬൫

അടിമലരടികുപ്പിയദ്ധരാട്ടൽ-
മുടിമണിതന്നനുവാദമേററുവാങ്ങി
ഇടിവകതളിരിൽപെടാതെ പാർത്ഥൻ
ഝടിതി തപസ്സിനു പോവതിന്നൊരുങ്ങി. ൬൬

പവനസുതനെയും വണങ്ങിയേററം
നവവിരഹാസഹനായ സവ്യസാചി
ജവമനുജരെയും പുണർന്നു പിന്നെ-
ക്കുവലയനേർമ്മിഴിതൻെറ പാർശ്വമെത്തി. ൬൭

പതിയുടെ പുതുതായ വിപ്രവാസ-
സ്ഥിതികരുതിപ്പലചിന്തയന്തരംഗേ
പതിയുമൊരു പയോദവേണിയാളാം
മതിമുഖിപാർഷതിയോടു പാർത്ഥനോതി. ൬൮

സമധികഗിരിനന്ദിനീതപസ്സാം
സുമഫലിതവല്ലിയിലുല്ലസിച്ചകായായ്
സമമഖിലജഗത്തിനൊററയൂന്നായ്
സുമശരവൈരിസമുല്ലസിച്ചിട്ടുന്നു. ൯

സ്സ്ഫുടചടുലചലാക്ഷിയപ്പുരാരി-
ക്കുടയൊരു കാൽത്തളിരാത്ത ഭക്തിയാം ഞാൻ
കടലൊളി ചികുരെ! ഭജിപ്പതിന്നാ-
യുടനയിപോയിവരട്ടെ നന്മയുണ്ടാം. ൧൦

സുമശരപരിപന്ഥിയേബ് ഭജിച്ചേൻ
സുമധുരഗാത്രി! വരങ്ങൾ വാങ്ങിവേഗം
മമതയൊടയി! നിൻസമീപമെത്താം
മമവിരഹത്തെ നിനച്ചുമാഴ്കൊലാനീ. ൧൧

മദകളഭഗതെ മമപ്രയാണം
ഹൃദയതടത്തിൽ നിനച്ചു നീനിതാന്തം
കദനമനുഭവിക്കിലെൻ തപസ്സും
സുദതി! ഫലിക്കിലുമിന്നു പാഴിലത്രേ. ൧൨

വരദഹരവരപ്രസാദമോട്ടും
വരനുടനേവരുമെന്നു നീയടങ്ങി
വരഗുണമണിമഞ്ജമാകുമിന്ദീ-
വരമിഴി! വാഴ്ക വിഷാദമാന്നിടൊല്ലേ. ൧൩

അഥവരവിരഹോത്ഥഭീതിശങ്കാ-
വ്യഥകളൊതുക്കിയടക്കിയശ്രുപൂരം
കഥമപികമിതാവുരച്ചയാത്രാ-
കഥയിൽ വികാരമകററിയാജ്ഞസേനി. ൧൪

പണിപ്പെട്ടെന്നാലും പരിമൃദുകപോലസ്ഥലിയിൽ ന-
ല്ലണിപ്പട്ടിൽചിന്നുംസ്ഫടികഗുളികാകാന്തിയുളവായ്
മണിക്കല്ല്യാണക്കണ്ണിളകിയിളവില്ലാതെസതികൾ-
ക്കണിക്കല്ലായീടുംദ്രുപദസുതദൃഗ്ഭിന്നരുചിയായ്. ൧൫

ധൃഷ്ടദ്യുമ്നസഹോദരീപ്രണയസമ്മിശ്രാക്ഷിസംവീക്ഷണം
ധൃഷ്ടൻവാസവസൂനുമാനിയനുവാദത്തിൽ ഗണിച്ചക്ഷണം
പൃഷ്ടശ്രീശശിഖണ്ഡമണ്ഡനപദാം ഭോജത്തിലുംതാണുടൻ
ദിഷ്ടക്കേടുപെടാതെ ചെത്ഥതപസ്സിന്നായ് തിരിച്ചീടിനാൻ.

ഒന്നാം സർഗ്ഗം സമാപ്തം

---

## രണ്ടാം സർഗ്ഗം

അനന്തരം കാളിമയാളിടും ഘനാ-
ഘനാന്തരം പോലെ തടിൽഗണത്തൊടും
അനാരതത്താം പെടുമഞ്ജനാദ്രിപോ-
ലനന്തഭാഗത്തിൽ നിറഞ്ഞുനിന്നതേ. ൧

പിനാകിസേവയ്ക്കു ഗമിച്ചിടുന്നൊരാ-
സ്വനാഥവൃത്താന്തകപുത്രനസ്വയം
അനാകുലം കാൺമതിനോവിയത്തില-
ഘനാഘനം വന്നു നിറഞ്ഞിതെങ്ങുമേ. ൨

കളായഗാത്രന്റെ കളേബരത്തൊടും
ഗളാഗളി ക്രൂരരണം നടത്തിടാൻ
കളാദവിദ്യുൽ കരവാളുമോടു മ-
ജ്ജളാവൃതൻ കൊണ്ടലൊരുങ്ങിയെത്തിനാൻ. ൩

മഹാരഥൻമാനി മഹേന്ദ്രസൂനുസ-
മ്പ്രഹാരമേവം ഹരനോടു ചെയ്തിടും
സഹാശുഗൻ വാരിദമെന്ന രയ്ക്കമാ-
റഹാമഹാമാരി ചൊരിഞ്ഞു സസ്വനം. ൪

നഭഃകഠോരാടവിയിൽ കടന്നുടൻ
പ്രഭഗ്നയാക്കിബ്ബഹുപുഷ്പവല്ലതി
അഭഗ്നമൂക്കോടു പൊഴിച്ചുമേഘമാ-
മിഭപ്രവീരൻ മദവാരവർഷണം. ൫

ഗുരുതാപവും ത്രപവുമേറ്റുമറ്റൊരാ-
മരുത്തുദ്ധൂതൻജലസംഗമത്തൊടും
കരുത്തനായ് ചുറ്റി നടന്നു ധാത്രിയിൽ
പെരുത്തകമ്പത്തെയെവർക്കുമേകിനാൻ. ൬

ഇനപ്രതാപത്തെയടക്കിയുംകൊണ്ടും
ജ്വലനപ്രഭാവം കലരും പ്രഭഞ്ജനൻ
മനഃപ്രസാദത്തൊടുലാത്തിയെങ്കിലും
ജനപ്രമോദത്തെ വരുത്തിയില്ലതാൻ. ൭

പ്രിയാത്മജാതാനുജനാം കിരീടിതൻ
പ്രയാണമാർഗ്ഗം പ്രകടീകരിക്കുവാൻ
പ്രയാസമെന്യേ പവനൻ പലാശിസം-
ശ്രയാടവീഭാഗമടിച്ചു മാറ്റിനാൻ. ൮

വിയത്തിൽ വർഷാനടിയാടിടുംവിധൌ
വിയത്തനീത്തുള്ളിപരം പതിക്കയോ
നയത്തിലൈരാവതമഭ്രഗംഗതൻ
കയത്തിൽനിന്നിസ്സലിലംപൊഴിക്കയോ? ൯

സമർത്ഥനാം സൂനുതപസ്സുകൊണ്ടുകീ-
ഴമർത്തുമോ തൻപദമെന്നുപേടിയാൽ
അമർത്ത്യസമ്രാട്ടതിവൃഷ്ടികൈതവാൽ
ക്രമത്തിലേറും മിഴിനീർപൊഴിക്കയോ. ൧൦

തടിൽസ്ഫുരജ്ജിഹ്വ വെളിക്കു നീട്ടിയൊ-
ന്നടിച്ചുവീക്കിസ്തനിതോഗ്രനിസ്വനം
തടിച്ചകാദംബിനിയാം പിശാചിഭ്രൂ-
മടിച്ചിടാനായ് ശരമാരിപെയ്കയോ. ൧൧

ഇനൻകരശ്രീകലരാതെമന്ദമ-
ദ്ദിനങ്ങളിൽ താൻ വിഗതപ്രതാപനായ്
മനംമടിച്ചിട്ടൊളിവായ് ചരിച്ചുസ-
ജ്ജനത്തിനോർത്താൽ ജലബാധ ദുസ്സഹം. ൧൨

വലാഹകവ്രാതസമാവൃതം വിയ-
ത്തലാലയംവിട്ടഥതാരകോല്ക്കരം
ചലാംഗമായ് കീടമണിവ്രജങ്ങൾതൻ
ഛലാൽതിളങ്ങി ഭയമാൎന്നിടയ്ക്കിടെ. ൧൩

വിഷാശനൻതൻെറ ഗളത്തിനുംത്വിഷാ
വിഷാദമേകുന്നവിയത്തുപാൎത്തുടൻ
ത്വിഷാസമം തത്രകുരുത്ത പുല്ലതൻ
മിഷാന്നഭസ്സിൻകിടനേടിയൂഴിയും. ൧൪

മരാളപാളിക്കുമുഷിച്ചിലെന്നുവ-
ച്ചൊരാളുമിക്കാലമനാദരിച്ചിടാ
വരാളകസ്ത്രീമണികൾക്കുമത്രത-
ദ്വരാളികൾക്കും തെളിവാൎന്നിതല്ലയോ. ൧൫

കുലാദ്രികന്യാകമിതാവിനെദ്വിഷൽ
കുലാഹതിക്കുഗ്രതപസ്സുചെയ്യുവാൻ
വലാരിതൻ സൂനുതദാഗമിക്കവേ-
വലാഹകവ്യൂഹവുമസ്തജാഡ്യമായ് ൧൬

കുരുപ്രവീരൻഹരസേവനത്തിനായ്
ഗുരുപ്രമോദത്തൊടു പോയിടും വിധൌ
മരുൽപ്രചണ്ഡാംബുദപാളിപാഞ്ഞുപോയ്
പുരുപ്രകാശം ദിശകൾക്കുദിച്ചുതേ. ൧൭

തടിത്വദത്ത്യുൽക്കടകാലമെങ്കിലും
തടിച്ചസൌജന്ന്യമെഴും ധനഞ്ജയൻ
മടുത്തുമാറാതെതപസ്സിനായ് പുറ-
പ്പെടുന്നനേരം ജലബാധപാറുമോ. ൧൮

കപാലമാലാബ്ജകലാകലാപനാം
കൃപാലുഹാലാഹല നീലകണ്ഠനിൽ
അപാരഹൃൽഭക്തികലൎന്ന കല്യനാം
നൃപാല മുക്താമണിയാത്രചെയ്തുതേ. ൧൯

ഹരിപ്രിയൻജിഷ്ണുഹിമാദ്രിയാർന്നിടം
ഹരിത്താലേക്കായ് ഹരസേവനോൽസുകൻ
തിരിക്കവെധൂർത്തസുയോധനാദ്യരെ
തെരിക്കനേവിട്ടിതുരാജ്യലക്ഷ്മിയും. ൨൦

ജയന്തതുല്യൻ ജഗദീശസേവയാൽ
ജയന്തനിക്കേററവതിന്നു ഫൽഗുനൻ
ഭയന്തരിമ്പും കലരാതെയേകനായ്
സ്വയന്തുഷാരാദ്രിയിലെത്തിയുത്തമൻ. ൨൧

വിശിഷ്ടജാമാതൃമഹത്വമൂലമായ്
വിശിഷ്യവിശ്വോത്തരമാംഹിമാദ്രിയെ
ശശിക്കെഴുംചാരുകലത്തിലുത്തമൻ
വശിപ്രവീരൻപ്രിയമാർന്നുനോക്കിനാൻ. ൨൨

ഹിമാനിമാനത്തിലുയർന്നൊരഗ്ഗിരി
പ്രമാണിയേകാന്തികലർന്നുസന്തതം
സമാശ്രയിച്ചേററവുമുല്ലസിച്ച സൽ-
സുമാളിചൂതത്തൊടിണങ്ങിടുംപടി. ൨൩

പ്രഭാവമേറും ഗിരിയിൽപരംഹിമ
പ്രഭാവിരാജൽഗുരുശൃംഗഭംഗികൾ
ശുഭാംബരാലംകൃതസൌധപാളിതൻ-
സ്വഭാവസൌന്ദര്യമിയന്നുനിസ്തുലം. ൨൪

തളിർത്തുകമ്രച്ഛവിമഞ്ഞുകട്ടിയിൽ
കിളുർത്തിടും ശൈവലവല്ലികാൺകിലോ
വെളുത്തനൽതിങ്കളെവെല്ലുവാൻമനം
കുളുർത്തെഴും രാഹുവിനെസ്മരിച്ചിടും ൨൫

കടുത്തവെൺപാറകണക്കിലാഹിമം
പടുത്തൊരാപ്പർവ്വതസാനുശോഭനം
മടുത്തുമാറാതെയതിൽകടക്കുവാൻ
പടുത്വമേവർക്കുമുദിച്ചിടാസ്ഫുടം. ൨൬

തുഷാരസംഘാതശിലാവിലാസിയായ്-
ത്വിഷാസുധാംശുദ്യുതിയേജ്ജയിപ്പതായ്
വിഷാഗ്നികക്കന്നവിലേശയങ്ങളും
വിഷാണിജന്തുക്കളുമാവസിപ്പതായ്. ൨൧

പൊളിച്ചുമാതംഗവരൻെറമസ്തകം
ഗളിച്ചതദ്രക്തമദാംബുധാരയിൽ
കുളിച്ചുഘോരാരവപൂരിതാശരായ്
കളിച്ചിടുംകേസരിവര്യരാന്നതായ്. ൨൨

തടിച്ചുരുണ്ടുള്ള കഴത്തിലെത്രയും
തുടിച്ചുമഞ്ചാടിപളുങ്കുമാലയും
അടിച്ചിണക്കീടിനവേടനാരിമാ-
രിടച്ചിൽപററാതെ ചരിച്ചിടുന്നതായ്. ൨൩

ക്രമാദിതാംഭോധരവൃഷ്ടിതുല്യമായ്
ഹിമോദബിന്ദുക്കൾ സദാപതിക്കയാൽ
സമോദമാത്തേശ്വരരൊത്തുടൻവിയൽ-
സമോദരിസ്ത്രീകളുമാരമിപ്പതായ്. ൩൦

സഹർഷമര്ത്യഗ്രഹിമാദിയേററിടും
മഹർഷിമാർശീർണ്ണതൃണാദിഭക്ഷികൾ
സഹസ്രമേകാഗ്രതയിൽതപിപ്പതാം
മഹസ്സെഴുന്നോരുടജങ്ങൾചേന്നതായ്. ൩൧

പരംഗളന്മഞ്ജുളസൂനമഞ്ജരീ
മരന്ദധാരാപുനരുക്തശീതമായ്
പുരന്ദരോദ്യാനസഗർവ്വസല്ലതാ-
പുരംഗരോൽക്കമ്പിസമീരമാന്നതായ്. ൩൨

ഘടസ്തനക്ഷീരമപണ്ണനിത്യവും
സ്ഫുടംസുതസ്നേഹമൊടേകിവാഴ്കയാൽ
പടൻശോഭിപ്പൊരുദേവദാരുതൻ
തടങ്ങളിൽതിങ്ങിയിണങ്ങിടുന്നതായ്. ൩൩

കലാപചൂഡന്റെ കപൎദ്ദരാജിതൻ
കലാപമായ്ത്തീൎന്നൊരു ജഹ്നുകന്യയിൽ
കലാപ്സരസ്ത്രീജനകേളിചാതുരീ-
കലാശമാശാസ്യമിയന്നിടുന്നതായ്. ൩൪

പുരാഭമാസന്നഗുഹാഗൃഹത്തിൽനൽ-
പരാഭസിദ്ധിച്ചൊരു സിദ്ധനാരികൾ
പരാഭവംവിട്ടു സദാസകാന്തരാം
സുരാഭരോടൊത്തുരമിച്ചിടുന്നതായ്. ൩൫

നിദാഘധാമസ്ഫുടഹേതിയാൽപരം
വിദാരണംചെയ്ത വിഭാവസൂപലം
സദാവമിക്കും ശിഖിയാൽസുരവ്രജം
സദാരമാശീതജബാധതീപ്പതായ്.

പരാൎദ്ധരത്നാദികളാൽ പരിഷ്കരൽ-
പരാൎദ്ധ്യസാനുക്കൾകലൎന്നിടുന്നതായ്
ധരാഖ്യചേരുന്നൊരുദേവിതൻപയോ
ധരാഭമായ് ചന്ദനപത്രചിത്രിതം.

സുമാസ്രസൃജിത്തിൽ ശപശ്രുരതാമാൎന്നൊരാ-
ഹിമാദ്രിഹേമാദിമനോവിമോഹനം
ക്രമാതിപാതിദ്ദ്യുതിവീക്ഷചെയ്തുടൻ-
ക്ഷമാധവൻ മാധവബന്ധുഹൃഷ്ടനായ്. ൩൮

ഗിരീശപാദം സുദൃഢം നിനച്ചുസൽ-
ഗിരീശപാദത്തെ യണഞ്ഞു സാമ്പ്രതം
കിരീടിരാഗാദിതദാവെടിഞ്ഞുമ-
ദ്ദരീലസദ്ഭദ്രതമരീചിരാഗിയായ്. ൩൯

വരിഷ്ഠയാകും ജയലക്ഷ്മിയേസ്വയം
വരിക്കുവാൻവേണ്ടിയകുണ്ഠമാനസൻ
കരിപ്രവീരപ്രഭുഗാമിഫൽഗുനൻ
ഗിരിപ്രദേശത്തിലശങ്കമേറിനാൻ. ൪൦

പുരാന്തകസ്വാമിപുരോപകണ്ഠഭൂ-
പുരാണസോപാന പരമ്പരോപമം
ധരാധരോത്തുംഗശിലാവിഭാഗമ-
ദ്ധരാധവൻധന്വികരേറിമെല്ലവേ. ൪൧

അമർത്ത്യലോകേശസുതൻതപസ്സിനായ്
സമർത്ഥനോരോപദമദ്രിതന്നിലായ്
അമർത്തിടുംതോറുമരാതികീർത്തിയും
സ്വമസ്തകം താഴ്ത്തിടുവാൻതുടങ്ങിനാൾ. ൪൨

സുമങ്ങളും ഭൂരിസമിൽകുശാദിയും
സുമംഗളാംഭസ്സുപെടുംതടാകവും
സമംലസിക്കുന്നൊരു സാനുതന്നില-
ന്നമന്ദമോദത്തിലണഞ്ഞിതജ്ജനൻ. ൪൩

വിശാലമാം നിർജ്ജനദേശമദ്വിഷ-
ദ്വിശാസിതാവജ്ജനനാൻതൽക്ഷണം
നിശാധിപാലംകൃതമൌലിയേസ്വയം
നിശാതയാം ഭക്തിയൊടുംഭജിച്ചുതേ. ൪൪

കുമാർഗ്ഗദേശഭ്രമണംപെടാതെയ-
ക്കുമാരതാതാംഘ്രിതുരംഗശാലയിൽ
സ്വമാനസാശ്വത്തെ നിറുത്തിയഗ്നിഭൂ-
സമാനനാംജിഷ്ണുസമാധിവാഗുരൻ. ൪൫

കളങ്കിയാണെങ്കിലുമസ്സുധാംശുവും-
ക്കളംകളക്കുംപടിയാശ്രയിക്കയാൽ
അലംകനിഞ്ഞിട്ടവനാൽസ്വമൌലിതാ-
നലങ്കരിയ്ക്കുംപ്രഭുസേവ്യനാകുമേ. ൪൬

തുടുത്തതന്മാർദ്ദവമാന്നചാരുപ-
ട്ടുടുത്തിടുംവീരനരാതിഭീതിദൻ
പടുത്വവാൻവാസവിവൻതപസ്സിനായ്
ക്കടുത്തചർമ്മംകടിചേർത്തുചുററിനാൻ. ൪൭

ശരാസനാജ്ഞ്യാഹതിയേററമേററര
ഞ്ഞൊരാക്കരപ്രകാണ്ഡതലത്തിലുത്തമൻ
സ്സുരാരിസേവിയ്ക്കു സമിൽക്കുശാക്ഷതൊ-
ല്ലൂരാദികണ്ണാരിധരിച്ചുസാദരം. ൪൮

സ്വയംസുഭദ്രാദ്രുപദാത്മജാവധൂ
സ്വയംകൃതോദ്യൽസുമമാല്യതല്ലജം
പ്രിയംപെടുമ്മാറുലസിച്ചൊരച്യുത-
പ്രിയൻെറമാറിൽഭസിതങ്ങൾഭൂഷയായ്. ൪൯

കിരീടരത്നോല്ലൂരരമ്യമായൊര-
ക്കിരീടിതൻ ചാരുശിരസ്സുകേവലം
സരീസൃപംവാണിട്ടുമാറുവൻജടാ-
പരീതമായ്ത്തീൎന്നുപുരാരിസേവയിൽ. ൫൦

കൊഴുത്തരുദ്രാക്ഷഗണങ്ങളന്നുതൻ
കഴുത്തിലപ്പാൎത്ഥനുമൌക്തികങ്ങളായ്
മുഴുത്തഭക്തിക്കയറാൽ ഭവാംഘ്രിയാം
തൊഴുത്തിലമ്മാനസഗോവുബദ്ധനായ്. ൫൧

കനത്തകാമാദ്യരികൎദ്ദമവ്രജം
മനസ്വിപാൎത്ഥൻപൃഥുഭക്തിവാരിയാൽ
നനച്ചുകററിത്തെളിവേററമാളിടും
മനസ്സിലീശാംഘ്രിയെനാട്ടി,നിഷ്ഠയിൽ. ൫൨

ഫലാശനംക്രൂടിയുടൻവെടിഞ്ഞുസൽ-
ഫലാശവേശിച്ചൊരുമാനിഫല്ഗുനൻ
കലാളിപൂൎണ്ണേന്ദുകരാമൃതംവെറും
ജലാശകൈവിട്ടുചകോരമോൎത്തിടും. ൫൩

നിരാമയംനിത്യവുമുള്ളിൽവാണിടു-
ന്നൊരാക്കനൽക്കണ്ണനുബന്ധമാകുമോ
ചിരാൽനിനച്ചിങ്ങനെവാരിയുംപരം
വരാശയൻക്ലേശമശിച്ചതില്ലതാൻ.

സ്വമാനസാന്തസ്ഥിതനാംസ്മരാരിതൻ
സുമാലയാംപാമ്പുകഠംതിന്നതീക്കയൊ
ക്ഷമാധവൻതൻശ്വസിതാനിലോല്ക്കരം
സമാഗമിച്ചില്ലവെളിക്കുതെല്ലുമെ. ൧൫

ഇടത്തുകാലിൻവിരൽമാത്രമുർവ്വിയിൽ
ക്കടത്തിയൂന്നിക്കട്ടെനിഷ്ഠയാന്നവൻ
തുടുത്തിടുംതാർമുകുളങ്ങളെന്നപോൽ
പെടുത്തിയപ്പാണികഠംമസ്തകോപരി. ൧൬

പടൎന്നവൻകൊമ്പുകളൊക്കെവെട്ടിവ-
ന്നുടഞ്ഞുനില്ക്കുന്നൊരുകുററിപോലെയും
സ്വചിത്തമേകാഗ്രതയിൽച്ചെലുത്തിയ-
ശ്ശുചിപ്രവീരൻനിവസിച്ചുനിശ്ചലം. ൧൭

മനക്കരുത്തിൽ കുരുവംശവൎദ്ധനൻ
കനക്കവേചേൎത്തുഹരാംഘ്രിപങ്കജം
അനക്കമില്ലാതെവസിച്ചുഭൂരിനാ-
ളനൎഗ്ഗളസ്ഥൈൎയ്യമഹോമഹോൽക്കടം. ൧൮

ശിരസ്സിനാലച്ചൊറിമാററിടാനട-
ത്തുരച്ചുടൻവന്യമൃഗങ്ങഠംനിർഭയം
മരച്ചുവട്ടിൽപ്പട്ടിപാൎത്ഥമേനിയിൽ
പരംപുരീഷാദിചൊരിഞ്ഞുപാഞ്ഞുതേ. ൧൯

തൊടാൻമടിക്കാതെകഴുത്തിൽനൽത്തൃണ
ഛടാദിയാൽക്കൂടുപണിഞ്ഞുകൂട്ടമായ്
ജടാഭരത്തിൽസുഖമെന്നുനിത്യവും
വിടാതെവാണാർവിഹഗങ്ങഠംനിർഭയം. ൨൦

തടഞ്ഞുമെയ്യിൽതട്ടുവററുമന്ദമായ്
പടൎന്നുകേറിപ്പലപുല്ലുവല്ലികഠം
കടന്നൽതൊട്ടുള്ളവകാതിനുള്ളിലായ്
കടന്നുകൂത്താടികഠോരമത്തപം. ൨൧

കുരുപ്രവീരൻെറവപുസ്സിലൊക്കെയും
കരുത്തുവൻപുററുകളററമെന്നിയെ
കരുത്തുകൂടുന്നകിരീടിലേശമാ-
ക്കരുന്ന് ലീമട്ടറിയുന്നുമില്ലഹോ. ൩൨

പൃദാകുസാൎത്ഥങ്ങളണഞ്ഞുസാദ്ധ്വസ-
പ്രദാത്മഫൂൽക്കാരമൊട്ടുംപിണഞ്ഞുടൻ
സദാദ്ഭുതൻവാസവിതൻവപുസ്സിലായ്
സദാവസിച്ചാർ സകുടുംബമായ്സുഖം. ൩൩

സമാധിയിൽ ചിത്തമുറച്ചുപോയസൽ-
പ്രമാണിപാൎത്ഥൻഗണരാത്രമിത്തരം
സ്വമാംശരീരത്തെയുമോൎത്തിടാതെനൽ-
സുമാസ്ത്രഭിത്തിൻപദതാർഭജിച്ചുതേ. ൩൪

മഹസ്സുകൂടുന്നമഹാവിശിഷ്ടരാം
മഹൎഷികൾക്കുംകഴിയാത്തമാതിരി
അഹസ്സനേകം സ്ഥിരനായ്തപിച്ചിട്ടും
മഹത്തമൻപാൎത്ഥനപാൎത്ഥനാകുമോ. ൩൫

പ്രശാന്തമായ്ത്തീൎന്നതപസ്വിയദ്ധരാ-
പ്രശാസിതാവാന്നിട്ടമാത്തപോവനം
സ്വശാത്രവത്വാദിവെടിഞ്ഞുതങ്ങളിൽ
ഭൃശാദരംപൂണ്ടിതുവന്യജീവികൾ. ൩൬

പലാശസംബാധയകന്നുവെങ്കിലും
പലാശസഞ്ചാരാദിതയായ്ദ്രുമസ്ഥലി
നിലാവുപോൽത്തീൎന്നഖരാംശുരശ്മിനി-
ൎമ്മലാംബുവായ്നിമ്നഗയും തെളിഞ്ഞുതേ. ൩൭

കരുത്തുകാട്ടാതെസുഗന്ധബന്ധുരം
മരുത്തുമാനിച്ചുഥവീശിമന്ദമായ്
പുരുപ്രിയത്താൽ പുതുപുഷ്പപാളിയം
തരുക്കളും തൂകിമനോജ്ഞമെങ്ങുമേ. ൩൮

ഉദാരമപ്പാൎത്ഥതപസ്സു പാൎത്തുടൻ
ഹൃദാരസംതേടിന ചാരണാദികൾ
സദാരരായ് സാദരമത്തപസ്വിയേ
സദാരസലാപികൾ പാടിവാഴ്ത്തിനാർ. ൯

ദിവാനിശംലേശമനങ്ങിടാതെയ-
ബ്ഭവാനിതൻവല്ലഭനേബ്ഭജിക്കയാൽ
അവാച്യഭാസ്സാൎന്നതപോമയാഗ്നിയാൽ
ജ്വാൽജ്വലിപ്പിച്ചുകിരീടിപാരിടം ൧൦

ഭുവനതലമശേഷംവിത്രസിക്കുംവിധത്തിൽ
പവനഗതിനിരോധംചെയ്തിതന്നിഷ്ടമൂലം
ഭവനെയനിശമുള്ളിൽചേൎത്തുഭദ്രംസുഭദ്രാ-
ധവനനുപമതേജോമൂൎത്തിയായ്ത്തത്ര പാൎത്തു. ൧൧

രണ്ടാംസൎഗ്ഗം സമാപ്തം

---

## മൂന്നാം സൎഗ്ഗം.

ശ്വേതവാഹനനഹൎന്നിശംഭൃശം
ശ്വേതശൈലപതിയേബ്ഭജിക്കവേ
ഭീതനായ്ക്കിമപിനാകനായകൻ
സ്ഫീതഭോഗിസഭതന്നിലെത്തിനാൻ. ൧

ശൎമ്മദായിനിസുധൎമ്മയാംമഹാ-
ധൎമ്മകൎമ്മഫലമേകുമാസഭ
ഭൎമ്മരത്നമയശില്പചാതുരീ-
ധൎമ്മസാക്ഷിണിവിളങ്ങിയക്ഷണം. ൨

പേരുകൂടിയൊരുവിശ്വകൎമ്മസൽ-
ക്കാരുതൻറെകരകൌശലങ്ങളാൽ
ചാരുവാംസഭശുഭാഢ്യയെന്നുതാൻ
പ്പോരുമപ്പുറമുരപ്പതക്ഷമം. ൩

തത്ര ചിത്രതരമാസനത്തിലായ്
വൃത്രശത്രുനിവസിച്ചസത്വരം
സത്രഭോജിനികരത്തൊടിത്തരം
സത്രപശ്ചാസിതമാന്റു ചൊല്ലിനാൻ.

നന്ദനീയഗുണശാലിയാകുമെൻ
നന്ദനൻധൃതിപെട്ടുംധനഞ്ജയൻ
കുന്ദബാണപരിപന്ഥിതൻപദ-
ദ്വന്ദ്വമമ്പൊടുഭജിച്ചിടുന്നുപോൽ. ൫

കേശവപ്രിയനഹന്നിശംനിശാ-
ധീശമൌലിയെയശങ്കമുഗ്രമായ്
ക്ലേശകാരിതപമാചരിക്കയാ-
ലീശനാശുപരിതുഷ്ടനായ്വരും. ൬

മാനശാലിതനയൻത്രിലോകസം-
സ്ഥാനമൊക്കെയുമധീനമാക്കുവാൻ
മാനസപ്രിയമൊടുംഭജിക്കിലോ-
ന്നൂനമായതുമുമേശനേകിടും. ൭

ഞാനിനിത്രിദിവനാഥനെന്നുതാൻ
മാനിയജ്ജനനദാരവിക്രമൻ
വാനിലെത്തുകിലെനിക്കുമല്ലടം
ഹാനിപററുമഴലേററമാന്റുപോം. ൮

തങ്കഴൽക്കടിമയായ്ഭജിച്ചിടും
പങ്കമററനിജസേവകക്കടൻ
ശങ്കവിട്ടവരമേതുമേകുവാൻ
ശങ്കരൻസതതബദ്ധകങ്കടൻ. ൯

ധൃഷ്ടനാംവിജയനെൽത്രിവിഷ്ടപോൽ
കൃഷ്ടനായകതകൈക്കലാക്കിടും
സ്പഷ്ടമായ് മഹിതമാകുമെൻപദം
നഷ്ടമാകിലതുകഷ്ടമല്ലയോ. ൰

പുത്രനാണ്, ശരികാൎയ്യമെങ്കിലും
വൃത്രശത്രുവിനെവെന്ന ഫൽഗുനൻ
അത്രപംവരബലത്തിനാൽമദി-
ച്ചത്രവന്നുഭരണം തുടങ്ങിടും. ൧൧

ആയതിന്നിടകൊടുത്തിടാതെനാ-
മായതശ്രമമൊടുഗ്രമത്തപം
ആയവണ്ണമുടനേമുടക്കുവാ-
നായണഞ്ഞുപണിചെയ്തുനോക്കണം. ൧൨

രംഭതൊട്ടസുരസുന്ദരിമാർമഹാ-
രംഭമിഗ്ഗുരുതപം തടഞ്ഞിടാൻ
സംഭരിച്ചു ബഹുമോടിസത്വരം
ശംഭളീകുലമൊടൊത്തു പോകണം. ൧൩

മീനകേതനനുമാനമേററിടും
മേനകാദികൾമനോഹരാംഗികൾ
മാനവേശനുടെമട്ടുമാററുവാൻ
മാനസത്തിൽനിരൂപിക്കിലൊക്കുമേ. ൧൪

പാടലാധരികളൊത്തുചെന്നുതൻ
പാടവംവെളിവിലിന്നുകാട്ടണം
പാടശേഷമിതിലാൎന്നിടാപുറ-
പ്പാടറിഞ്ഞുമധുമുമ്പിലെത്തിടും. ൧൫

പക്ഷ്മളാക്ഷികൾചമുക്കളിൽപരം
പക്ഷപാതമൊടുപുഷ്പചാപനും
തൽക്ഷണം പുറകിലായ്പുറപ്പെടും
തൽക്ഷപാകരതരാവലംബിയായ്. ൧൬

ഉത്തമാംഗികൾ തിലോത്തമാദിസ-
ന്മത്തകാശിനികൾമുത്തിയന്നവർ
ഒത്തമന്ദരസമോടുപോകിലി-
ന്നത്തപസ്വിതരുണൻതരംകെടും ൧൭

കാലണഞ്ഞുപണിയുന്നവർക്കുടൻ
കാലവൈരിവരമേകിടും സ്ഫുടം
കാലതാമസമിയന്നിടാതെയി-
ക്കാലമക്കമെന്നിമാർഗ്ഗങ്ങിക്കണം. ൧൮

ഉല്പലാക്ഷികൾ പുറപ്പെടട്ടെയെൻ-
കല്പനപ്പടിപടുത്വമുള്ളവർ
ദർപ്പമാർന്നവിജയൻെറമാനസം
ദർപ്പകാധിയിൽമയങ്ങണംക്ഷണം

മന്ദമിങ്ങനെപുലോമജാകുച-
ദ്വന്ദ്വമർദ്ദനകരൻ കഥിക്കവേ
സുന്ദരാംഗികൾ സുരേന്ദ്രനേസ്വയം
സന്നമിച്ചുസമദം തിരിച്ചുതേ. ൨൦

പാകശാസനനിദേശമൊത്തുത-
ന്നാകനാരികൾ നവീനമട്ടിലായ്
ശ്രീകലർന്നു വിലസും പരിഷ്കൃതാ-
ലോകനീയരുചിമോടിനേടിനാർ. ൨൧

കാമരാജജയലക്ഷ്മിനേടുമ-
സ്സാമജാധിപസമാനയാനകൾ
ഭീമസേനസഹജൻ തപിച്ചിടും
ശ്രീമദദ്രിനികടത്തിലെത്തിനാർ. ൨൨

വർണ്ണനീയരുചിഭൂഷണാദിയാൽ
വിണ്ണവർക്കുടയവാരനാരിമാർ
വെണ്ണതോററമൃദുമേനിമൂടിടും
വണ്ണമായവരലങ്കരിച്ചുതേ. ൨൩

നീലനീരദനിരയ്ക്കുനിർമ്മല-
ശ്രീലസിക്കുമൊരുകുന്തളങ്ങളാൽ
മാലണച്ചുതടിദാഭയൊത്തിടും
മാലചാർത്തിയവരുല്ലസിച്ചുതേ. ൨൪

ഉദ്ധതപ്രകൃതിസൈംഹികേയനാ-
ലദ്ധഭക്ഷിതശശാങ്കശോഭനം
മുഗ്ദ്ധവാണികൾ ചെരിച്ചുനെററിമേൽ
ബദ്ധമസ്സിതശുദ്ധവാർമ്മുടിവിട്ടുകെട്ടിനാർ. ൰൫

കുഞ്ചിതാളകകദംബകങ്ങളാൽ
സഞ്ചിതാഭമളികത്തിലുത്തമം
അഞ്ചിതാംഗികളനംഗവിഭ്രമം
തഞ്ചിടുംചെറിയപൊട്ടുതൊട്ടിതേ ൰൬

അഞ്ജനംസ്വയമതീവനീലമാം
കഞ്ജമഞ്ജുമിഴിയിൽപ്രമുഗ്ദ്ധമാർ
അഞ്ജസാതദഭിവീക്ഷകാംക്ഷിതൻ
രഞ്ജനത്തിനെഴുതിത്തിളങ്ങിനാർ. ൰൭

ഭാസമാനതിലസൂനശോഭിയാം
നാസതന്നിലതിചാരുമൌക്തികം
ഹാസകാന്തിപുനരുക്തപാണ്ഡുരം
ഹാസമത്ഥകളിലുജ്ജ്വലാഭമായ്. ൰൮

മന്മഥൻെറമഹനീയകീത്തിതൻ
നിമ്മലപ്രഭപതുക്കിടുംപടി
നമ്മസുസ്ഥിതനിലാവുതൂകിടും
തന്മനോജ്ഞതകൾ വിളങ്ങിയേററവും. ൰൯

കുന്ദകുഡ്മളസഗർവ്വദന്തസ-
ദ്വൃന്ദഭാസുമരുണാധരാഭയും
സുന്ദരാംഗികളിലൊത്തുമല്ലിടും
മന്ദഹാസമസമാനശോഭനം. ൨൦

നൽപ്പകിട്ടെഴുമനംഗതാന്ത്രിക-
ച്ചെപ്പടിക്കളിവിളക്കിനൊപ്പമായ്
ഉല്പലാക്ഷികളുജ്ജ്വലിച്ചുത-
ദ്ദർപ്പണദ്യുതിസുഗണ്ഡമണ്ഡലം. ൨൧

നീലനിർമ്മലനിചോളപാളിയാൽ
സ്ഥൂലവർത്തുളകുചോച്ചമണ്ഡലം
ലോലലോചനകൾമൂടിയംഗഭൃ-
ജാലവിദ്യയിൽമറച്ചിടുംവിധം ൩൨

മുത്തുമാലകളഭംതുടങ്ങിയു-
ന്മത്തുചേർത്തിടുമലംകൃതിവ്രജം
നിസ്തുലപ്രഭമണിഞ്ഞുണഞ്ഞുത-
ദ്വർത്തുളസ്തനികളർജ്ജുനാന്തികം ൩൩

നിർജ്ജരപ്രഭുനിദേശമോർത്തുത-
ന്നിർജ്ജനാടവിയിലാവസന്തവും
സജ്ജനാഗ്രണിമനംമഥിക്കുവാൻ
സജ്ജനായ്സ്വയമണഞ്ഞുമുന്നമേ. ൩൪

മന്മഥേഷ്ടസഖനായിടുംജഗൽ
സമ്മതൻമധുസലീലമസ്ഥലം
സമ്മദത്തൊടുസമാഗമിക്കവേ
സന്മനസ്സുമിളകിഭ്രമിച്ചുപോയ്. ൩൫

പൂർത്തിയിൽകുസുമകാർമ്മുകന്റെനൽ
ക്കീർത്തിവൃത്തമെഴുതിപ്പതിച്ചപോൽ
നേർത്തിടുംവിവിധസൂനസഞ്ചയം
ചേർത്തിണങ്ങിവനവൃക്ഷവല്ലികൾ. ൩൬

മുല്ല'ചെമ്പകമശോകസാല'മെ-
ന്നല്ലസർവ്വവിടപിവ്രജങ്ങളും
അല്ലലദ്ധ്വഗരിലേകിടുംവിധം
നല്ലപോലഥതളിർത്തുപൂത്തുതേ. ൩൭

കാന്തതൻകുചസരോജകുഡ്മളോ
പാന്തമിന്നുവെടിയുന്നപൂരുഷൻ
ശ്രാന്തനാകുമുടനെന്നുനിന്ദയാൽ
സ്വാന്തമോദമൊടുമാർത്തുവണ്ടുകൾ ൩൮

പാടലാധരികൾ തൻരദച്ഛദം
പാടവത്തൊടു തിരസ്കരിച്ചവൻ
പാടലംപിണയുമെന്നുതത്വമാം
പാഠമപ്പൊളുരുവിട്ടു കോകിലം. ൩൯

സുന്ദരാംഗികളെ വേർപിരിഞ്ഞിടും
മന്ദനെപ്പരിഹസിച്ചിടുംപടി
നന്ദനീയതവസൂനവല്ലരീ-
വൃന്ദമൊത്തുവിലസീവനസ്ഥലി. ൪൦

മോടിയോടുമൃദുവേണുസുസ്വനം
പാടിമാരുതവിടൻവരുംവിധൌ
ആടിയങ്ങനെകുഴഞ്ഞുസൽസുമം
ചൂടിടുന്നലതികാനതാംഗികൾ ൪൧

മാരമിത്രമതിമാത്രകൌതുകം
പാരടച്ചുപരമേകിടുംമധു
സ്വൈരമസ്ഥലിയിൽമുത്തൊടെത്തിടു
ന്നേരമേതിനുമുദിച്ചു ഹൃന്മദം. ൪൨

ഫുല്ലവല്ലികൾപടർന്നുകേറുവാൻ
മെല്ലവേസ്വയമണഞ്ഞിടുംവിധൌ
ഉല്ലസിച്ചുവിടപങ്ങൾചേർത്തുടൻ
നല്ലശാഖികൾസുഖംപുണർന്നുതേ. ൪൩

പിന്നിലായ് പരമടുത്തുമുത്തൊടും
വന്നിടുംമൃഗിയെമത്തനായമാൻ
നിന്നിണക്കമൊടുകൊമ്പിനാൽചൊറി-
ഞ്ഞന്നിലയ്ക്കുത്തുരതിസ്പൃഹാരുക്കമായ്. ൪൪

മത്തഹസ്തിനിനദങ്ങൾകേട്ടുതൻ-
മസ്തകത്തിനുകുതിച്ചുകേസരി
തത്രസിംഹിയെയടുത്തുകാൺകയാൽ
സത്വരംസ്മരനുകീഴടങ്ങിനാൻ. ൪൫

കോപിയായ് മൃഗവിഹിംസ ചെയ്യുവാൻ
വാപിളർന്നു വിരുതാർന്നു പാഞ്ഞവൻ
ദ്വീപിതൻ പ്രിയയെ വീക്ഷ ചെയ്കയാൽ
ദീപിതസ്മരനതോർമ്മവിട്ടുപോയ്. ൪൬

കാട്ടുപോത്തുമഹിഷീഗണത്തൊടും
കൂട്ടുകൂടി മൃദുപുച്ഛമൂലവും
കോട്ടമെന്നിയെ മണത്തു മത്തനായ്
കോട്ടുവായൊടുമുയർന്നു ചാടിനാൻ. ൪൭

അമ്പിയന്നു കരിണിക്കെഴും പുറം
തുമ്പികൊണ്ടഥ തലോടി മെല്ലവേ
കുംഭിരാജനിണചേർന്നു; ഹന്തവൂ
വമ്പിനുള്ളൊരു മഹത്വമത്ഭുതം. ൪൮

മത്തകോകിലമരാളസാരസാ-
ദ്യുത്തമപ്രഥിതപക്ഷിപാളിയും
തത്തദിഷ്ടദയിതാഗണങ്ങളോ-
ടൊത്തമന്ദരസമാർന്നിതെങ്ങുമേ. ൪൯

താപമാർന്ന തപമൊടുവാണിടും
താപസർക്കുടയമാനസത്തിലും
ഹാ! പരം പരവശത്വമിക്ഷുവാം
ചാപമേറിയവനേകിയക്ഷണം. ൫൦

ഈവിധം മധുവിനൊത്തു തൽ-
ഭൂവിലങ്ങനെ സമുല്ലസിക്കവേ
ആവിലത്വമിലയാത്ത നിർജ്ജര-
സ്ത്രീവിലാസിനികൾ തത്ര കൂടിനാർ. ൫൧

കണ്ണടച്ചു പടുപാണ്ഡുരസൂനമ-
ക്കണ്ണനേ ദൃഢതരം ഭജിപ്പവൻ
തിണ്ണമംഗജശരാർത്തി തേടിടും
വണ്ണമക്കമനിമാർ കളിച്ചുതേ. ൫൨

ശ്രോണിബിംബകുചഭാരമാർന്നത-
ദ്ദേണിനിർജ്ജിതനവാംബുദാളികൾ
ക്ഷോണിതന്നിലവിടെത്തിളങ്ങിനാർ
ശ്രേണിയന്നവനദേവിമാർവിധം. ൧൩

ഹസ്തിനായകഗതിക്കശസ്തമാം
സ്വസ്തിവാചകമുരച്ചിടുംപടി
മുത്തണഞ്ഞവിടെലാത്തിമന്ദമായ്
മുത്തണിസ്തനികൾമുഗ്ദ്ധസുസ്മിതം. ൧൪

ചഞ്ചരീകരുചിതഞ്ചിടുംമനോ-
വഞ്ചകംമിഴിമദാലസാംഗികൾ
പഞ്ചബാണനുടെശസ്ത്രധാരപോൽ
പഞ്ചമെന്നിയെയറിഞ്ഞുപാർത്ഥനിൽ. ൧൫

നിത്യവുംസുധശിഷ്ടിക്കുമൂലമാ-
സ്തുത്യമാധുരിയിലുംമികച്ചതായ്
സത്യമശ്ലവുമലിഞ്ഞിടുന്നപാ-
ട്ടുത്തമാംഗികൾതെളിഞ്ഞുപാടിനാർ. ൧൬

അഭ്രകേശിനികൾപേശലങ്ങളാം
വിഭ്രമങ്ങൾവിവിധംനടിച്ചുടൻ
ശുഭ്രഹാസമലർതൂകിമാരസ-
ന്ദർഭദായിനികളാടി മോടിയിൽ. ൧൭

പഞ്ചബാണപരദൈവതങ്ങളാം
പഞ്ചവർണ്ണശുകരാജവാണികൾ
കിഞ്ചപാർത്ഥനിലണച്ചു പുഞ്ചിരി-
ക്കൊഞ്ചലൊത്തൊരുകടാക്ഷസഞ്ചയം. ൧൮

പുള്ളിമാൻമിഴികൾ പോർമുലക്കുടം
തുള്ളിടുന്നതുലയററകേളികൾ
ഉള്ളിണക്കമൊടുചെയ്തുതത്തപം
തള്ളിനീക്കുവതിനായ് തഥാവിധം ൧൯

തൊണ്ടിപോലെ രുചിരം തുടിച്ചിടും
ചുണ്ടിടയ്ക്കിടെ നനച്ചു നാവിനാൽ
കണ്ടിവാർ മുടിയൊരുത്തി പാർത്ഥനേ-
കണ്ടിവണ്ണമരചെയ്തു സസ്മിതം. ൩൦

കോമളാംഗനതിമാത്രമിപ്പുമാൻ
ശ്യാമളം തരുലതാഢ്യമീവനം
കാമകേളിനടനത്തിനെന്തിനി-
ത്താമസം തരുണിമാരൊരുക്കമായ്. ൩൧

ചമ്പകാംഗികളടുത്തു പാർത്ഥപൂ-
വമ്പനുള്ള പടവെട്ടിനെത്തിടാൻ
വമ്പരായ ചുണയുള്ളവർക്കു നീ
മുമ്പനെങ്കിലൊരു പേച്ചു നോക്കിടാം. ൩൨

പങ്കജേക്ഷണയൊരുത്തിയപ്പൊഴാ-
കൊങ്കയിൽ പുളകപാളി ചിന്നിയോൾ
തങ്കമേനിയിൽ വിയർപ്പൊടും സ്മരാ-
തങ്കമാർന്നു ചിലതേവമോതിനാൾ. ൩൩

മോഹനാംഗ! മതിയിത്തപസ്സുദ-
മ്മോഹമെന്തിഹ തുടങ്ങിടുന്നു നീ
ആഹവപ്രിയ! ഭവാൻ സുമേഷുത-
ന്നാഹവത്തിനു മടിച്ചു മാറൊലാ. ൩൪

പങ്കമററ സുരനാരിമാർസ്വയം
പങ്കജാസ്ത്രരണനാടകത്തിനായ്
ശങ്കയെന്നിയെ വിളിച്ചിടുമ്പൊൾ നീ
വങ്കനോ വിജയ! വിട്ടൊഴിയ്ക്കുവാൻ? ൩൫

ആണുതന്നെ പരമെങ്കിലോ വെറും
സ്ഥാണുപോലെ നിവസിപ്പതെന്തു നീ
താണുനിൻരതി കൊതിച്ചുരയ്ക്കുമീ
ഏണപാണികളിലാസ്ഥയില്ലയോ? ൩൬

വൻതപസ്സു മതിയാക്കി വേഗമി-
പ്പന്തണിക്കുളുർകുചങ്ങളം പുൽകി നീ
ഹന്ത മാധുരിതുളുമ്പിടും ലസൽ-
ദ്ദന്തചേലരസമാസ്വദിക്കെടോ. ൩൭

മന്മഥോപമ മനോജ്ഞകേളിയിൽ
ത്വന്മനസ്സിനു വിമോഹമററിതോ?
ജന്മമിങ്ങനെ വൃഥാവിലാക്കൊലാ
നമ്മലീലകളം നമുക്കു ചെയ്തിടാം. ൩൮

സുന്ദരാംഗ! സുരലോകസുന്ദരീ
വൃന്ദമിങ്ങനെ വിലാസപേശലം
കുന്ദബാണവിഹൃതിയ്ക്കിരക്കവെ
കിന്ദയാ കണിക നിങ്കൽവേണ്ടയോ? ൩൯

ഇത്യാദി നിർജ്ജരവരാംഗനമാരുദാര-
രത്യാഭിമുഖ്യമൊടനേകവിധത്തിലെല്ലാം
അത്യാദരം പണികളംചെയ്തിലുമജ്ജനൻതൻ
കൃത്യാഭിവിഘ്നമണുപോലുമണഞ്ഞതില്ല. ൪൦

പലവിരുതുകളം വീണ്ടും വേണ്ടപോൽകാട്ടിയിട്ടും
ഫലമൊരു ലവലേശം കണ്ടിടാഞ്ഞിണ്ടലോടും
വലമഥനവധൂടിവൃന്ദവും വിട്ടൊഴിച്ചാർ
ബലനിധിവിധുവംശ്യൻവൻതപംതന്നെചെയ്താൻ. ൪൧

മൂന്നാം സർഗ്ഗം സമാപ്തം.

---

## നാലാം സർഗ്ഗം.

ഹന്തകുന്തീസുതൻതൻെറ വൻതപസ്സായ പാവകൻ
സന്തതോജ്ജൃംഭിതജ്യോതിസ്സന്തമെന്ന്യേജ്വലിച്ചതേ. ൧

സഹസ്രമദ്ധ്യാഹ്നദിവ്യദഹസ്കരരുദിക്കയോ
മഹസ്സൊടാക്രമിച്ചോ ദുസ്സഹൻ സംഹാരപാവകൻ. ൨

ജ്വാലാമാലവമിച്ചീടും ഹാലാഹലമഹാവിഷം
കാലാന്തകക്രൂരമൃത്യൽ കോലാഹലമെതിക്കയോ? ൩
അന്തൎമ്മദമമഷോഗ്രനന്തരമവക്കു മേകുവാൻ
ഹന്തവായും പിളൎന്നുകൊണ്ടന്തകൻതന്നെനില്ക്കയോ. ൪
സംഹാരരുദ്രൻ കോപിച്ചു സിംഹാരവവുമിട്ടുടൻ
കിംഹാ! ലലാടാക്ഷിലോക സംഹാരാൎത്ഥം തുറക്കയോ. ൫
തഥാവിധജഗച്ഛങ്കാ വ്യഥാകരമുദാരമായ്
അഥാധികം വൎദ്ധിച്ചു പൃഥാസുതതപശ്ശിഖി. ൬
കുന്തീസുതതപസ്സാകും വന്തീയിൽസൎവ്വവിശ്വവും
വെന്തീടുമെന്നുസന്താപ മേന്തിമുനിസുരാദികൾ. ൭
സവ്യസാചിതപംമൂലംസവ്യഥന്മാർ സുരാദികൾ
അവ്യയൻശംഭുവാഴുന്ന ദിവ്യലോകത്തിലെത്തിനാർ. ൮
യക്ഷകിന്നരഗന്ധൎവ്വരക്ഷശ്ചാരണസാദ്ധ്യരും
ത്ര്യക്ഷനേക്കാൺമാനായിത്തൽക്ഷണംചെന്നുകൂടിനാർ ൯
സനൽക്കുമാരസനക സനന്ദാദിമുനീന്ദ്രരും
മനക്കരുന്നുവാടിത്തൻമനസ്വികളണഞ്ഞുതേ. ൰
തള്ളിക്കേറിവരും ഭീതിയുള്ളിൽക്കൊള്ളാഞ്ഞുസൎവ്വരും
വെള്ളിക്കുന്നാംപുരദ്വിട്ടിൻപള്ളിമേടയിലെത്തിനാർ. ൰൧
അഭ്രമുൽപ്രാണനാഥൈഭവിഭ്രമംതഞ്ചിടുന്നതായ്
ശുഭ്രശാരദസന്ദീപ്ത്യദഭ്രചാരുത ചേൎന്നതായ്. ൰൨
വിമാനനപരം നാകിവിമാനനിചയത്തിനും
അമാനപ്രഭയാൽ ഭാനുസമാനം നല്കിടുന്നതായ്. ൰൩
പാരം മഹേശൻ പൂശുന്നചാരം താഴത്തുനിത്യവും
സൈരംപതിക്കയാൽസ്വച്ഛഗൌരംകാന്തികലൎന്നതായ്.
സദാലസിക്കും കൈലാസസദാട്ടതശിലോച്ചയം
ഉദാരഭക്തികൈക്കൊണ്ടു തദാസൎവ്വരുമേറിനാർ. ൰൪
ദ്വാരത്തിൽകാവലായ്നില്ക്കും ചൂരല്ക്കോല്ക്കാരിൽമുന്തിയോൻ
ശൂരനാം നന്ദിനന്ദ്യാതൽസൌരസംഘത്തെനോക്കിനാൻ-
കടന്നുകേറമവരേത്തടഞ്ഞു ഹരകിങ്കരൻ
ഉടൻതദാഗമോദന്തം സ്പഷ്ടം ദേവനൊടോതിനാൻ. ൰൫

സന്മനസ്സാമവൻ സ്വാമിസമ്മതത്താൽ തദന്തികം
തന്മഹർഷിസുരൌഘത്തെ സമ്മതത്തോടണച്ചുതേ. ൧൮
സമനന്തര മാഭാസ്വൽ സമനന്തം പെടാത്തവൻ
സ്വമനസ്സുകളിൽ ചേർത്തുസുമനസ്സുകരംവാഴ്ത്തുവോൻ. ൧൯
ജടാപടല സഞ്ചരന്നസ്ഫുടാഭസുരസിന്ധുവും
നിടാലവിലസൽ തേജകടാഹകഠിനാക്ഷിയും. ൨൦
ഹിമക്ഷ്മാഭൃൽ സുതാസ്യാബ്ജഭ്രമൽഭ്രമരണബന്ധുരം
സമസ്തലോകസന്ത്രാണസമർത്ഥേക്ഷണയുഗ്മവും. ൨൧
സർപ്പകുണ്ഡലസം രാജൽദർപ്പണദ്യുതിഗണ്ഡവും
അപ്രമേയസ്മിതജ്യോത്സ്നാശുഭ്രവക്ത്രാമതാംശുവും. ൨൨
ഹാലാഹലവിഷജ്വാല ജലാകലിതകണ്ഠവും
ചേലാളും തൽകപാലാസ്ഥിമാലാമഹിതമദ്ധ്യവും. ൨൩
പേശലംശൂലപരശു പാശചാപാങ്കുശാദിയാൽ
മോശമററുലസിക്കും സൽക്ലേശഹാരിഭുജങ്ങളും. ൨൪
രോമാളിയാൽപ്രകുത്താശുവാമാദ്ധ്യംവേർതിരിച്ചതിൽ
പ്രേമാർദ്രമുല്ലസിച്ചിടുംരാമാമണിമൃഡാനിയും ൨൫
ആനത്തോലാൽ മറച്ചീട്ടുമാനൽകടിതടാദിയും
നൂനംത്രിഭുവനാലംബസ്ഥാനമാംപാദപത്മവും. ൨൬
പുഷ്ടശോഭം പ്രകാശിക്കുമഷ്ടമൂർത്തിമഹേശ്വരൻ
തുഷ്ടർഷിസുരവൃന്ദത്താൽദൃഷ്ടനാസ്തത്രസത്വരം. ൨൭
ഭൂതവൃന്ദങ്ങളും തത്രഭൂതനാഥാദിപുത്രരും
പ്രീതരായ് ശംഭുപാർശ്വത്തിൽവീതപങ്കംവിളങ്ങിനാർ. ൨൮
ഭദ്രകാര്യ്യങ്ങളേകുന്നഭദ്രകാളിതനൂജയും
രുദ്രദേവാന്തികത്തിൽതാൻഹൃദ്രസത്തോടുവാണുതേ. ൨൯
നഭാവമപ്പരംജ്യോതിസ്സവാങ്മനസഗോചരം
ജവാലീക്ഷിച്ചുകൈക്കൂപ്പിസ്തവാഗ്ര്യംവാഴ്ത്തിനാരവർ. ൩൦
ഭവാനീഭാഗ്യഭൂമാവാം ഭവാനാർത്താർത്തിഭഞ്ജനൻ
ഭവാഭിധജഗൽബാധാ ഭവാമയമകററുവോൻ. ൩൧
ദിക്കാകെബ്ഭസ്മമാക്കീടുന്നുഗ്രക്കാളുംകാളകൂടവും
ചിൽക്കാതലാംഭവാൻ ഭക്ഷിച്ചക്കാലം കാത്തുവിഷ്ടപം. ൩൨

യക്ഷരാട്ടിന്നുധനാവുമക്ഷയംദിക് പതിത്വവും.
ത്ര്യക്ഷ ഭോ! നൽകിട്ടുംനിന്റെപക്ഷപാതമനുത്തമം. ൩൩
പാദാന്തംകണ്ടുകിട്ടാത്തവേദാന്തതരുശാഖയിൽ
മോദാന്തരംഗം വാഴുംനിൻപാദാന്തംശശ്വദാശ്രയം. ൩൪
ഭുവനാണ്ഡകടാഹൈക ഭവനാഗ്ര്യത്തിലുന്നിനായ്
ഭവനാമങ്ങുതാൻതൂണായ് ഭവനാശനനില്ലവൻ. ൩൫
ചരാചരജഗൽസൃഷ്ടികരാബ്ജഭവനായതും
ചിരായതൻജഗദ്രക്ഷാപരാധോക്ഷജനായതും. ൩൬
സർവ്വത്രിലോകസംഹാരിശർവ്വനായ്തീർന്നതുംഭവാൻ
ദുർവ്വർണ്ണശൈലനിലയ! സർവ്വദാകാത്തുകൊള്ളുക. ൩൭
ഹന്തസന്തപ്തരാംഞങ്ങളന്തകാന്തകതാവകം
സന്തതംകൈവണങ്ങുന്നു ചിന്തനീയാംഘ്രിപങ്കജം ൩൮
ശ്രീപതിദ്രുഹിണാരാദ്ധ്യൻനീപരംഭക്തവത്സലൻ
ആപന്നാർത്തിഹരത്വത്താ ലാപതിച്ചുഹരാഖ്യതേ. ൩൯
ഖാണ്ഡവം ചുട്ടുപൊട്ടിച്ച പാണ്ഡവൻ തപസ്സിനാൽ
താണ്ഡവപ്രിയ! ഭോ! ലോകഭാണ്ഡമിപ്പോളടഞ്ഞുതാപം ൪൦
ഏറുന്ന തത്തപംമൂലംനീറുന്നിതുജഗത്രയം
ആറുംനവശശിക്കീറും പേറുന്ന ഭുവനപ്രഭോ! ൪൧
പ്രാണവായുവടക്കിത്വൽപ്രീണനത്തിനുഫൽഗുനൻ
ക്ഷീണമെന്ന്യെതപിക്കുന്നിതേണലാഞ്ഛനചൂഡ! ഭോ ൪൨
വിഷ്ടപംതൽതപസ്സാലെനഷ്ടമാക്കിച്ചമയ്യോലാ
ശിഷ്ടനാംസവ്യസാചിക്കുതുഷ്ടനായ്വരമേകനീ. ൪൩
എന്തിനിത്താമസം ലോകംവെന്തിടുംമുന്നമേ ഭവാൻ
കുന്തിതൻസൂനുവിന്നുള്ള ചിന്തിതംചെന്നുനൽകുക. ൪൪
പടുത്വമേറുംപാർത്ഥന്നു കൊടുത്താലും വരംവിഭോ
ഉടൻസർവ്വജഗത്താപമടങ്ങട്ടെദയാനിധേ! ൪൫
ഇപ്രകാരംവണങ്ങിത്തൻസപ്തർഷിവ്രജമോതവെ
സുപ്രസന്നമുഖൻശർവ്വൻക്ഷിപ്രമിങ്ങനെ ചൊല്ലിനാൻ. ൪൬
വീര്യാഹങ്കാരമേറുന്ന ശൌര്യവാൻശ്വേതവാഹനൻ
സ്ഥൈര്യമാർന്നുതപംചെയ്യും കാര്യമിങ്ങറിയുന്നുഞാൻ ൪൭

താമസിക്കാതെഞാൻ പാർത്ഥകാമസന്തൃപ്തിചെയ്തിടാം
മാമകാശ്രിതരോടേററം പ്രേമമുള്ളത്തിലുണ്ടുമേ. ൪൮

ആയാസമല്പവുംവേണ്ട പോയാലും നിങ്ങളേവരും
ഭീയാപിക്കില്ലകുശലം ഭൂയാൽ നിങ്ങൾക്കു മേൽക്കുമേൽ. ൪൯

അജ്ജഗൽഗുരുവാങ്മാദ്ധ്വീമജ്ജനത്താൽ കുളുത്തുടൻ
വിജ്വരാത്മാക്കളായിത്തന്നിജ്ജരന്മാർ തിരിച്ചതേ. ൫൦

സത്രാശനാദിനിവഹം സത്രാസംവിട്ടുപോകവേ
ഗോത്രാരിജനെയോർത്തീശൻ ഗോത്രാത്മജയൊടോതിനാൻ. ൫൧

“സാദരംഗൌരി നമ്മെ ത്വൽസോദരപ്രിയനജ്ജുനൻ
വാദമററുഭജിക്കുന്നു ഖേദമന്യക്കേഴംവിധം. ൫൨

പുരുഹൂതസുതൻ നമ്മെ പ്പുരുഭക്ത്യാ ഭജിക്കയാൽ
വിരുതന്നു വരംനൽകാനരുതിന്നി വിളംബനം. ൫൩

ഹേ കാതരാക്ഷി! തല്ക്കാമമേകനായിട്ടുറച്ചുഞാൻ
ലോകാവനവ്രതം തെററിപ്പോകാതെ കരുതേണ്ടയോ? ൫൪

മല്ലാരിസഖനെന്നുംതാൻ ചൊല്ലാളും പട്ടുവെന്നുമേ
വല്ലാതെ മദമോടത്രേ വില്ലാളി മരുവുന്നതും. ൫൫

മക്കടദ്ധ്വജനാണീട്ടു മല്ക്കൂടം ഗവ്വമെത്രയും
മൽഘടസ്തനി! മാററാതെ ദുർഘടം കാമപൂരണം. ൫൬

അഹന്തഹന്ത നീക്കാതെ യഹം തൽപ്രിയമേകിടാ
മഹസ്വിയവനോടാജിമഹം തെല്ലു നടത്തണം. ൫൭

പാത്ഥൻറകയ്യൂക്കലോക്കിൽ പാത്തറിഞ്ഞൊന്നമത്തിഞാൻ
കാത്തസ്വരാംഗിവേഗംതൽകാത്താത്ഥ്യത്തെവരുത്തുവൻ. ൫൮

ഭീ, മാനവാധിപക്കേകും ഭീമാനുജപരാക്രമം
ഹേമാദ്രിസ്തനി! വാത്തീടാൻഹേമാന്ന്യേ ഹൃത്തിലാഗ്രഹം. ൫൯

കന്ദപ്പതുല്യനാം ജിഷ്ണുതൻദപ്പം തെല്ലടക്കിടാൻ
സന്ദർഭമിപ്പൊളുണ്ടാക്കി സ്സന്ദശിക്കാം കിരീടിയെ. ൬൦

മനസ്സിനും ശമംവന്നേ മനസ്വിശുഭമാന്നിട്ടു-
ഘനങ്ങളററ വാനിൽതാ നനഘശശിതാരകം. ൬൧

പോരാളിയവനോടൊന്നു പോരാടാനുറച്ചുഞാൻ
പോരാഭവതിയുംകൂടി പോരാമെങ്കിലതും ഹിതം. ൬൨

താമസംതെല്ലുമേവയ്യാതാമരാക്ഷി! നമുക്കുടൻ
കാമതാതപ്രിയാഭ്യാശംകാമദായിനിയെത്തണം". ൩൩
കിശോരചന്ദ്രചൂഡോക്തി കൃശോദരിതഥാവിധം
വിശോധിച്ചുനിനച്ചേവംവിശോകത്തോടുചൊല്ലിനാൾ. ൩൪
"ദേവ ദേവ! ഭവൽപാദസേവചെയ്യുന്നപാൎത്ഥനിൽ
കേവലം കലഹിപ്പാനോ ഭാവമെന്തുഭവന്മതം? ൩൫
ശ്രദ്ധയോടും ഭവാനേത്തൻ ശുദ്ധനായ് സേവചെയ്‌വവൻ
ബദ്ധവൈരസ്യനേപ്പോലെയുദ്ധംചെയ്യുതിനൎഹനോ. ൩൬
കണ്ണടച്ചുദിവാരാത്രം കണ്ണനൈരിഭജിക്കുവെ
ദണ്ഡപാണിരിപോ! ചെന്നുദണ്ഡമേപ്പിക്കയുക്തമോ? ൩൭
ശംകനിഞ്ഞുസദാനൽകുംശങ്കര! ത്വൽപദാംബുജം
ശങ്കവിട്ടാശ്രയിപ്പോൎക്കു സങ്കടം നീവരുത്തൊലാ. ൩൮
മതിചൂഡ! തപംചെയ്യും മതിമാനായപാൎത്ഥനിൽ
മതിയിൽ പ്രഥനൌത്സുക്യം മതിയാക്കണമിക്ഷണം. ൩൯
ഭൂതികാംക്ഷിച്ചുചെയ്യുീടും ഭൂതിഭ്രഷ്ടതപസ്സുമേൽ
ഭീതിചേൎക്കുന്നതെന്നായാൽജാതിയായ് നന്നുതൽഫലം. ൪൦
ചേലിയന്ന തപസ്സിൻെറക്കുലിതൽപീഡയെങ്കിലൊ
മേലിലിമ്മട്ടുഭക്തൎക്കായ് ജോലിചെയ്യേണ്ടിവന്നിട. ൪൧
ചെന്നെസേവിക്കുമവനേ ചെന്നേററുപടവെട്ടിടാൻ
ഇന്നേറിടുമഭിപ്രായം നന്നേവംരീതിന്തുതനം. ൪൨
പരിഹാസോക്തിയോഭക്ത പരിപീഡനസക്തിയോ
ശരിയല്ലെന്നുതോന്നുന്നു ഗിരിശ! ത്വന്മനോരഥം". ൪൩
ആവിഗ്നയായ് ഗോത്രപുത്രി യീവിധത്തിലുരയ്ക്കവെ
ആവിശ്വവന്ദ്യനാംശംഭുദേവിയോടോതിപിന്നെയും. ൪൪
"പൂതാംഗി! ഭക്തസൎവ്വാൎത്ഥ ദാതാവെന്നുജഗൽശ്രുതൻ
ഭൂതാധീശനിവൻസേവചെയ്യാലായാൾക്കധീനനാം. ൪൫
ചാരുവാണി! മതിഭ്രാന്തിപോരുമപ്പാൎത്ഥനോടുഞാൻ
പോരുടൻതെല്ലുചെയ്യിട്ടെപ്പേരുമീപ്സിതമേകിടാം. ൪൬
മാനിപാൎത്ഥൻെറഉയ്യൂക്കുമാനിച്ചീടട്ടെസൎവ്വരു
പൂനിലാവൊത്തതൽകീൎത്തിവാനിലുംവെള്ളതേച്ചിടും. ൪൭

കിരീടിതൻെറകൈയ്യൂക്ക പരീക്ഷിപ്പിഷ്ടമേകിടാം
ഒരീഷലതിനിന്നില്ല ഗിരീന്ദ്രവരനന്ദിനി! ൭൮
സ്വവധൂവന്ദ്യമാകുംമൽ സവ്യകായത്തൊടൊത്തുടൻ
സവ്യസാചിക്കുവിജയം സവ്വഥാചേപ്പ്തുണ്ടുഞാൻ". ൭൯
ഉരച്ചേവമുമാകാന്ത നരത്തകുതുകത്തൊടും
സ്മരത്തന്നുതഥാഭ്രൂതംതരത്തിലഥമാററിനാൻ. ൮൦
കരാളഭൂഷാവേഷാഢ്യം കിരാതവടിവത്ഭുതം
പുരാദൃഷ്ടിചരംപൂണ്ടു പുരാന്തകനിഷൂദനൻ. ൮൧
സ്മരൽശ്രീയാംകപർദ്ദംതൽ ശിരസ്സിൽ ധൂമ്രകേശമായ്
പരമദ്ധേന്ദുതാൻഭീതികരമാം ദംഷ്ട്രയായ് സ്വയം. ൮൨
തപിട്ടാളുമക്ഷിതാൻനെററിപ്പൊട്ടായ് തീൻഭയാനകം
കാട്ടാനത്തോലുതാൻചേല കാട്ടാളനിലയിങ്കലും ൮൩
ചേലാളും തൽകപാലാസ്ഥിമാലാദിയുമണിഞ്ഞുതാൻ
മേലാകവേഗളംപോലെഫാലഃഫലവിഷാഭമായ്. ൮൪
അനാതരംകയ്യിലെഴും പിനാകംകുലവില്ലുമായ്
ഘനാകൃതിതദാഭീമസ്വനാമംസ്പഷ്ടമാക്കിനാൻ. ൮൫
കാട്ടാളമൂത്തിയായ് മാന്ദ്യം കാട്ടാതെ മദനാന്തകൻ
കാട്ടാനനടയാളോട്ടും കൂട്ടായ്പോരാനുരച്ചുതേ. ൮൬
കാന്താഭിപ്രായമോത്താശു കാന്താകൃതി ഭവാനിയും
കാന്താരചാരിണിവ്യാധ കാന്തരൂപം ധരിച്ചുതേ ൮൭
ശ്രീഭദ്രദഃത്രിലാവണ്യലോഭനീയാഭചേന്നവൾ
ബീഭൽസുപാശ്വമെത്തീടാൻ ബീഭത്സാകൃതിനേടിനാൾ. ൮൮
ലാളിച്ചുഗൌരിയെന്നുള്ള ലാളിത്യപ്പേരിലേററവും
കാളിയെന്നുള്ളപേരപ്പോൾ മേളിച്ചിതുഭവാനിയിൽ. ൮൯
ആടയുംമൂത്തിയുംകണ്ടാലാടലുണ്ടായിടുംവിധം
വേടനായകയൊപ്പിഞ്ഞായ് പേടമാന്മിഴിപാവ്വതി. ൯൦
കരാളദംഷ്ട്രാപിംഗാക്ഷം കിരാതാകാരമാൻടൻ
ചരാചരജഗദ്രക്ഷാപരാത്മാക്കൾവിളങ്ങിനാർ. ൯൧
ധൃതാനന്ദംസൃഷ്ടിസ്ഥിതിലയകരന്മാർത്രിജഗതീ
പിതാക്കന്മാരമ്മാതിരിമൃഗയുതന്മാനിനികളായ് ൯൨

ഭൂതാശ്ചൎയ്യംഭൂതപ്രഥമഗണവുംതത്രവിഭൂതൻ
ഹിതാൎത്ഥംനായാട്ടിന്നുചിതവടിവായ് തീൎന്നുതരസാ. ൯൩

കാലദ്വേഷികിരാതവീരതനുവായ്
കാട്ടാളയോഷിത്തുതൻ
കോലംപൂണ്ടുഭവാനി, ഭൂതഗണവും
നായാടിവൎഗ്ഗങ്ങളായ്
ലീലയ്ക്കിങ്ങനെലോകനായകനൊരു-
ങ്ങിത്താൻപുറപ്പെട്ടത-
കാലംകണ്ടുപുകഴ്ത്തിനാർ പുകളിതാം-
ഗന്മാർ പുലസ്ത്യാദികൾ. ൯൪

നാലാംസൎഗ്ഗം സമാപ്തം.

# അഞ്ചാം സൎഗ്ഗം.

മിന്നിടുംമഹിതകീൎത്തിനിലാവി-
മന്നിടത്തിൽനെടുനീളെനിരത്തി
മുന്നിലെത്തിയൊരുനാൾസ്വസഭാഗ്ര്യം
തന്നിൽവാണിതുസുയോധനമന്നൻ. ൧

വൎണ്ണനീയബലശാലിവദാന്യൻ
കൎണ്ണനിഷ്ടസഖനാനൃപനോടായ്
കൎണ്ണസീമ്നിചിലതോതിനിഗൂഢം
സ്വൎണ്ണപീഠതലമേറിവസിച്ചു. ൨

ശൌൎയ്യശാലി ധൃതരാഷ്ട്രസുതേഷ്ടം
കാൎയ്യമെന്നുകരളിൽകരുതിത്താൻ
ആൎയ്യശീലരവിടെക്കൃപഭീഷ്മാ-
ചാൎയ്യമുഖ്യരുമടുത്തുവസിച്ചാർ. ൩

വൻചതിപ്പണിവശംപിശുനത്വം
നെഞ്ചകത്തിലിടതിങ്ങിയധൂൎത്തൻ
വഞ്ചകൻശകുനിതാടിതലോടി-
ത്തഞ്ചമോടുസഭയിൽസ്വയമെത്തി. ൪

ശാസനയ്ക്കനുസരിച്ചഥദുദ്ധ-
ശ്ശാസനാദിസഹജാതരശേഷം
ഭാസമാനമണിപീഠതലംഭ്ര-
വാസവാനുമതിയോടുമണഞ്ഞു. ൨

ഉന്നതാസനതലത്തിൽവസിക്കും
പന്നഗദ്ധ്വജമഹീശനെനോക്കി
ഛന്നചാരിയൊരുച്ചാരനണഞ്ഞ-
ച്ഛിന്നഭക്തിയൊടുകൂപ്പിയുരച്ചു. ൩

"രാജരാജസമ! രാജിതശോഭാ-
രാജദുത്തമയശർഛവിയാലെ
ഭോ! ജഗൽപ്രഥിത! പാരുവെളുപ്പി-
ച്ചോജസാഢ്യവിഭവാൻവിലസുന്നു. ൪

കല്പഭൂമിരുഹകല്പ! ഭവാൻതൻ
കല്പനയ്ക്കനുസരിച്ചടിയങ്ങൾ
സർപ്പകേതന! സമസ്തധരിത്രീ-
സർപ്പണംപണിപെടാതെനടത്തി. ൫

കൌരവാംബുധിസുധാകര! ധാത്രീ-
കൈരവത്തിലുരുകീർത്തിനിലാവാൽ
പാരമുൾത്തെളിവുചേർന്നുലസിക്കും
വീര! നിൻമഹിമയെങ്ങുമഭംഗം ൬

താവകംമഹിതമാമപദാനം
സേവതെല്ലുമിവരോതുകയില്ല
കേവലംശുകഖനാദികൾകൂടി
ബഭ്രുവലാന്തക! പുകൾത്തിവരുന്നു. ൭

വിശ്വമാനവസമൂഹവുമപ്പോൾ
വിശ്വവിശ്രുതഭഗവൽഗുണജാലം
വിശ്വസിച്ചുവിവരിപ്പതുകൊണ്ടീ-
വിശ്വമൊക്കെയൊരുപോലെമുഴങ്ങി ൮

അത്രയല്ലബലശാലിഭവാനോ-
ടത്രവല്ലഭതവിട്ടജനങ്ങൾ
അത്രപം പുരധനാദിവെടിഞ്ഞി-
ട്ടൽത്രസിച്ചടവിയിൽകുടിപാൎപ്പായ് ൧൨

ഉൎവ്വരാവര! ഭവൽഭുജവീൎയ്യം
സൎവ്വരാലുമഭിനന്ദിതമത്രെ
പൎവ്വരാജസമ! ഭീതിയൊടുംനിർ-
ഗൎവ്വരായ്ഖലകുലങ്ങൾകുലുങ്ങി. ൧൩

വീരഷഡ്രഥസഹായമെഴുംനിൻ-
പേരമിത്രമദമർദ്ദനമന്ത്രം
സ്വൈരമേതവനു മാശ്രിതരക്ഷാ-
ഭാരമാൎന്നൊരുഭവാനുവിധേയൻ. ൧൪

മന്നവേശ! ഭവദാജ്ഞയെയോൎത്തീ-
മന്നശേഷമടിയങ്ങൾ നടന്നു
ഉന്നതംതവയശസ്സുശരത്ത
ഛന്നശോഭയൊടുമെങ്ങുമുദിപ്പൂ. ൧൫

കേട്ടുയന്റ, ബലശാലിഭവാന്മാ-
രോടുമത്സരികൾ പാണ്ഡുസുതന്മാർ
നാടുവിട്ടനളിനാക്ഷിയൊടൊപ്പം
കാടുകേറിയതുമാരറിയാത്തോൻ. ൧൬

ദേവനായകർപിതാക്കളെ, സുഹൃത്താ
ശ്രീവരൻസ്വയമതിപ്രബലന്മാർ
ഭൂവലാർദ്ദന! ഭവൽപ്രതിഘത്താൽ
ഹാവലിച്ചിലവരാൎന്നലയുന്നു. ൧൭

പ്രേതനാഥതനയാദികളിപ്പോൾ
ദ്വൈതകാനനത്തിലശങ്കം
പ്രീതരായിമരുവുന്നുധരാഭൃ
ദ്വാതമൌലിവിലസന്മണിമുത്തേ. ൧൮

പോരിനുള്ള വഴികാട്ടിലിരുന്നും
പേരിയന്നവർനിനച്ചുവരുന്നു
പാരിനീശ! പുരുവിക്രമിയാംന്നിൻ
പേരിലുള്ള ഭയമുല്ലൂടമത്രേ. ൧൯

വീര്യവാരിനിധിയർജ്ജുനനിപ്പോ-
ളാര്യശാസനയിലീശപദാബ്ജം
സ്ഥൈര്യവായ്പൊടുഭജിച്ചുവരുന്നു-
ണ്ടാര്യശീല! തുഹിനാചലഭൂവിൽ. ൨൦

ശർവ്വദേവനൊടുപാശുപതാസ്ത്രം
ശർവ്വരീകുലഹീര! ലഭിപ്പാൻ
സർവ്വഥാഫലദമാംതപമുഗ്രം
സവ്യസാചിനിറവേററിവരുന്നു. ൨൧

ദർപ്പകാരിവരമേററവിശേഷാൽ
ദർപ്പശാലിവിജയൻജയകാംക്ഷി
സർപ്പകേതന! രണത്തിനടുത്താൽ
സാല്പമല്ലലവിടക്കമുദിക്കും ൨൨

അഷ്ടമൂർത്തിഭജനത്തിനെഴും ത-
ന്നിഷ്ടയോനിയതനിഷ്ഠുരമെന്നായ്
വിഷ്ടപാധിപ! വിഭോ! പരമാത്ഥം
ധൃഷ്ടരാമിവർതിരക്കിയറിഞ്ഞു. ൨൩

പാർത്ഥലേശര! പൃഥാതനയൻതൻ
വാർത്തഞങ്ങൾതിരുമുമ്പിലുണർത്തി
ചീർത്തമുത്തൊടിനിവേണ്ടതശേഷം
പാർത്തറിഞ്ഞയി! നടത്തുക "ധീമൻ" ൨൪

ഈവിധം ചതുരനാകിയ ചാരൻ
ഭൂവിനീശനൊടുരച്ചുതിരിച്ചു:
ഭീവികാരഭരമാന്നുടനപ്പോ-
ളാവിദഗ്ദ്ധസഭയൊന്നു നടുങ്ങി, ൨൫

അത്രകിംപ്രതിവിധാനമിതെന്നായ്
വിത്രസിച്ചുമരുവുംനൃപനോടായ്
മിത്രഭാവമൊടടുത്തുവസിക്കും
മിത്രസൂനുചിലതിങ്ങനെചൊല്ലി. ൨൬

"സ്വാന്തമാളിവനമിത്രകുലത്തി-
ന്നന്തമേകുവതിനേകവിദഗ്ദ്ധൻ
സന്തതംതവഹിതത്തിനുനില്ലേ
ചിന്തയെന്തിനയി! പന്നഗകേതോ? ൨൭

പോരുചെയ്യരിയപാർത്ഥരെവെൽവാൻ
പോരുമെൻകരകനിഷ്ഠികമാത്രം
പാരടച്ചുപുനരൊന്നുചമപ്പാൻ
പേരുകേട്ടവനിവൻമതിയാകും ൨൮

കർണ്ണനാകുമിവൻനാട്ടരങ്ങത്തിൽ
കർണ്ണനിഷ്ഠനയിഫൽഗുനനേററാൽ
വർണ്ണനീയഗുണ! തൽപിതൃനാടാം
വിണ്ണണഞ്ഞുടനവൻവിഹരിക്കും. ൨൯

കാലപൃഷ്ഠകടുകാർമ്മുകമോടി-
ക്കാലമാജിപടുഞ്ഞാനടർചെയ്താൽ
കാലനുംകലഹഭൂമിയിൽനിന്നും
കാലകററിയഴലേററതിരിക്കും. ൩൦

പാകവൈരിതനയൻെറമദത്തെ-
പാകമാക്കുവതിനായ്മതിയീഞാൻ
നാകവാസികളുമെന്നൊടെതിർപ്പാ-
നാകയില്ലപുനരെന്തുപരന്മാർ. ൩൧

ഭീമബാഹുബലശാലിഭവാനും
ഭീമസേനനുമടുത്തടർ ചെയ്താൽ
ഹേമഹീശ! തടിയൻപൊടിയാകും
ഹേമശൈലസമമോസികതാദ്രി ൩൨

കണ്ടകാകനികരം കാട്ടിൽനടന്നാ-
കണ്ഠമാകവെയശിച്ചുതടിച്ചോൻ
കണ്ടകശ്ശുനിവൃകോദരനോ ചൊ-
ല്ലൊണ്ടവിക്രമിഭവാനോടെതിൎപ്പാൻ. ൩൩

മദ്രകന്യയിലുദിച്ചസുതന്മാ-
രുദ്രസത്തൊടുമെതിൎക്കിലുടൻഞാൻ
ഭദ്രമിന്നയിഭവാനെവരുത്തി
ബ് ഭദ്രമിട്ടിടുമവൎക്കുമതക്കം ൩൪

ധൎമ്മസൂനുവിനുനാട്ടിലിരിപ്പാൻ
കൎമ്മമില്ലവനമേഗതി;മേലും
നിൎമ്മദംതപമവൻതുടരട്ടേ-
ധൎമ്മമിങ്ങുമയി! ചിന്തകൾപോട്ടെ. ൩൫

ഭ്രുതിമാൻപടുസുയോധനനോടായ്
ഭീതിവിട്ടിവനിവണ്ണമുരയ്ക്കെ
നീതിയോടുവിദുരൻമൃദുവായി-
പ്രാതികൂല്യനിലയിൽപ്രവദിച്ചു. ൩൬

"കൎണ്ണദമ്മൊഴിസുയോധന! യുഷ്മൽ-
കൎണ്ണതുഷ്ടികരമെങ്കിലുമിപ്പോൾ
നിൎണ്ണയം കുരുനൃപാന്വയഗംഭീ-
രാൎണ്ണവത്തിനു ഘടോത്ഭവനത്രെ. ൩൭

പഞ്ചപാണ്ഡവശിഖിപ്രകരം താ-
ദാഞ്ചനേന്ധനവിവൎദ്ധിതമായി
തഞ്ചമററകുരുവംശവനത്തിൽ
സഞ്ചയംസപദി ചുട്ടുപൊടിക്കും. ൩൮

ധൎമ്മമററകിതവപ്പണിയാലേ
ധൎമ്മജാദ്യരലയുന്നുവനത്തിൽ
ദുൎമ്മദംതടവിടുന്നഭവാനും
ശൎമ്മമററുപലതേററുമുടിക്കും. ൩൯

പല്ലവാംഗിസതി.പാർഷതിവൻകാ-
ടല്ലലോടുമണയുന്നതുമേതും
നല്ലതല്ലനൃപതേ!കൃപതേടു-
ന്നില്ലയോപരമതുംഹിതമെന്നോ. ൪൦

അച്ഛനല്ല സഹജൻെറസുതന്മാ-
രച്ഛകീർത്തികൾവനത്തിൽവസിച്ചാൽ
സ്വച്ഛമായശശിവംശവുമേററം
തുച്ഛമാകുമതുനീയറിയുന്നോ. ൪൧

ശ്രേഷ്ഠഭൂഭരവിചക്ഷണനാകും
ജ്യേഷ്ഠനൊത്തയിതവാവരജന്മാർ
കാഷ്ഠകണ്ടകകുലങ്ങളിൽവാണാൽ
പ്രേഷ്ഠഭാവമിവിടേക്കുളവാമോ. ൪൨

ധർമ്മശീലരളവററുപുകഴ്ത്തും
നമ്മനന്ദനനമന്ദഗുണാഢ്യൻ
ധർമ്മദാരയുതനാർത്തികലന്നാൽ
ദുർമ്മദോദ്ധത! നിനക്കതുനന്നോ? ൪൩

സത്യസംഗരരുദാരബലന്മാ-
രത്യമർഷമൊടുപാർത്ഥരെതിർത്താൽ
കൃത്യമൂഢരിഹകർണ്ണമുഖന്മാർ
സത്യമാജിമദമപ്പൊളകററും. ൪൪

പാർത്ഥരോടുപടവെട്ടിയെതിർപ്പാൻ
പാർത്തലത്തിലൊരുവീരനെയും ഞാൻ
പാർത്തതില്ലകലഹത്തിനുകർണ്ണാ
പാർത്ഥവാക്കുകൾഫലപ്പെടുകില്ല. ൪൫

വീരപാർത്ഥഭുജഗങ്ങൾവമിക്കും
ഘോരരോഷവിഷദാവഹുതാശൻ
സ്വൈരമിക്കുരുകുലാടവിപാടേ-
ചാരമാക്കുമതിനില്ലവിതർക്കം. ൪൬

മാരിപോലെശരപാളികൾതൂകി-
പ്പാരിലൊക്കെവിളികൊണ്ടൊരുപാൎത്ഥൻ
പോരിനായ് പരുഷമോടുമണഞ്ഞാൽ
സൌരിമുഖ്യരുടെമുഷ്കുശമിക്കും. ൪൭

കാട്ടിലബ്ബലികളെക്കളവേററം
കാട്ടിനിങ്ങൾനിരസിച്ചതുപാൎത്ഥാൽ
പാട്ടിലുള്ളൊരസിയെസ്വശിരസ്സിൻ
ചോട്ടിൽവച്ചുടനുറങ്ങുകതന്നെ. ൪൮

ദ്യൂതകൈതവകലാകുശലത്വം
സ്ഫീതമാകിലുമഹോസമരത്തിൽ
ഭീതരായ് സപദിനിങ്ങളടങ്ങും
പൂതശീലരിൽമടക്കമുദിക്കാ. ൪൯

സവ്യസാചിനിജസേവയിൽവാമാ-
സവ്യമൂൎത്തിയെവശത്തിൽവരുത്തി
ദിവ്യപാശുപതമാംമഹിതാസ്ത്രം
ഭവ്യവാരിധിരസത്തൊടുവാങ്ങും. ൫൦

ഈശനോടുവരമാശുവരിച്ചാ-
ക്ലേശമററവിജയൻജയശീലൻ
കാശകീൎത്തിസമരത്തിനണഞ്ഞാൽ
കൌശലത്തിൽവിജയംവരുമെന്നോ? ൫൧

കുന്തിതൻതനയരോടുവിരോധം
പന്തിയല്ലനൃപത ! നിരുപിച്ചാൽ
എന്തിനിങ്ങനെഹൃദന്തമഹോ ദു-
ശ്ചിന്തിതാൎത്തിഹതമാക്കുവതിപ്പോൾ? ൫൨

വൈകിടാതെപടുപാണ്ഡുസുതന്മാർ-
ക്കേകിയൎദ്ധമഹിയുദ്ധതബുദ്ധേ
ലൌകികത്തൊടിഹവാഴ്കഭവാനെ-
ന്നാകിലേശുഭമഭംഗമുദിക്കൂ." ൫൩

ഇത്തരം വിധുരവാങ്മയമാധ്വീ-
സത്തശിച്ചരിയഭീഷ്മമുഖന്മാർ-
ചിത്തസമ്മദമിയന്നു, തദാർദ്ര-
വൃത്തനാം നൃപതിയൊന്നുവിയർത്തു. ൪൪

ഹാസമോടുമഥ ചാടിയുടൻ ദു-
ശ്ശാസ്സനൻസഭയിലൊന്നു ചവുട്ടി
ശ്വാസവേഗവിവൃതാക്ഷരമബ്ഭ്രം-
വാസവാഗ്രിമനോടേവമുരച്ചു. ൪൫

"എന്തബദ്ധമിവരോടുവൃഥാസം-
ബന്ധഭാഷണമിവൻതുടരുന്നു?
ഹന്ത! ഹന്ത! കുരുഭൂവരരെല്ലാ-
മന്ധരെന്നുവിദുരൻകരുതുന്നോ? ൪൬

പോരുചെയ്യുമരിപാർത്ഥനിവണ്ണം
ഗീരുകേട്ടിവരടങ്ങണമെന്നോ?
പൌരുഷംചെറുതുചേർന്നവരോടി-
ബ്ഭീരുഭീഷണിയിണങ്ങുകയില്ല. ൪൭

ധാടിവിട്ടുഗതികെട്ടുതപസ്സായ്
ക്കൂടിടുംകുമതിപാർത്ഥനിലിത്ഥം
പേടിയിക്കുരുകുലാധിപരാന്നാൽ
കേടിതില്പര മുദിപ്പതിനുണ്ടോ? ൪൮

പൂജ്യരല്ലരികൾ പാർത്ഥരവർക്കായ്
രാജ്യമർദ്ധമിവർനൽകയുമില്ല
പ്രാജ്യകീർത്തിനൃപനഗ്രജനഗ്ര്യൻ
ത്യാജ്യദുർമ്മൊഴികൾകേൾപ്പതുമോശം. ൪൯

കോട്ടമററരികളെസ്തുതിചെയ്തി-
ക്കൂട്ടരേ ബഹുദുഷിപ്പതിനിപ്പോൾ
നീട്ടയച്ചിവനെയാരുവിളിച്ചോ?
ഒപ്പോട്ടെകാട്ടിലിവനും ഹിതമെങ്കിൽ, ൫൦

അംഗ ! ഭോ ! നൃവര ! പാൎത്ഥരൊടിപ്പോൾ
സംഗരത്തിനുപുറപ്പെട്ടകല്ലേ?
മങ്ങലെന്തിനു? ഭുജാഗ്രബലത്താൽ
മംഗലം ഭുവി ഭവാനനുഭവിക്കും. ൬൧

ഇത്തരം കുസൃതിമൂത്തസഗൎഭ്യൻ
മത്തനാംനൃപനെനോക്കിയുരച്ചു,
മുക്തശങ്കമുടനേസമരംതാൻ
യുക്തമെന്നുരവിസൂനുവുമോതി. ൬൨

സൂത്രശാലിമമരാതുലനിന്നീ-
മാത്രയിൽസഹിതമോതണമെന്നായ്
നേത്രസംജ്ഞയിലറിഞ്ഞുനൃപേഷ്ടം
ധൂൎത്തനശ്ശകുനിമൌനമകററി. ൬൩

"ചൂതിൽവച്ചരികൾപാൎത്ഥർമടങ്ങി-
ബ്ഭ്രൂതിവിട്ടുശപഥംനിറവേററാൻ
ഭീതിയററവനമാന്നമരുമ്പോൾ
നീതിയല്ലസമരംതവരാജൻ. ൬൪

സ്ഥാനഹീനർവനവാസികളാമ-
ദ്ദീനരോടുസമരത്തിന്നണഞ്ഞാൽ
മാനശാലിഭവദുത്തമകീൎത്തി-
ക്കൂനമായിവരുമെന്നറിയേണം. ൬൫

പാൎത്ഥരിൽപ്രഥിതവിക്രമിപാൎത്ഥൻ
മാത്രമാണൊരുവനിന്നഭിശങ്ക്യൻ
ധൂൎത്തനാമവനുമാപതിസേവാ-
പാത്രമാകിലതുദുൎഘടമേററം. ൬൬

വല്ലപാടുമവനേക്കൊലചെയ്താ-
ലല്ലൽതീൎന്നുഭയമെന്തിനുപിന്നെ?
നല്ലപോലെയതിനിന്നൊരുപായം
ചൊല്ലിടാംനൃവര ! ഞാനുരചെയ്യാം. ൬൭

സ്വസ്ഥനായ് തപമിയന്നൊരുവാന-
പ്രസ്ഥനേസ്വയമണഞ്ഞുവധിച്ചാൽ
അസ്തശങ്കമയി! കീർത്തികലാവാ-
നസ്തമിക്കമതുമോക്ഷണമല്ലോ. ൮

പന്നിതന്റെ വടിവായ് വിപിനത്തിൽ-
ച്ചെന്നിരുന്നുതരമമ്പൊടുനോക്കി
മുന്നിലെത്തിയവനേക്കൊലചെയ്താൽ
നന്നിതിൽ കുറവുമിങ്ങുവരില്ല. ൯

പോകണം പരമതിന്നിഹമായാ-
പാകഭേദമറിയും പടുവീരൻ
മൂകനാമസുരനായകനായാ-
ലാകവേകുശലമെന്നുമുരയ്ക്കാം?" ൧൦

കിമപികലഹശീലൻകൈതവക്കാതലാമ-
ക്കമതിശകുനിയിത്ഥംശങ്കവിട്ടോതിടുമ്പോൾ [ന്ദ്രൻ
സ്വമതിയിലിതുനന്നെന്നോർത്തുപോയ് കൌരവേ-
ക്രമരഹിതവചസ്സദുഷ്ടരിൽശ്രേഷ്ഠമാവൂ. ൧൧

അക്കാര്യംതന്നെനന്നെന്നഖിലരുമൊരുമി-
ച്ചന്നുതീർച്ചപ്പെടുത്തി-
ദ്ധിക്കാരംപൂണ്ടദുര്യോധനനൃപവൃഷഭൻ
മൂകനേത്തൽക്ഷണത്തിൽ
സൽക്കാരംചെയ്തുപാർത്ഥാഹതികരുതിയയ-
ച്ചീടിനാൻകാട്ടിലേക്കായ്
ഏൽക്കാമം സാധുസാധിപ്പതിനുസുധികളും
കൈതവത്തേശ്രയിക്കും.

അഞ്ചാംസർഗ്ഗം സമാപ്തം.

# ആറാം സർഗ്ഗം.

കാട്ടാന, പോത്തു, കടുവാ, കിടി: ശാന്തഭാവം-
കാട്ടാത്ത ഘോരഭുജഗങ്ങളുമൊത്ത കാട്ടിൽ
കാട്ടാളവീരവടിവായ് നിടിലാക്ഷദേവൻ
കൂട്ടാളിമാരുമൊരുമിച്ചു കടന്നുകൂടി. ൧

ലീലാകിരാതവരഭീഷണവേഷമാർന്ന-
ക്കാലാരി കാടഖിലമൊപ്പമടിച്ചിളക്കി
കൈലാസവാസി നിഖിലപ്രമഥൗഘവും തൽ-
ക്കാലാനുരൂപമതിതുഷ്ടിയിൽ വേട്ടയാടി. ൨

ഘോരാടവീതടമിടിച്ചുപൊളിക്കുമുൽക്ക-
ഷ്ടാരാവമമ്പ് ഭടർവിടും പടുസിംഹനാദം
മാരാരിതന്റെ ചെറുഞാണൊലിയെന്നിതെല്ലാ-
മാരാൽക്കലർന്നു ജഗദണ്ഡവുമൊന്നിളക്കി. ൩

ഘോരം യുഗാന്തമതിൽ വേണ്ടിവരും ജഗൽസം-
ഹാരം ഹരൻ പരിചയിപ്പതിനെന്നപോലെ
വീരൻ കിരാതവടിവായ് മൃഗയാച്ഛലത്താൽ
പാരം ചൊടിച്ചു വനജീവികുലം മുടിച്ചു. ൪

പഞ്ചാസ്യവൈരിപരനിൽ പരമാത്മനാമ-
മഞ്ചാതെ ചേരുവതിലേററവുമീർഷ്യകൊണ്ടോ
വൻചാപവിച്യുതശരപ്രകരങ്ങളാല-
പ്പഞ്ചാസ്യരിൽ സപദി പഞ്ചത ചേർത്തിതപ്പോൾ. ൫

മുന്നം മതംഗജകുലോത്തമമൂർത്തിയായ്ത്താ-
നെന്നെങ്കിലും കരുണ ഹൃത്തിലിയന്നിടാതെ
അന്നം ഗജാരി കരിപുംഗവമസ്തകങ്ങൾ
ഭിന്നങ്ങളാക്കി വിശിഖങ്ങൾ വിശിഷ്യ തൂകി. ൬

ഹേമാദ്രിചാപനപശങ്കമരണ്യജീവി-
സ്തോമാഭിഘാതവിഹൃതിക്കു തുനിഞ്ഞ നേരം
സാമാന്യമല്ലയമരാട്ടിനെഴും സദസ്സിൽ
സാമാജികർക്കു കലഹം സഫലഹാനിമൂലം. ൭

മുമ്പിൽപതിക്കിലവർതൻതലതച്ചുടയ്ക്കും
വമ്പിച്ചചെമ്പുലികൾപാഞ്ഞുവരുന്നനേരം
തുമ്പിക്കരങ്ങളെമടക്കിയിടിച്ചിടുന്ന
കുംഭിപ്രവീരരവിടെപ്പ്രണദിച്ചിതുച്ചം. ൮

ഘോരാരവത്തൊടുമദിച്ചവരും മഹേഭ-
വീരാഗ്ര്യനോടപരഹസ്തികയർത്തെതിർത്തു
ധാരാളമസ്സമരസംഭ്രമസംഭൃതാസൃ-
ഗ്ധാരാംബുതൻമദജലത്തിനുശാന്തിനൽകി. ൯

ദീപിച്ചചെങ്കനലുപോലരുണാക്ഷിരൂക്ഷം
ദ്വീപിപ്രവീരനപസാധ്വസമൊന്നുരുട്ടി
കോപിഷ്ഠനായ്വിപിനസീമനികാൺകിലാരും
വേപിക്കുമാറധികമുദ്ധതനായ് ചരിച്ചു. ൧൦

ചാടിക്കുതിച്ചുവിടപങ്ങളിലങ്ങുമിങ്ങും
പേടിച്ചിടാതെപലമർക്കടമുഷ്കരന്മാർ
കാടിന്നകത്തധികമുഷ്ക്കോടണഞ്ഞുവേട്ട-
യാടിക്കളിപ്പവരിലും വിരുതൊട്ടുകാട്ടി. ൧൧

ചെന്നായ്ക്കളുൾക്കടമദംഹരിണവ്രജത്തെ
ചെന്നാക്രമിച്ചുടൽപിടിച്ചുകടിച്ചുകീറി
നന്നായ് കടുംനിണമണിഞ്ഞുനൃസിംഹരൂപ-
മന്നാർക്കുമോർമ്മവരുമാറവരുല്ലസിച്ചു. ൧൨

ഹുങ്കാരവായ്പൊടുവിഷാണവിഘട്ടനത്താൽ
വൻകാട്ടുപോത്തുവിടപിപ്രകരത്തെവീഴ്ത്തി
ലങ്കാപുരോപവനഭഞ്ജനമാഞ്ജനേയൻ
ശങ്കാവിഹീനമഥചെയ്തതുചൊല്ലിയാടി. ൧൩

പാലാഴിതൻമഥനഃവേളയിലുത്ഭവിച്ച-
ഹാലാഹലത്തിനുടെതീക്ഷ്ണതയെപ്പുതുക്കാൻ
ലീലാകിരാതനുടെവേട്ടയിലുദ്ഗമിച്ച
കാലാനലോഗ്രഗരളങ്ങളഹീശ്വരന്മാർ ൧൪

"ഏകാഹിതൻവിഷമശിച്ചതുകൊണ്ടതൃപ്തി-
യാകാതെപോകിലസമാക്ഷനുവേണ്ടുവോളം
ഏകാം" ഭുജംഗപരിഷത്തുകളിത്ഥമോർത്തു
ശോകാവഹംഗരളപാളിവമിച്ചിതപ്പോൾ ൧൫

വാതാധികത്വരയൊടൊത്തുഭയന്നുപായും
വാതായപാളികളിൽനോട്ടമുറച്ചിടാതെ
ജാതാദരംപെരിയചാപമെടുത്തുവേട-
രാതാമ്രദൃഷ്ടികൾവൃഥൈവമിഴിച്ചുനിന്നാർ. ൧൬

തൻപാടവംതടവകന്നുവെളിക്കുകാട്ടി-
വൻപാളുമുഗ്രതയൊടഗ്രഗരേത്തുരത്തി
അമ്പോ! മദിച്ചവരുമുന്നതകുഞ്ജരത്തെ-
യമ്പാൽതടുക്കുമൊരുവേടർവിരണ്ടുപോയി. ൧൭

തട്ടിത്തടഞ്ഞിടയിലത്തരുപാളിയേബ്ഭ്ര-
തട്ടിൽത്തരത്തൊടുമറിച്ചുമരച്ചുവട്ടിൽ
കെട്ടിക്കിടപ്പവരെയന്തകനുള്ളനാല്പ-
കെട്ടിൽക്കടത്തുമിദരാട്ടുകൾ ധൃഷ്ടരല്ലോ. ൧൮

ശ്ശൂലംതറച്ചുടൽപൊളിഞ്ഞൊരുശ്ശൂരനാംശാ-
ർദ്ദൂലംഭടക്കിടയിൽവീണുവിടാതെവീണ്ടും
നാലംഘ്രിയുംനഖമുഖങ്ങളുമിട്ടടിച്ചാൻ
ശീലംനിജംമൃതിവരെയ്ക്കുമിരിയ്ക്കുമാർക്കും. ൧൯

വില്ലുംകുലച്ചു ചിലവീരർവലിച്ചുമൌർവ്വി-
യെല്ലുംനുറുക്കിവിടുമുല്ലുടശസ്ത്രസംഘം
പല്ലുംകടിച്ചുപരമാഞ്ഞുവിടുന്നതേററു-
ചെല്ലുന്നജീവിതതിയാൽയമനുംകുഴങ്ങി. ൨൦

വെട്ടുന്നപോത്തിനെയടുത്തൊരുവീരനീക്ഷി-
ച്ചിട്ടുംകുലുക്കമിയലാതെകഠാരിയാലെ
തട്ടുംതലയ്ക്കുപരികുത്തിയിറക്കിയൊച്ച-
പ്പെട്ടുള്ളകാലമഹിഷത്തിനുകൂട്ടിനാക്കി. ൨൧

വായുംപൊളിച്ചുവിരുതോടുഭടക്കുനേരെ-
പ്പായുംതരക്ഷുവരനുള്ളൊരുവക്ത്രരന്ധ്രം
ആയുഃപ്രണാശകരമാംശരപാളിവെപ്പാ-
നായുള്ളതൂണിവിധമാശുഗപൂർണ്ണമായി. ൨൨

നായാടിവീരർവനജീവികൾ തന്റെമാർഗ്ഗ-
മായാസലേശമിയലാതെ ശരങ്ങളാലെ
വ്യായാമശീലർ വലുതായൊരു വേലികെട്ടി-
പ്പേയാന്നിടുന്നകുണപങ്ങളുമങ്ങുകൂട്ടി. ൨൩

തത്വംനിനയ്ക്കിലഖിലേശ്വരലീലദൃഷ്ട
സത്വങ്ങൾതൻപ്രശമനത്തിനുവേണ്ടിയല്ലോ
ക്രത്വഗ്ര്യഭോജികൾതദാവധമന്നുവേദ-
സത്വാന്വരൂപനുടെകേളികൾ കണ്ടുവാഴ്ത്തി. ൨൪

കാലാരികൂട്ടരൊടുമൊത്തുകിരാതനായ്ത്തൽ-
ക്കാലാന്തരൂപമൃഗയാവിഹൃതിച്ഛലത്താൽ
ഖേലാന്നഭക്തിയൊടുജിഷ്ണുഭജിച്ചുവാഴും
ശൈലാടവീനികടഭുവിലണഞ്ഞുമന്ദം. ൨൫

അക്കാലമുള്ളൂടകിടിത്തടിയന്റെവേഷ-
മക്കാലപാശവശനാകിയ മൂകദൈത്യൻ
ധിക്കാരവായ്പൊടുമെടുത്തുകിരീടിവാഴ-
മക്കാട്ടിലുദ്ധതനശങ്കമഹങ്കരിച്ചു ൨൬

പോത്രീശ്വരന്റെവടിവായ് ദനുജാരിമുന്നം
ധാത്രീതലോദ്ധരണരക്ഷനടത്തിയെന്നായ്
ഓർത്തീശവൈരിദനുജൻകിടിരൂപിയായ്ത്ത-
ദ്ധാത്രീവിദാരണമുടൻസ്ഫുടമാചരിച്ചു. ൨൭

ഏറ്റംതടിച്ചു തനുവാണ്ടകരുത്തപന്നി-
ക്കൂറ്റൻകടന്നടവിയിൽകലഹിച്ചെതിർക്കെ
കാറ്റത്തുപായുമതിശുഷ്കതൃണങ്ങൾപോലെ
തോറ്റമ്പരന്നപരജീവികൾ പാഞ്ഞുപോയി. ൨൮

മത്തൻമതിച്ചരിയതേററകൾകൊണ്ടു കുത്തി
മുത്തങ്ങപോലെതരുപാളിതുരന്നുവീഴ്ത്തി
അത്തവ്വിലന്ന്യവനജീവിമൃഗവ്രജത്തി-
ന്നുൾത്താട്ടമഗ്ഗഹനവും സമമുച്ചലിച്ചു. ൨൯

അംഭോധിമദ്ധ്യതലമാദിവരാഹമൂത്തി-
യമ്പോടിറങ്ങിവിഹരിച്ചു ചരിച്ചപോലെ
അംഭോധരോന്നതനദാരവനോദരത്തിൽ
വൻപോത്രിയാസ്ഥലഹകൌതുകിക്രുത്തടിച്ചു. ൩൦

"ലീലാകിരാതതനുപൂണ്ടിഹവേട്ടയാടും
കാലാരിദേവനൊടെതിപ്ത്തിനായ് മൃഗതാം
ഈലോകിലോന്നിടണ"മെന്നുനിനച്ചപോലെ-
ക്കോലാധിപാകൃതികലന്നിതു മൂകനന്നാൾ. ൩൧

കൂട്ടത്തിലെത്തിടുമരണ്യമൃഗത്തെയെല്ലാം
കോട്ടംവെടിഞ്ഞരിയഹുംകൃതികൊണ്ടകററി
വാട്ടംപെടാത്തപടുവാക്കിടിശങ്കരൻെറ
വേട്ടയ്ക്കുതാനുമൊരുധൃഷ്ടതക്കൂട്ടിവച്ചു. ൩൨

നായാടിവേഷമൊടുഭൂതഗണങ്ങൾവേട്ട-
യ്ക്കായാസമെന്നിയെ മുതിൻ്ന നടന്നകാട്ടിൽ
ഭീയാന്നിടാതെനിജനാശമടുത്തിരിക്കും
മായാവരാഹമതിസാഹസി പാഞ്ഞണഞ്ഞു. ൩൩

പാത്ഥാഹതിക്കുകരുതിപ്പൃഥുകായനാമ-
ദ്ധൂത്താഗ്രഗൻകുമതിസത്വരമെത്തിടുമ്പോൾ
ആത്താവനൈകനിരതൻഹരനപ്പിനാക-
മാത്താനുകമ്പനതിരോഷമൊടൊന്നിളക്കി. ൩൪

ആവിഗ്നരായ് മൃഗഗണങ്ങൾമഹോഗ്രരൂപ-
മാവിഷ്കരിച്ചുടനടുത്തൊരുപോത്രിതന്നിൽ
ആവില്ലരാംപ്രമഥവയ്യരുമിന്നെതിപ്പാ-
നാവില്ലയെന്നുസഭയംപതറിത്തുടങ്ങി. ൩൫

കുത്തിത്തകൎത്തുവിപിനത്തെമറിച്ചിളക്കി-
ഹൃത്തിൽകവിഞ്ഞമദമോടുമഹാവരാഹം
അത്തിഗ്മഭാനുസുതനാഞ്ഞുപിടിച്ചുതള്ളി-
യെത്തിച്ചിടുംപടികിരീടിസമീപമാൎന്നു. ൩൬

അമ്മാത്രയിൽ ത്രിജഗതീതരുകന്ദമാകും
ചിന്മാത്രനാംമദനമാഥിയെയിന്ദ്രപുത്രൻ
തന്മാനസത്തിൽനിലനിൎത്തിനിമീലിതാക്ഷൻ
നിൎമ്മായമുച്ചലനമെന്നിയെനിന്നിരുന്നു. ൩൭

“നന്നാണുതക്കമിവനേതപരിതംവധിക്കാ-
മെന്നാഞ്ഞുപായുമൊരുദുൎമ്മതമൂത്തദൈത്യൻ
ഒന്നാമതായ് ചെവിയിലാൎത്തുവിധംശിവജ്യാ-
സന്നാദമപ്പോഴതിലത്ഭുതമായ്ശ്രവിച്ചു. ൩൮

എട്ടാശകൾക്കമൊരുപോലെമുഴക്കമേൽക്കും
മട്ടാൎത്തുമാന്മഥവപുസ്സുകരിച്ചവീരൻ
തപ്പിട്ടാൎന്നിടുംവിശിഖമൊന്നുദൃഢംവലിച്ചു
വിട്ടാനുകിടിപ്രവരനിൽ പടുഃവടമൂൎത്തി. ൩൯

സത്രാശസേവ്യനുടെഞാണൊലികേട്ടഞെട്ടി-
സ്സുത്രാമനന്ദനനുമക്ഷിതുറന്നനേരം
അത്രാന്തരേസപദിസമ്മുഖമാഞ്ഞതിക്ക്
മത്രാസനാംപെരിയപന്നിയെയൊന്നുകണ്ടു. ൪൦

ആപത്തിതെൻവ്രതവിഭംഗമണച്ചുവെന്നായ്
കോപം കലൎന്നകുരുകഞ്ജരനക്ഷണത്തിൽ
ചാപംകുലച്ചുരികുലാൎത്തിദമാംശരത്തെ-
കാപട്യശാലികിടിമൂൎത്തിയിൽവച്ചുതാങ്ങി. ൪൧

മല്ലാസ്ത്രവൈരിയുടെസായകമോടുചേൎന്നു
വില്ലാളിവീരമണിപാൎത്ഥനയച്ചൊരമ്പും
ചൊല്ലാളുമുല്ക്കടതരോല്ക്കകൾപോലെയൊപ്പം
വല്ലാത്തൊരത്തടിയനാം കിടിയിൽപ്പതിച്ചു. ൪൨

മെത്തുന്നവേഗമൊടുരണ്ടുവശത്തുനിന്നു-
മെത്തുന്നഘോരവിശിഖങ്ങൾ തറയ്ക്കുമൂലം
ഉത്തുംഗശൈലവിപുലാകൃതിപോത്രിതൈക്ഷ്ണ്യ-
മൊത്തുള്ളകണ്ണുകൾതുറിച്ചുപതിച്ചുഭുവിൽ. ൪൩

കല്പാന്തകാലപവനോച്ചലിതാഭ്രനാദ-
കല്പാരവത്തോടുകുലാദ്രികളുംകുലുക്കി
അപ്പാവിതത്രതരുപാളികൾ തള്ളിവീഴ്ത്തി-
യപ്പാടുവീണുവിശിഖദ്വയഭിന്നകായൻ. ൪൪

ആകാരമോശിഖരി തുല്യമനങ്ങിടാനു-
മാകാതെയന്നചലസാദൃശിസാർത്ഥമായി
മൂകാസുരൻസപതിമൂകതയുംഗമിച്ചു
പാകാരിശാത്രവതമാത്രമകന്നിതപ്പോൾ. ൪൫

താനെയ്തപന്നിയിലുടൻശരമൊന്നുകൂടി-
ത്താനേതറച്ചുതധികാൽഭുതമോടുനോക്കി
സ്ഥാനേധനുസ്സോടുധനഞ്ജയനാന്നിടുമ്പോ-
ളാനേക്കൈതവകിരാതനുമപ്പൊളെത്തി. ൪൬

സ്ഥൂലാഞ്ജനാദ്രിയുടെശിഷ്യതപൂണ്ടകായം
സാലാന്തകാരിഭുജദണ്ഡമഖണ്ഡസാരം
ബാലാർക്കഭാസ്സടയകേശഭരങ്ങൾ,കാച-
മാലാകലാപമിവയൊത്തൊരുരൂപമുഗ്രം. ൪൭

ധാരാളമാഹതമൃഗവ്രജരക്തമീക്ഷി-
ച്ചാരാൽതദീയനിറമൊന്നു പകർന്നപോലെ
ഘോരാഭമാംനയനമുൽക്കടശോണമായി-
ദ്ധാരാധരോന്നതനിലനുലസിച്ചിരുന്നു. ൪൮

വമ്പുള്ളനീണ്ടൊരുകരങ്ങളിൽ നല്ലവില്ലു-
മമ്പുംധരിച്ചുചൊടിപൂണ്ടുകിരാതരാജൻ
സമ്പുഷ്ടമായ നിജസൈന്യമടിച്ചുകേറും
മുമ്പുഗ്രവിക്രമിധനഞ്ജയപാർശ്വമെത്തി. ൪൯

അവ്യാധനാഥനൊടുചേർന്നൊരുവേടനാരി-
സവ്യാംഗമെന്നതുകണക്കു ഗമിച്ചിരുന്നു
അവ്യാഹതേശ്വരതപൂണ്ടിടുമത്രിലോകീ
ഭവ്യാർത്ഥദായികളുമത്തരമൊത്തുചേർന്നു. ൭൦

സർവ്വാർത്ഥദാനസുരഭൂരുഹവല്ലിയാകും
ശർവ്വാണിയൊത്തു കരുണാവരുണാധിവാസൻ
നിർവ്വാണദായികുതുകാൽകുഹനാകിരാതൻ
നിർവ്വാദമെത്തിയഥപാർത്ഥനൊടിത്ഥമോതി. ൭൧

"കാചാമണിപ്രകരമോടിടചേർന്നപോലെ
വാചംയമാദിമുനികൾക്കിടയിൽകട്ടപ്പം
നീ ചഞ്ചലത്വമിയലാതെകടന്നിവണ്ണം
നീചപ്രവൃത്തിതുടരുന്നതു നീതിയാമോ? ൭൨

കാട്ടാളരാജനിവനിൽ ബഹുമാനമേതും
കാട്ടാതെമച്ഛരവിദാരിതനാംമൃഗത്തിൽ
കൂട്ടാക്കിടാതെശരമെയ്തതിനാലവന്റെ
കൂട്ടായിനീയുമണയും ശമനാലയത്തിൽ. ൭൩

മുട്ടാളനാകിയൊരുനിൻവ്രതനിഷ്ഠയെന്നും
മുട്ടാതെ ജീവിവധമിങ്ങനെചെയ്കയെന്നോ
ദുഷ്ടാശയ! സ്വയമിതിൻഫലമന്തകന്റെ
കൊട്ടാരമാർന്നിനിനിനക്കുമുടൻഭുജിക്കാം. ൭൪

പന്നിക്കിയന്നിടുമിറച്ചി ഭുജിച്ചിടാനാ-
ണിന്നിച്ഛയെങ്കിലതുവേണ്ടതു ഞങ്ങൾനൽകാം
മുന്നിട്ടുപാഞ്ഞിടുമരണ്യമൃഗത്തെയേവം
കൊന്നിട്ടിടേണ്ടകുഹനാം മുനിവേഷനാംനീ. ൭൫

ഹാ! കണ്ടകാകനികളിൽ കൊതിവിട്ടുകഷ്ട-
മാകന്റമാമംപിശിതത്തെയശിപ്പതിന്നോ
ആകണ്ടകദ്രുമവൃതാടവിയാന്റ ജീവി-
ല്ലോകംകുർവ്വത! കൊലചെയ്വതുനീനിഗൂഢം. ൭൬

ഹാഹന്ത! ജന്തുനിധനത്തിനുഹേതുത്തിലേറെ
മോഹംതഴയ്ക്കുമൊരുനിഷ്ഠുരദുഷ്ടബുദ്ധേ!
സ്നേഹംതരിമ്പുമിയലാതെസമസ്തസത്വ-
ദേഹംതകർപ്പതിനുതാൻ തവതാപസത്വം. ൧൭

നിയ്യാരുനിർഘൃണ! കിരാതവരിഷ്ഠരാകു-
മിയ്യാളുകൾക്കിടയിൽനിന്നിഹ നിന്ദ്യകർമ്മം
ചെയ്യാനുമെന്തിനുതുനിഞ്ഞിതുനമ്മോടേററു
കയ്യാങ്കളിക്കുമതിയിൽ കൊതിയെങ്കിലാട്ടേ. ൧൮

ദുഷ്ടൻവിലോളമുനിപോലിഹകണ്ണടച്ചു
ദ്ദിഷ്ടംലഭിപ്പതിനുതാപസമോടിക്കൂട്ടി
കഷ്ടംതരത്തിനപരാധതിചെയ്തിടുംനിൻ-
ചട്ടം വിശിഷ്ടമിതുചെമ്പുതെളിഞ്ഞുപോയി. ൧൯

അത്യാഹിതംതവഭവിച്ചിതു ജീവിതത്തി-
ലത്യാശയെങ്കിലുടനെ കുലവില്ലുമമ്പും
നിത്യാവലംബമിവനെന്നുനിനച്ചുതാനേ-
നത്യാനമദ്ധനനായ് മമകാഴ്ചവയ്ക്കു. ൨൦

ചാകാൻതുടങ്ങുമൊരുപന്നിയെലക്ഷ്യമാക്കി-
നീകാര്യമായ് വിശിഖമെയ്തതുതെററുതന്നെ
ശോകാന്തമേകുമൊരുമല്ലുദതാർവണങ്ങി-
പ്പോകാംഭയംമതി, യിതിൽതവമാപ്പുനൽകാം. ൨൧

സർവ്വാല്പജീവിവനജന്തുവിഹിംസചെയ്തു-
ഗർവ്വാഭിവേശമിയലും ഖലവൃത്തിയാംനീ
ദുർവ്വാശിപൂണ്ടുസമരത്തിനുനമ്മോടേററാൽ
സർവ്വാരഭാമിനിയൊരുത്തികൃതാർത്ഥയാകും. ൨൨

ഏവംകടുത്തമൊഴികൈതവവേടനാമ-
ദ്ദേവൻപിനാകിപകപൂണ്ടുപറഞ്ഞനേരം
ഭാവംപകർന്നുവിജയൻനിജവില്ലുപോലാ-
ഭ്രൂവല്ലിയും കടുരുഷാപരുഷംവളച്ചു. ൨൩

പാഞ്ചാലിതൻപുളകിതാംഗവുമപ്പൃഥുശ്രീ
പൂഞ്ചായയല്ലും തടവുമച്ചോടിപൂണ്ടകൈകൾ
വാഞ്ഛരാനനക്രൂലമടർചെയ്യതിനായ്ക്കുടഞ്ഞു
പാഞ്ചാസ്യവീൎയ്യനിധിപാൎത്ഥനരച്ചുധീരം. ൫൪

"ബുദ്ധിഭ്രമത്തൊടുകടന്നിഹവന്നനന്നായ്
ക്രുദ്ധിച്ചപാമ്പിനുടെപല്ലുകളെണ്ണിടാനായ്
വൎദ്ധിച്ചമോഹമൊടുനീശഠ! ജീവനാശ
സിദ്ധിക്കഹന്തതനിയേ തുനിയുന്നുവല്ലോ. ൫൫

കത്തിജ്വലിക്കുമൊരുപാവകനോടെതിൎപ്പാ-
നെത്തിപ്പതിപ്പൊരുപതംഗകുലത്തൊടൊപ്പം
ഹൃത്തിൽത്തിളപ്പൊടുശരാസനപാണിയായി
വൎത്തിക്കുമെന്നോടിഹനീയടരാടുമെന്നോ. ൫൬

കള്ളുംകുടിച്ചുകലഹിച്ചുവനത്തിലോരോ-
ഭള്ളുംപറഞ്ഞുവിചരിപ്പൊരുനിൻെറഹൃത്തിൽ
തള്ളുംമദസ്ഥിതിമദഗ്രശരങ്ങൾരണ്ടു-
കൊള്ളുമ്പൊളുദ്ധതമതേ! മതിയാക്കിടുംനീ. ൫൭

ആരെന്നു നീ യിവനെയോൎത്തിതുവേടമൂഢ!
നേരെന്തറിഞ്ഞു, ചപലക്കുവിവേകമുണ്ടോ ?
പാരെങ്ങുമേപുകൾപെരുത്തൊരുഫൽഗുനൻെറ
പേരെത്തിടാത്തചെവിശ്ചതനയററതത്രേ. ൫൮

നിൎമ്മായമേതുജനതയ്ക്കുമുദാരമോദ-
നിൎമ്മാണകൎമ്മചണനായ് സുഗുണാഢ്യനായി
ധൎമ്മാതിതല്പരനനല്പയശസ്വിയാമ-
ദ്ധൎമ്മാത്മജൻ സുധിമദഗ്രജനായിടുന്നു. ൫൯

ഭീമാനവാസുരസുരോരഗരാക്ഷസൎക്കും
ഭീമാജിയിൽനാശയമണച്ചിടുമുഗ്രവീൎയ്യൻ
ഭീമാഖ്യപൂണ്ടൊരുമദഗ്രജനേക്കുറിച്ചും
ഭീമാംഗനാകിയനിനക്കറിവില്ലയെന്നോ ? ൬൦

സത്രാശനാധിപതിമുഖ്യരെയുംബലത്താൽ
സത്രാസരാക്കിയുടനേഹുതഭുക്കിനായി
സത്രാരസത്തൊടുരുഖാണ്ഡവമേകിയോര-
സ്സൽത്രാണകാരിയിവനോ വിജയൻജയാഢ്യൻ. ൧൫

ദ്രോണാഖ്യദേശികപദാശ്രയിശത്രുലോക-
പ്രാണാന്തകാരിപുകഠംപൂണ്ടൊരുപാൎത്ഥനീ ഞാൻ
ബാണാസനത്തൊടുവസിക്കവെവന്നെതിൎക്കാ-
നാണായിട്ടുന്നൊരുവനിദ്ധരതന്നിലുണ്ടോ? ൧൬

കൂട്ടാളിയാം ദയിതയൊത്തുകിഴങ്ങുമാന്തി-
ക്കൂട്ടാൻ ഫലപ്പെട്ടമൊരിത്തടിവില്ലമേന്തി
കാട്ടാളമൂഢ! മൃതിയിൽകൊതിമൂലമാഭീ-
കാട്ടാതെനില്പതിഫമദ്യബലത്തിനാലോ? ൧൭

സന്താപഹാരിവിജയിപ്പൃഥിമാദ്രിഭ്രവാം
സന്താനവല്ലിപടരുംശ്രിതകല്പശാഖി
ചെന്താരിനൊത്തൊരുതദീശപദത്തെയിഞ്ഞാൻ
ചിന്താവകാശമിയലാതെഭജിച്ചിടുന്നു. ൧൮

മാനിച്ചമന്മഥവിമാഥിപദദ്വയത്തെ
ധ്യാനിക്കമെൻനിയമമക്കിടിഭഗ്നമാക്കി
ആനിഷ്ഠനീക്കിയൊരവൻഹതനായപോലെ
ഹാ! നിഷ്ഠുരപ്രകൃതിനീയുമുടൻനശിക്കും. ൧൯

മൃതിക്കായ്‌വന്നീടും മൃഗയുഹതക! ക്ഷിപ്രമടരി
ന്നെതിൎക്കാംവൈകുന്നുമമഗിരിശസേവയ്ക്കുസമയം
മതിക്കീരംനീരം നിടിലമിഴിയും പൂണ്ടഗിരിശൻ
മതിക്കേറംശല്യംസകലവുമകററട്ടെസദയം. ൨൦

ആറാംസൎഗ്ഗം സമാപ്തം.

# ഏഴാം സർഗ്ഗം.

സുരനായകസൂനുസാഭിമാന-
സ്വരമേവം സ്വയമുച്ചരിച്ചനേരം
സുരസിന്ധുവിനും വലത്തുഭാഗം
ചിരമന്നാരദനും ചലിച്ചിതുച്ചം. ൧

ഭുജവിക്രമശാലിയാഞ്ജനേയ-
ധ്വജനക്ഖാണ്ഡവമഗ്നിസാൽക്കരിച്ചോൻ
വിജയൻവിവരിച്ചവാക്കുകേട്ടാ-
ഗ്ഗജചർമ്മാംബരനും ചിരിച്ചുരച്ചാൻ. ൨

"മതിയേതുമെഴാതെയപ്പിശാചാം-
മതിചൂടുന്നവനെബ്ഭജിച്ചിടുന്നോൻ
മതിവംശജനാംകിരീടിയോ നീ ?
മതി, ചൊല്ലേണ്ട, ധരിച്ചുകാര്യമെല്ലാം. ൩

കരതീക്ഷ്ണതയേതുമറ്റദോഷാ-
കരനാകുന്നകളങ്കിതന്റെവംശം
കരൾകൊണ്ടുനിനയ്ക്കുപോലുമശ്രീ-
കരമെന്നാരറിയാതെയുള്ളു പാരിൽ ? ൪

കുലജാതികൾനന്നു; മുക്കവൻതൻ-
കുലമാർന്നുള്ളൊരുകന്യയിൽജ്ജനിച്ചോൻ
ചലതാപസനൊത്തുനഷ്ടഭർത്ത്രീ-
നിലയാളുംവധുകേളിചെയ്തുപോലും. ൫

പറയുന്നതുതന്നെപാപമിന്ന-
പ്പുറമാവേളയിലുത്ഭവിച്ചവിദ്വാൻ
കുറവെന്നിയെവേട്ടമങ്കയിൽതാൽ-
പ്പിറവിക്കുള്ള ചരിത്രമോവിചിത്രം. ൬

സതിനിൻജനയിത്രികന്യകാത്വ-
സ്ഥിതിയിൽത്തന്നെപരോപഭോഗകർമ്മം
ധൃതിയോടുനടത്തിവന്നതാമ-
പ്പതിവെക്കാലവുമാചരിച്ചുപോന്നു, ൭

തുളയൻതവതാതനാന്നിരിക്കെ-
ന്നളവിൽതാനവളന്യരോടുകൂടി
വിളയാടിരമിക്കവേതെരിക്കെ-
ന്നുളവായുള്ളവർനിങ്ങൾധാർമ്മജാദ്യർ. ൮

തവവംശവിശുദ്ധിയോർത്തുവാഴ്ത്താ-
നിവനാവില്ല, വിശേഷമെന്നുചൊല്ലാം
ഭവനത്തെവെടിഞ്ഞുകാട്ടിലെന്നും
നിവസിയ്ക്കുന്നതുദക്ഷതയ്ക്കുലക്ഷ്യം ൯

നയശാലികൾനിങ്ങളഞ്ചുപേരും
നിയതൈക്യസ്ഥിതിയേതിലുംകലന്നോർ
സ്വയമാശമുഴുത്തൊരുത്തിയെത്താൻ
പ്രിയയാക്കിപ്രണയത്തിൽവാണിടുന്നു. ൧൦

നിലവിട്ടൊരുനിങ്ങൾസോദരന്മാർ-
പലരൊന്നിച്ചൊരുനാരിയേപ്പുലർത്തി
നിലയററുവസിച്ചിടുന്നതിന്നീ-
മലവേടർക്കുമിണങ്ങിടാത്തതത്രേ. ൧൧

വരഗാത്രികൾനാട്ടിലില്ലയെന്നോ?
സുരകേളിക്കൊരുനാരിപോരുമെന്നോ?
പരമെന്തുനിനച്ചുനിങ്ങൾമോശ-
ത്തരമായ്ശ്വാക്കൾകണക്കുവാണിടുന്നു. ൧൨

വലയേണ്ടവൃഥാകിരാതയോഷിൽ-
ക്കുലമിക്കാനനഭൂവിലുണ്ടസംഖ്യം
ചിലവില്ലകനിഞ്ഞപേക്ഷചെയ്താൽ-
ചിലരേക്കൂടിനിനക്കുനൽകീടാംഞാൻ. ൧൩

അതുപോട്ടെ, ഭവൽഭുജപ്രതാപ-
പ്പുതുമയ്ക്കുള്ളൊരുവൃത്തമോർത്തിടുമ്പോൾ
അതുലസ്മിതമാർന്നിടുന്നു, ചൊല്ലാ-
മതുമല്ലംപറയേണ്ടിവന്നുവല്ലോ. ൧൪

അധിഭൂതലമാഴ്ത്തുവീഴ്ത്തുവാരാ-
ന്നിധിദുൎയ്യോധനനുന്നതപ്രതാപൻ
അധികംവിജയിച്ചിടുന്നു, യുഷ്മ-
ദ്വിധിയോകാട്ടിലലച്ചിലിന്നുമല്ലോ. ൧൫

ധൃതരാഷ്ട്രജരാട്ടുധൃഷ്ടഭാവാ-
ദ്ധതരാംനിങ്ങളെനാട്ടിൽനിന്നുദൂരം
ധൃതമോദമടിച്ചുകററിയിട്ടും
ബത! മാനത്തിനുമാററമില്ലയെന്നോ? ൧൬

ഗുരുഭീഷ്മകൃപാദിയോഗ്യർവാഴും
പെരുതായുള്ള സദസ്സിൽവച്ചുതന്നെ
വിരുതാൎന്നൊരുനിങ്ങൾവേട്ടതാമ-
ത്തരുണിക്കെന്തയിശേഷമോതണോഞാൻ? ൧൭

നെറികെട്ടനിനക്കുമാനമെന്തെ-
ന്നറിയാഘോസ്വവധൂകചാംശുകങ്ങൾ
തെറിപൂണ്ടപരൻവലിച്ചിഴച്ചി-
ട്ടെറിയുംവേളയിൽമൌനമോമഹത്വം. ൧൮

അരിപീഡനമേററുനാട്ടിലെങ്ങും
തിരിയാനുംതരമററക്കൂട്ടർനിങ്ങൾ
പരിതഃകഠിനാടവീതടത്തിൽ
പ്പരിതാപത്തോടലഞ്ഞുവാഴ്കയല്ലെ? ൧൯

പലകാട്ടുകിഴങ്ങശിച്ചുജീവി-
ച്ചലയുംനിങ്ങളിലില്ലനാണമേതും.
വിലയററിനിയുംവിദശ്ശൂനെന്നാ-
സ്സിലപിക്കുന്നൊരു നീ വിചാരശൂന്യൻ. ൨൦

ഭുവനത്തിലലഞ്ഞുഭിക്ഷവാങ്ങി-
പ്പവനാംകുന്നിലിരിക്കുമുഗ്രമൂൎത്തി
സ്വവശംവദനായ്ഭവിപ്പതിന്നോ
തവസങ്കല്പമഹൊ! മഹാവിശേഷം. ൨൧

തുണിപോലുമെടാതെശുദ്ധതെണ്ടി-
പ്പണികൊണ്ടിട്ടുപജീവനംകഴിപ്പോൻ
ഫണികുണ്ഡലനാംമഹാപിശാചിൻ
പ്രണിപാതംപതനത്തിനേഭവിക്കൂ. ൨൨

അപശങ്കമിരന്നശിച്ചിടുന്നോ-
നപരർക്കെങ്ങിനെവാഞ്ഛിതത്തെനൽകും?
അപഥത്തിലഹോ തൊടുന്നതെല്ലാം
നിപതിക്കുന്നതുനിൻെറ കർമ്മദോഷം. ൨൩

മൃതുക്രൂററനിലേറിടുന്നശുദ്ധ-
ക്രതുവിധ്വംസിയെനീഭജിച്ചിടേണ്ട
ഇതുമാതിരിനമ്മെയാശ്രയിച്ചാ-
ലതുപോരുംതവകാമമേകിടാം ഞാൻ. ൨൪

സ്ഫുടമിത്തരമുഗ്രസംഗരോദ്യൽ
പ്പടഹധ്വാനമൊടൊത്തഘോരവാക്യം
ദൃഢവിക്രമികേട്ടുപാർത്ഥനത്യൽ-
ക്കടരോഷത്തൊടുഗാണ്ഡിവത്തെനോക്കി. ൨൫

വൃകരൂപൂണ്ടൊരുതൻകുലത്തെയും, തൽ
സകലാധീശ്വരനാംസ്മരാരിയേയും
പകയോടുദ്ദുഷിച്ചവാക്കിനന്താം
സ്വകചാപധ്വനിയാൽകിരീടിചേർത്തു. ൨൬

കലഹത്തിനൊരുങ്ങിവന്നതാമി-
ക്ഖലനിൽസാന്ത്വവചസ്സുഭംഗിയല്ല
ബലമേഫലദായിയെന്നുരയ്ക്കും
നിലയിൽച്ചാപമണിസ്വനം മുഴങ്ങി. ൨൭

സ്മരമാഥിലസൽപദാംബുജത്തെ-
സ്മരണംചെയ്തുവസിക്കുമക്കിരീടി
സ്വരണൽഗുണകാർമ്മുകാഖ്യവീണാ-
സ്വരമേല്പിച്ചു, സുരർഷിതുഷ്ടിവാച്ചു. ൨൮

അനുവാസരമക്ഷമാലയിൽത്താ-
നനുരഞ്ജിച്ചിടുമംഗുലീവ്രജത്താൽ
മനുജാധിപനാത്മമൌലിയിൽത്തൻ
മനുചൊല്ലിപ്പതുപോലെചേർത്തുനാദം. ൨൯

നിജഹൃത്തുസദാസുമേഷുഹൃത്തിൻ
ഭജനത്തിൽദൃഢരക്തമെന്നപോലെ
വിജയൻമിഴികൂടിരക്തമാക്കി
ബ്ഭുജവീര്യോദ്ധതനപ്പൊഴുജ്വലിച്ചു. ൩൦

ഇരുകൈകളുമസ്ത്രസമ്പ്രയോഗ-
പ്പൊരുളൊപ്പംസ്വയമഭ്യസിക്കമൂലം
വിരുതൻശരകാർമ്മുകങ്ങളിൽത്തൽ
പെരുമാററത്തിനുചെററുതാൻപരുങ്ങി. ൩൧

ശശിമൌലിപദംഭജിച്ചുവാഴും
വശിയാംപാർത്ഥനുവാശികൂട്ടുവാനോ
വിശിഖാസനമൌർവ്വികണ്ണഭാഗം
നിശിതാഗ്രേഷുസനാഥയായ്ഗമിച്ചു. ൩൨

മഹനീയതപസ്സമാഖ്യധാത്രീ-
രുഹമോടൊത്തു കുലച്ചുപാർത്ഥചാപം
ഹ ഹ! തൽഗ്ഗുണമാമഹേശസേവാ-
മഹമോർത്തുംപടിയാശ്രുതിക്കിണങ്ങി. ൩൩

പടുഞാണൊലികൊണ്ടുദിക്കിനെങ്ങും
പെടുമുൾക്കമ്പമൊതുക്കിവെപ്പതിന്നോ
കടുകോപമൊടംഘ്രിയൊന്നുഭട്ട-
ന്നടമാണിക്കമവൻബലത്തിലൂന്നി. ൩൪

ഗഹനാന്തരമൊക്കെയുംകുലുക്കി
ഗുഹനാലുംബഹുമാനിതപ്രഭാവൻ
കുഹനാപടുവേടനിൽബ്ബലത്തോ-
ടഹനാലഞ്ചുശരങ്ങളാഞ്ഞുവിട്ടു. ൩൫

ദനുജാശരമർത്ത്യശോണിതത്താ-
ലനുരഞ്ജിച്ചുതിളങ്ങുമസ്ത്രൌഘം
മനുജേശവിമുക്തമീശ്വരൻതൻ
തനുരക്തസ്പൃഹയോടുചെന്നുകേറി ൩൬

പരമാഞ്ഞുവലിച്ചുവിട്ടതാമ-
പ്പരമാസ്ത്രങ്ങൾ പരാർത്തിദായകങ്ങൾ
പുരമാഥിപവിത്രമൂർത്തിതന്നിൽ
സ്ഥിരമാപുംഖമശങ്കമായ് പതിച്ചു. ൩൭

കരുണാനിധികാളകണ്ഠനേതും
കരുതീടാത്തൊരുതൈക്ഷ്ണ്യമോടുകൂടി
കുരുനാഥശരങ്ങളേററനേരം
ഗുരുമോദാത്ഭുതസംഭ്രമങ്ങളാർന്നു. ൩൮

വിജയന്റെധൃതിപ്രഭാവവായ്പും
ഭുജവീര്യസ്ഥിതിയും നിനച്ചുനൂനം
ഗജചർമ്മമുടുക്കുവോൻ വിശേഷാൽ
നിജഹൃത്തിൽ ബഹുമാനമന്നിയന്നു. ൩൯

ധ്രുവമെൻമഹിതാസ്ത്രമേററുവാങ്ങാ-
നിവനർഹൻഭുവനത്തിലെന്നുനന്നായ്
ശിവനോർത്തുതെളിഞ്ഞുതൽപ്രഹാരോ-
ത്ഭവതാപത്തിലുമിത്ഥമുത്തമത്വം. ൪൦

അനിവാര്യബലാഭിമാനമിന്നി-
മുനിയിൽകാൺമതുതെല്ലടക്കുവാനായ്
ഇനിയൊന്നടർചെയ്കതന്നെയെന്നുൾ-
ക്കനിവാളുംശശിമൌലിതീർച്ചയാക്കി. ൪൧

മഖഭുക്ക്പ്രഭുസേവ്യനാക്കിരാതീ-
മുഖമീക്ഷിച്ചുസഹാസമാഹവാർത്ഥം
സ്വഖരാഗ്രശരങ്ങളാനഭസ്വാൽ-
സഖതീക്ഷ്ണങ്ങൾകൊടുത്തു കാർമ്മുകത്തിൽ. ൪൨

കുരുതിയ്ക്കിഫകാട്ടുദേവതയ്ക്കാ-
ക്കുരുരാട്ടിൻനിണവും പ്രധാനമെന്നായ്
കരുതിക്കളിയെന്നുരച്ചുരോഷാൽ
കരുണാമൂർത്തിയുമസ്ത്രപാളിതൂകി. ൪൩

കുരുവീരനുമാക്കിരാതരാട്ടും
ഗുരുകോപത്തൊടുഘോരസമ്പ്രഹാരം
ഒരുപോലെതുടങ്ങിയെങ്ങുമപ്പോൾ
പുരുചാപധ്വനിയാൽ സ്ഥലംനടുങ്ങി. ൪൪

വലഭിൽസുതനൊത്തുസപ്പരാട്ടാം
വലയംപൂണ്ടവനാജിചെയ്തിടുമ്പോൾ
വലയാനിടചേന്നിതാത്രിലോകീ
വലയംകൂടിവിറച്ചുഭീതിമൂലം ൪൫

പടഹധ്വനിപോലിഷുക്കൾതമ്മിൽ
പ്പടയിൽ തീക്ഷ്ണമണഞ്ഞുതട്ടിമുട്ടി
പടരുംനിനദംവനാന്തജന്തു
ഘടയിൽചേത്തിതുസംഭ്രമപ്രകമ്പം. ൪൬

പരമാശരപാളിമേളനത്താൽ
സ്ഫുരദഗ്നിപ്രബലസ്ഫുലിംഗജാലം
തരളദ്യുതിഭീതിയോടുതാരാ-
നിരവീഴുംപടിയുജ്ജ്വലിച്ചിതപ്പോൾ, ൪൭

സ്വമനസ്സിലതീവകൌതുകത്താൽ
സുമനസ്സംഘമുടൻവിമാനമേറി
സമഭാവമകന്നഘോരമാംതൽ-
സ്സമരംകാണ്മതിനംബരത്തിലെത്തി. ൪൮

പ്രഥപൂണ്ടമഹേശപാത്ഥർചെയ്യും
പ്രധനംഘോരമഭ്രതപൂവ്വമെന്നായ്
കഥകേട്ടണയും സുരപ്രജത്താ
ലഥവാനിൽ സ്ഥലമന്നുനാസ്തിയായി. ൪൯

അമരർഷിസംഘമന്നുമുമ്പേ-
സ്വമതംപോലുചിതം സ്ഥലംപിടിച്ചു
അമരുന്നവർ പിന്നിലെത്തുവോരാ-
മമരന്മാരൊട്ടുമല്ലിടേണ്ടതിക്കായ്. ൯൦

സുരസിദ്ധസമിദ്ധഘോഷണോദ്യൽ
സ്വരമെങ്ങുംഗഗനത്തിലന്നുപൊങ്ങി
പരമന്നുമുതൽക്കുപുഷ്കരത്തിൽ
സ്ഥിരമായ് ശബ്ദഗുണത്വമുത്ഭവിച്ചു. ൯൧

വൃഷവാനരകേതുസായകാശീ-
വിഷവർഗ്ഗങ്ങൾനിസർഗ്ഗഭീഷണങ്ങൾ
വിഷതീക്ഷ്ണമുഖത്തൊടാന്നുലോകം
വിഷമിക്കുംപടിമൂടിയർക്കബിംബം. ൯൨

അനവദ്യപിനാകഗാണ്ഡിവോദ്യൽ-
ഘനചാപോച്ചലിതാശുഗോല്ക്കരത്താൽ
വനപാംസുവിയത്തിലുംതഥാ ദു-
ർദ്ദിനഘോരാന്ധതപാരിലുംപരന്നു. ൯൩

ശരകൂടവിനിർമ്മിതോരുശാലാ-
ന്തരമാർന്നുള്ള കിരാതഫൽഗുനന്മാർ
തരസാവിപുലാജിചെയ്തതൊന്നും
സുരസാർത്ഥത്തിനുകണ്ടിടാതെയായി. ൯൪

സുരവൈണികരാത്തവീണയിൽതൽ-
ക്കരസംവർദ്ധിതസാധകാഭിമാനം
ഹരപാർത്ഥശരാസനങ്ങളിൽസ്വ-
ത്വരപാണിക്രിയകണ്ടുസന്ത്യജിച്ചു ൯൫

പുകളാർന്നപിനാകവും പൃഥുശ്രീ-
തികയും ഗാണ്ഡിവവുംഗുരുസ്വനത്തിൽ
മികവാർന്നശിതാഗ്രസായകാഗ്ര്യ-
പ്രകരംവക്രതയോടു തൂകിതാനേ. ൯൬

കുരുവീരനുമക്കിരാതരാട്ടും
ഗുരുഗാംഭീൎയ്യമഥാജിചെയ്തിടുമ്പോൾ
തരുശൈലകുലങ്ങളുംകുലുങ്ങി-
പുരുപാഥോനിധിപൂരവും കലങ്ങി. ൧൭

ധരണീഭരമേററു താങ്ങുവോരാ-
മുരഗാധീശവരക്രമദിഗ്ഗജങ്ങൾ
തരസാകട്ടതൽസമീകധാത്രീ-
ധുരമേൽക്കുന്നതിനേററവും കുഴങ്ങി. ൧൮

പടയാളികളിൽ പടുത്വമേറും
സ്ഫുടവീൎയ്യോദ്ധതനാം കിരീടിയപ്പോൾ
തടവെന്നിയെയക്കിരാതരാട്ടി-
ന്നുടലെല്ലാം ശരധോരകൊണ്ടുമൂടി. ൧൯

നവബില്വദളങ്ങൾകൊണ്ടുനിത്യം
ശിവലിംഗോപരിമൂടിടും വിധത്തിൽ
പവമാനസുതാനുജൻഭവാനീ-
ധവദേഹത്തെമറച്ചു മാൎഗ്ഗണത്താൽ. ൨൦

കനകാചലകാൎമ്മുകത്തിൽമുന്നം
വനമാല്യുഗ്രശരംതൊടുത്തവീരൻ
ഘനരോഷമൊടുല്ലുടാജിവീരാ-
ൎജ്ജുനബാണൌഘമറുത്തുതള്ളിവീഴ്ത്തി. ൨൧

കുരുകുഞ്ജരമാൎഗ്ഗണങ്ങളെല്ലാം
ഒരുപോലംബുരുഹാശുഗപ്രമാഥി
വിരുതോടുമറിച്ചുകുന്നിനൊപ്പം
പൊരുതീടുംക്ഷിതിതന്നിലന്നുകൂട്ടി. ൨൨

പലമാൎഗ്ഗണപാളിയുംരണത്തിൽ
ഫലമാകാതെപതിച്ചിടുന്നനേരം
വലമാഥിസുതൻധൃതപ്രകോപം
ബലമായ് ദിവ്യമഹാസ്ത്രപാളിതൂകി. ൨൩

വരുണാനിലപാവകാദികാസ്ത്രം
വിരുതോടത്ഭുതമന്ത്രശക്തിസാരം
പുരുഷാഗ്രണിഫൽഗുനൻപ്രയോഗി-
ച്ചുരുസംഭ്രാന്തിജഗത്തിലന്നുചേർത്തു. ൮൪

പ്രതിശസ്ത്രഗണങ്ങൾകൊണ്ടു ഭാസ്വൽ-
പ്രതിമംശക്രസുതോൽക്കടാസ്ത്രസംഘം
പ്രതിഘത്തോടുസംഹരിച്ചുലോക-
സ്ഥിതിസംഹാരകരൻകിരാതമൂർത്തി. ൮൫

സുമപാളികണക്കതന്മഹാസ്ത്രം
സുമബാണാരിതടുത്തുനിഷ്പ്രയാസം
സമരോദ്ധതനാം ധനഞ്ജയൻതൽ-
സമയം സംഭൃതസംഭ്രമംചൊടിച്ചു. ൮൬

ഗുണഹീനനരാതിയോടെതിർപ്പാൻ
ഗുണവൽഗാണ്ഡിവമല്ലവേണ്ടതെന്നായ്
ഗണനീയപരാക്രമൻനിനച്ചു-
ക്ഷണമശ്ശിഞ്ജിനിവില്ലിൽനിന്നകററി. ൮൭

പുരുഗാണ്ഡിവദണ്ഡമുഗ്രസാരം
കുരുരാജാഗ്രണിതൻകരത്തിലേന്തി
വിരുതോടുചുഴററിയാഞ്ഞടിച്ചാൻ
ഗുരുരോഷംശശിമൌലിതൻശിരസ്സിൽ. ൮൮

കപടാകൃതിവേടരാട്ടിലൊട്ടും
കൃപകൂടാതെതടിച്ചുഗാണ്ഡിവത്താൽ
നൃപവീരനടുത്തടിച്ചിടുമ്പോ-
ളുപരിസ്ഥാമരർകൂടിയാടൽതേടി. ൮൯

ശിവമൌലിയിൽവാണിടുന്നസർപ്പ-
പ്രവരക്കുള്ളഫണാഗ്രരത്നജാലം
നവസമ്പ്രഹൃതിസ്രംതാസ്രദംഭാ-
ദവശംതാഴെയനേകധാപതിച്ചു. ൯൦

പരമർജ്ജുനകാർമ്മുകപ്രഹാരം
പുരവിദ്വേഷിശിരസ്സിലേററനേരം
തരസാതനുപാതിയററുപിന്നെ-
സ്ഫുരദർദ്ധേന്ദുജടാവിഭൂഷയായീ. ൪൫

ഭുജഗങ്ങൾ സുരസ്രവന്തിരാജൽ-
ദ്വിജരാട്ടിൻകലയെന്നിവയ്ക്കുതുല്യം
വിജയപ്രഹരത്തിലേററപാട-
ഗ്ഗജചർമ്മാംബരമൌലിഭൂഷയായീ. ൪൬

ജടിലോഗ്രകപർദ്ദമാന്നിടംസ്വ-
സ്തടിനിക്കുംതടവററഗാണ്ഡിവത്താൽ
അടികൊണ്ടുതളച്ചുപററിദേയററം
നിടിലാക്ഷോപരിവാസമല്ലലിന്നായ്. ൪൭

"കണിനന്നിതുകാമുകിക്കുകല്ലു-
പ്പണികാട്ടുന്നതിനിപ്രഹാരമർഹം
ഫണിഭൂഷണഭാമിനിക്കുമുക്താ-
മണിഭാസ്വന്മൃദുഹാസമിത്ഥമുണ്ടായ്. ൪൮

സുരനിമ്നഗഫൽഗുനപ്രഹാരം
പരമേററററമശക്തയായ്ക്കുഴങ്ങി
തരസാബലിദേയാട്ടുകേളിയുദ്ധം
തരമല്ലെന്നുപിനാകിയുംനിനച്ചു. ൪൯

പ്ലവഗമഹിതകേതുക്രൂരഗാണ്ഡീവചാപ
പ്രവരമഥശിരസ്സിൽപാഞ്ഞുതട്ടിക്ഷതാഢ്യൻ
ഭുവനവലയമൂലാധാരമാംഗോത്രപുത്രീ-
ധവനധികാമമഷാവേശമന്നാളിയന്നാൻ. ൪൯

കല്പാന്തോഗ്രഘനാഘനസ്വനസദൃക്-
സിംഹാരവം ചെയ്തുടൻ
മുപ്പാരും പൊടിയാക്കിടാൻ പടുതയാ-
ന്നുള്ളോരുതൻമുഷ്ടിയാൽ

അപ്പാൎത്ഥൻെറവപുസ്സിലസ്തകരുണം
    കോപാതിരേകത്തൊടും
കെല്പാകെത്തുലയുംവിധം വിധുകലാ-
    ഭൃത്തൊന്നിടിച്ചീടിനാൻ. ൬൯

ക്രൂരം, സംഹാരരുദ്രോല്ലൂടതരദൃഢമു-
    ഷ്ടീപ്രഹാരത്തെയേററ-
ന്നേരം സംചൂൎണ്ണിതാംഗൻ സുഭൃശവിവശനായ്
    ഹന്തകൌന്തേയനപ്പോൾ
സൈ്വരം ക്ഷോണീസമാംലിഗനരസമസമം
    പൂണ്ടു ചക്ഷുസ്സടഞ്ഞാൻ
വീരന്മാൎക്കായ്വൈരിപ്രഭവമിഹപരാ-
    ഭൂതിയും ഖ്യാതിഹേതു. ൭൦

ഏഴാം സൎഗ്ഗം സമാപ്തം.

---

# എട്ടാം സൎഗ്ഗം.

വീരന്മാൎക്കണിമണിയാം മഹേന്ദ്രപുത്രൻ
ഘോരംതൽപ്രമഥപതിപ്രഹാരമേററാൻ
ദൂരത്തിൽബ്‌ഭുവിനിപതിക്കിലുംസ്വമൂൎദ്ധാ-
ഭാരത്താലപഗതമായ്നിയുദ്ധഃഖേദം. ൧

ആൎത്താൎത്തിപ്രശമനകാരിഫാലചക്ഷു-
സ്സാത്താസ്രൂൻപൊട്ടിയൊട്ടുമുഷ്ടിതാഡനത്താൽ
പാൎത്ഥാംഗംശകലിതമാക്കിവിട്ടതപ്പോൾ
പാൎത്താരാൽഗിരിവരപുത്രിസംഭ്രമിച്ചു. ൨

പാപാത്തിൽപെരുത്തുമകംപെടാതെബാഢം
ഹാപത്തിൽദ്ദിനമനുപൂജചെയ്യുവോനിൽ
ആപത്തെൻകണവനിവണ്ണമേററിവച്ചാ-
ലാപന്നാശ്രയതജഗത്തിലസ്തമിക്കും. ൩

സന്ദർഭംദയിതനെതെററിയുദ്ധഭൂവിൽ
കന്ദർപ്പഭ്രമമിവനിൽജ്ജനിച്ചുപോയോ ?
വൻദർപ്പത്തൊടുപൊടിയാക്കുമജ്ജനാംഗം
സന്ദർശിപ്പവരിതിനെപ്പഴിക്കുമല്ലോ. ൪

ഏവം ഹൃൽക്കനിവുകലർന്നുവേടനാരീ-
ഭാവത്തോടമരുമഗേന്ദ്രപുത്രിയപ്പോൾ
വൈവശ്യത്തൊടുകരുണാതരംഗിതാക്ഷം
കൈവല്യപ്രദനുടെവക്ത്രമൊന്നുനോക്കി. ൫

പാർത്തട്ടിൽസുരപതിസൂനുമൂർച്ഛയോടും
പാർത്തല്പംപ്രകൃതികലർന്നുപിന്നെമെല്ലെ
വാർത്തത്വംചെറുതുമെഴാതെശോകബാഷ്പം
വാർത്തക്ഷിദ്വയമുദയൽഭ്രമംമിഴിച്ചു. ൬

മാരാരിപ്രഹൃതിഭവപ്രപീഡയേക്കാൾ
പേരാളുംവിജയനുതൽപരാജയോത്ഥം
പോരായ്മസ്ഥിതികരുതിസ്വചിത്തഭൂവിൽ
ധാരാളംവ്യസനഭരംസ്ഥലംപിടിച്ചു. ൭

പാഞ്ചാലീപരിണയവേളയിൽബ്ബലത്താൽ
പാഞ്ചാസ്യപ്രകൃതിപുരാവരാരിസംഘം
താൻചാരെസ്ഫുടമടരിൽജ്ജയിച്ചവീരൻ
നെഞ്ചാളുംകദനമൊടിത്ഥമോർത്തുപാർത്ഥൻ. ൮

ഹാഹാ! മേ ഹതവിധിബന്ധമെന്തിതയ്യോ! -
മോഹാന്ധൻസ്വയമിവനന്തകാരിപാദം
സ്നേഹാന്തഃസ്ഥിരതയൊടോർത്തുപാർത്തിട്ടുമ്പോൾ
ദേഹാന്തംവരുമൊരുപീഡയേററുവല്ലോ. ൯

കഷ്ടംഞാൻവെറുമൊരുദുഷ്ടവേടനോടെൻ
ദിഷ്ടത്തിൻവിഷമതമൂലമേററുതോററു
ശിഷ്ടന്മാരിനിയിവനെപ്പഴിക്കുമെന്നും
സ്പഷ്ടം,മൽപുകൾവിധുതീരെയസ്തമിച്ചു. ൧൦

മന്നന്മാക്കണിമണീരാട്ടരാജസൂയം
മുന്നംചെയ്യതിനതുനിഞ്ഞകാലമീഞാൻ
സന്നതപംചെറുതുമെഴാതെയേകനായി-
സ്സന്നദ്ധൻസകലജഗൽജയത്തെനേടി. ൬൧

ദുർവാശിക്കടരിലെതിർത്തുഖാണ്ഡവത്തിൽ
ഗ്ഗീർവാണപ്രഭുവിനെയുംജയിച്ചൊരീഞാൻ
ശർവാരാധനയിൽവെറുംകിരാതനോടും
നിർവാദം ഹഹഹ! മടങ്ങിമങ്ങിടാറായ്. ൬൨

കാട്ടാളത്തലവനൊടത്രതോററകാര്യം
കേട്ടാലെൻഗുരുജനവുംചിരിക്കുമല്ലോ
കൂട്ടാളിപ്രവരുമൊത്തുധാർത്തരാഷ്ട്രൻ
പാട്ടാക്കുംസകുതുകമെൻപരാജയത്തെ. ൬൩

സേവിക്കുന്നവരിലുമിത്രനിർദ്ദയത്വം
ഭാവിക്കുന്നതുഭവിതേമഹത്വമെന്നോ?
ദേവിക്കായ് പകുതിവപുസ്സുനൽകിയോനെ!
ജീവിക്കാനിനിയിവനില്ലമോഹമെന്നായ്. ൬൪

വേടൻതൻകരമതിൽനിന്നുതോൽവിപററി-
ക്കേടേയ്ക്കാഹിമഗുകുലത്തിലുംകലർത്തി
ആടൽപ്പെട്ടവനിയെഞാൻവെടിഞ്ഞുകൊള്ളാ
മേടത്താർശരഹരഃസവയേവമല്ലോ. ൬൫

അംഭോജാസ്യധഹര്ഭൂധരേന്ദ്രപുത്രി
സംഭോഗോത്സുക!ഭവ!ഭക്തലോകബന്ധോ!
ശംഭോ!നിൻതിരുവടിയെബ്ജിപ്പവക്കും
കിംഭോ!ദുസ്സഹപരിതാപമേല്പതേവം. ൬൬

മെയ്യേററംകടുതരപീഡയേററനക്കാൻ
വയ്യേഞാനവശനഹോമഹേശ!പാഹി
നിയ്യേതുംകനിവുകലർന്നിടാഞ്ഞിലാടൽ
ത്തിയ്യേറിദ്രുതമിഹഞാൻദഹിച്ചുപോകും. ൬൭

കാലാരേ ! തിരുമുടിയിൽത്തിളങ്ങിടുംതൽ-
ബ്ബാലാബ്ജദ്യുതിയുമമർത്ത്യഭ്രസരിത്തും
ലോലാഭംസ്മരശലഭാന്തകാരിയാകും
ഫാലാക്ഷിക്കനലുമിവൻനിനച്ചിടുന്നു. ൧൮

സൃഷ്ടിസ്ഥിത്യുപഹൃതികേളിഭേദകൃത്താം
ദൃഷ്ടിക്കും, ഫണിമയകുണ്ഡലദ്വയിക്കും
കഷ്ടിച്ചുംസമതപെടാത്തവക്ത്രശോഭാ-
പുഷ്ടിക്കുംസതതമിതാനമിച്ചിടുന്നേൻ. ൧൯

ലോകാർത്തിപ്രശമനമാത്തമുഗ്ദ്ധമാദ്ധ്വീ-
നീകാശസ്പൃഹയൊടുഘോരകാളകൂടം
ശോകാന്തംവരുവതിനായ് ഭുജിച്ചമത്തി
ശ്രീകാന്തം ശുഭഗളമന്വഹംതൊഴുന്നേൻ. ൨൦

ഭക്തന്മാർക്കതിഭവാബ്ധിസേതുവായും,
ശക്തദ്വിട്ഖലകുലധൂമകേതുവായും.
മുക്തന്മാർക്കഭിമതസിദ്ധിഹേതുവായും,
വ്യക്തംനിൻഭുജയുഗളത്തെയോർത്തിടുന്നേൻ ൨൧

ശൂലം, മാൻ, പരശുവരാങ്കുശം, പിനാം
ലോലശ്രീമണികടം,കടുന്തുടിപ്രകാണ്ഡം
സ്ഥൂലത്വംകലരുമിതൊക്കെയൊന്നിടുംതൽ-
കോലത്തിൻവടിവുസദാസ്മരിച്ചിടുന്നേൻ. ൨൨

ആനത്തോ,ലുരഗവിഭൂഷണം, ശ്മശാന
സ്ഥാനത്തിൽപ്പെട്ടുമൊരുഭസ്മ, മസ്ഥിമാല്യം
ജ്ഞാനത്താൽസ്വയമറിയേണ്ടൊരിസ്വരൂപം
ഞാനതൽപ്പെട്ടുമൊരുഹൃത്തിലോർത്തിടുന്നേൻ. ൨൩

വാമാംഗംമുകിലൊളിക്കുന്തലബ്ജനേത്രം
സോമാസ്യംപുരടഘനസ്തനാദിയേന്തി
കാമാംഗംപുനരപിവീണ്ടെടുപ്പതിന്നായ്-
കാമാരെ ! വിലസുവതുംനിനച്ചിടുന്നേൻ. ൨൪

ശർവ്വാണി! പ്രണതശുഭപ്രദാനശീലേ!
ശർവ്വാർത്തിപ്രശമനകർത്രി! ഗോത്രപുത്രി!
സർവ്വാത്മൻ! ഭയഹര! ശർവ്വ ഭക്തബന്ധോ
നിർവ്വാദംശരണമെനിക്കുനിങ്ങൾതന്നെ. ൨൫

ഈവണ്ണം കുരുകുലനാഥനാധിപീഡാ-
വൈവർണ്ണ്യംപെട്ടമകതാരിലോർത്തിടുമ്പോൾ
ശ്രീവർണ്ണ്യംസപദി സഹസ്രശീതരോചി-
സ്സാവർണ്ണ്യംപെട്ടൊരുസന്മഹസ്സുകണ്ടു. ൨൬

താനേതോസുമഹിതമൂർത്തിനിസ്തുലംഹൃൽ-
സ്ഥാനേതൽകുരുപതിനിത്ത്യമോർത്തിടുന്നു
ശ്രീനേട്ടംഭസിതസിതാഢ്യമസ്വരൂപം
താനേതന്മിഴിയുഗളിക്കുലക്ഷ്യമായി. ൨൭

സർവ്വാന്തഃസ്ഥിതമതസർവ്വമംഗളാഢ്യം
സർവ്വാപദ്ദുരിതവിദാരണപ്രവീണം
സർവ്വാസിപ്രണതമഖണ്ഡിതാനുകമ്പം
ശർവ്വാഖ്യംകിമപിമഹസ്സുകണ്ടുപാർത്ഥൻ. ൨൮

ഹാ! രാത്രിഞ്ചരവധുസിംഹികാഖ്യപൂണ്ടോ-
ളാരാജൻമൃദുലളിതാംഗമാർന്നപോലെ
കൈരാതംകടുതരമാംസ്വരൂപമപ്പോൾ
സ്വാരാഭംശിവമയമായ്ചമഞ്ഞുചിത്രം. ൨൯

മുക്താത്മപ്രഥിതമുനീന്ദ്രവൃന്ദവന്ദ്യൻ
ഭക്താഭീപ്സിതമഖിലംകൊടുത്തിടുന്നോൻ
വ്യക്താഭംനിജതനുപൂണ്ടുകാളകണ്ഠൻ
ത്യക്താഘപ്രകൃതിനൃപൻെറമുന്നിൽനിന്നു. ൩൦

ചേതസ്സുംമിഴിയിണയുംസുധാഭിഷേക-
വ്രാതത്താൽസസുഖമുടൻകുളുത്തുപേർത്തും
ആതങ്കംപെട്ടമൊരുപാർത്ഥനംപ്രസന്ന-
ശ്രീതങ്കുംസ്മരഹരമൂർത്തിപാർത്തുധന്യൻ ൩൧

തമ്പാശ്വസ്ഥലിയിലകൃത്രിമാനുകമ്പാ-
സമ്പാതസ്മിതമഹിതാവലോകനാഢ്യം
വമ്പാളും ധൃതിനിധിഗോത്രജാമഹസ്സും
ജംഭാരിപ്രിയസുതനക്ഷിലക്ഷ്യമായി. ൩൨

ശീതാംശുപ്രഥിതകലാകലാപനാതൽ-
ശ്രീതാവുംഗിരിസുതയും ധൃതാനുകമ്പം
പ്രീതാന്തഃകരണമൊടൎജ്ജുനന്റെമുമ്പിൽ
സ്ഫീതാഭംവിലസിജഗത്രയീപിതാക്കൾ. ൩൩

ഉന്നിദ്രപ്രഭയൊടുപാൎവതീശിവാഖ്യം
മുന്നിൽതൽ പ്രധിതമഹസ്സുകണ്ടനേരം
മന്നിൽതാൻനിപതിതനാം കപിദ്ധ്വജനും
കുന്നിക്കുംകുതുകമൊടാൎന്ന ഭക്തിഭാരം. ൩൪

ഊക്കാളും പ്രഹൃതിവശാൽനിജാംഗമേത്തും
നീക്കാനും കഴിവുപെടാതെ സവ്യസാചി
സല്ക്കാരംസുമതികിടന്നൊരാക്കിടപ്പിൽ
തല്ക്കാലംതലചെറുതൊന്നുചായ്ച്ചുചെയ്തു. ൩൫

“കാത്താലും കരുണയൊടെന്നെനിങ്ങളെന്നും
കാൽത്താരാണടിയനുനിസ്തുലാവലംബം
പാൎത്താരാൽതിരുവുടൽകുമ്പിടുന്നതിന്നും
വാഴ്ത്താനും കഴിവിവനിപ്പൊഴില്ലയെന്നായ്. ൩൬

ദുഷ്ടൻഞാനറിവണുവുംപെടാതെയേവം
കഷ്ടംനിന്തിരുവടിയോടെതിൎത്തുവല്ലോ
സ്പഷ്ടംമജ്ജനിവിഫലീഭവിച്ചുപാപോൽ-
കൃഷ്ടംമൽതനുവിനിയുംവഹിച്ചിടാഞാൻ. ൩൭

ഹാഹാ! ഞാൻകടുവചനങ്ങൾകൊണ്ടുപാരം
മാഹാത്മ്യംതടവിട്ടുമീശനേദുഷിച്ചു
മോഹാന്ധൻ മുഹുരവിമോഹനീയമാമി-
ദേഹാഗ്ര്യംശരനിരകൊണ്ടുപിന്നെമൂടി. ൩൮

ചാപല്യം മമചെറുതല്ലഹാ! കടുപ്പം
ചാപത്താൽശശധരമൌലിതൻശിരസ്സിൽ
പാപൻഞാൻപരുഷമൊടാഹനിച്ചു ഹാ ഹാ-
താപത്തിന്നിവനിനിയെന്തുവേറെവേണം. ൩൯

കാമംഭോ! ഭവ! തവമുഷ്ടിഘട്ടനത്താൽ
ക്ഷേമംമേമതിയതിന്നില്ലഖേദമേതും
ശ്രീമത്താം തിരുവുടലിൽപ്രഹാരമോൎത്തി-
ട്ടീമന്ദൻപുരുപരിതാപമാൎന്നിടുന്നു.

നിൻദാസ്യസ്ഥിതികരുതിബ്ഭജിച്ചോരീഞാൻ
നിന്ദാഹംകൃതിയോടു പോരിനാഞ്ഞെതിൎത്തു
മന്ദാത്മപ്രകൃതിനിനച്ചുനിർഭരം ഭീ-
മന്ദാക്ഷവ്യഥകളെനിക്കുയൎന്നിടുന്നു. ൪൧

ഏതെല്ലാംപിഴകളനല്പമല്പനാം ഞാൻ
ഹാ! തെല്ലുംമതികലരാതെചെയ്തുപോയി
ചേതസ്സിൽകനിവൊടുനീ പൊറുത്തശേഷം
ചൈതന്യാത്മക! പരിപാഹികൈതൊഴുന്നേൻ'' ൪൨

അസ്ത്രാഘൻഹരിഹയസൂനുശങ്കരാംഘ്രി
ന്യസ്താന്തഃകരണമൊടേവമോതിമന്ദം
സത്രാശാച്ഛിതനെയുടൻകിടപ്പിൽവീണ്ടും
സത്രാസംവ്യസനികരങ്ങൾകൊണ്ടു കൂപ്പി. ൪൩

കല്യാപദ്വിപിനകൃശാനുസൽകൃപാവാൽ
കല്യാണാചലവിശിഖാസനൻ ജവത്തിൽ
ഉല്ലാഘസ്ഥിതിവരുമാറുപാൎത്ഥനേത്താം-
നുല്ലാസത്തൊടുമൃദുപാണിയാൽതലോടി. ൪൪

സൎവാൎത്തിപ്രശമനകാരിതൻകരത്താൽ
ദുൎവാരവ്യഥപെടുമൎജ്ജുനന്റെദേഹം
സൎവാസി പ്രണതനതീവഭക്തദാസൻ
നിൎവാദംകൃപയൊടുചെന്നെടുത്തുതാങ്ങി ൪൫

സന്താനക്ഷിതിരുഹപല്ലവത്തിനുംഹൃൽ
സന്താപംസ്വയമരുളുംസ്വപാണിപത്മം
ഹന്താരാൽതനുവിലണച്ചുദണ്ഡഭൃത്തിൻ
ഹന്താവക്ഷിതിപനുചേൎത്തുഗാത്രസൌഖ്യം.

പാരിക്കുംകഠിനതപസ്സിനാലുമേററം
പോരിൽതൽപ്രഹൃതിഭവപ്രപീഡയാലും
ഭൂരിവ്യാകുലതകലൎന്നഫൽഗുനാംഗം
പൂരിക്കുംനവസുഖപുഷ്ടിയാൎന്നിതപ്പോൾ ൪൭

പാൎത്ഥൻതൻശകലിതമാംവപുസ്സതുക്കൺ
പാൎത്തുംഭോരുഹശരവൈരിതൊട്ടമൂലം
വാൎത്തപംസപദിഭവിച്ചുദിവ്യസംഗം
പാൎത്തട്ടിൽപുരുഷനുകാമധേനുവല്ലോ. ൪൮

മുന്നേക്കാളതിബലവും ശരീരഭാസ്സും
വന്നേറീവിജയനുഹൃത്തിൽമുത്തുയൎന്നു
നന്നേവംശിതിഗളകേളിഃഭമെന്നാ-
യന്നേരംപുളകിതരായ്നഭശ്ചരന്മാർ. ൪൯

ഉൽഭാസിച്ചിട്ടമതിഭക്തിയോടുകൃപ്പി-
സ്സൽഭാവത്തൊടുമരുവുംകിരീടിയോടായ്
ശുഭ്രാഭംമൃദുഹസിതംപൊഴിച്ചിവണ്ണം
വിഭ്രാജിച്ചിട്ടമഖിലേശനോതിമന്ദം. ൫൦

പോരുംഭോ വിജയ! ഭവാനുവൈമനസ്യം
പോരുംതൽകഠിനതപസ്സുമൊന്നുപോലെ
പാരുഭ്യൽഭയയുതമാക്കിയെന്മനസ്സിൽ-
ചേരുംമുത്തനുപമമായ്വളൎത്തിട്ടുന്നു. ൫൧

മല്ലാദംദൃഢതരമായ്നിനച്ചുഹൃത്തിൽ
കെല്പാളുംപെരിയതപസ്സുചെയ്കമൂലം
മുപ്പാരുംസപദിഭവാൻെറപാട്ടിലാക്കാ-
നിപ്പാഥോരുഹശരജിത്തൊരുക്കമെല്ലോ. ൫൨

സൽഭാവസ്ഥിതിതികയുംതപസ്സിനേക്കാ-
ളുത്ഭാസിച്ചിട്ടമൊരുനിൻഭുജാബലത്താൽ
മൂൽഭാരം മമ വളരുന്നു വേണ്ടതെല്ലാം
സൽഭാഗ്യപ്രകരനിധേ! നിനക്കുനന്മകാം. ൭൩

തെല്ലും ഭീഹൃദികരുതേണ്ടതീക്ഷ്ണമാംനിൻ-
തല്ലംഹൃൽസ്ഥലിയിലെനിക്കുതുഷ്ടിക്രുട്ടി
കില്ലുണ്ടോജഗതിയിലേതിനുംമഹത്വം
ചൊല്ലുള്ളോർകളിലഭിതുഷ്ടിഃചക്രമല്ലോ. ൭൪

ഭക്തന്മാർക്കണിമണിയാംഭവാൻെറവീര്യം
വ്യക്തംഞാൻബലജലധേ! ധരിക്കമൂലം
ശക്തൻനീ മമ മഹിതാസ്ത്രമേററുവാങ്ങാൻ
യുക്തംതദ്വിതരണമെന്നുബോദ്ധ്യമായി. ൭൫

ഉൾക്കാമ്പിൽമപിവിശങ്കവേണ്ടവിദ്വൻ
സൽക്കാരംതവസമരപ്രവൃത്തിയുംമേ
തൽക്കാമംനിയതമറിഞ്ഞു ഞാൻമദസ്ത്രം
തല്ക്കാലംതവതരുവൻഗ്രഹിച്ചുകൊൾക. ൭൬

ഭവ്യംഭോ! വിജയ! ഭവാനുമാമകാസ്ത്രം
ദിവ്യംഞാൻസകൗതുകമിന്നിതാതരുന്നേൻ
നവ്യംതൽപുകളകളങ്കമംകുരിക്കും
സുവ്യക്തംസ്വയമയിനീയിഃതററുവാങ്ങു. ൭൭

ദാക്ഷായണ്യമലമുഖത്തെയൊന്നുനോക്കി
സ്സാക്ഷാലസുരതടിനീകലാപനീശൻ
ശ്രീക്ഷാന്തിപ്രഭൃതിഗുണാഢ്യനാത്മസേവാ
ദീക്ഷാവാൻവിജയനുദിവ്യമസ്ത്രമേകി- ൭൮

ആനന്ദപ്രഭവസുശീതനേത്രതോയ-
സ്സ്നാനത്താൽ പുളകിതഗാത്രനക്കിരീടി
ദീനത്വംചെറുതണയാതെയമ്മഹാസ്ത്രം
ഹാനന്ദിച്ചടിയിണതാണുക്രുപ്പിവാങ്ങി. ൭൯

സത്താമപ്പശുപതിതൻമഹാസ്ത്രമവ്വീ-
ഭൃത്താരാൽ സവിനയമേററുവാങ്ങിടുമ്പോൾ
സത്താശിപ്രകരവിമുക്തസൂനവുംതൽ-
സത്രാസാദ്ധിഷദസുരാശ്രുവും പൊഴിഞ്ഞു. ൩൦

കുന്നിക്കുംബഹുമതിഭക്തിഭാരമോടും
വന്ദിച്ചീട്ടവനതമൌലിഫൽഗുനങ്കൽ
ഉന്നിദ്രപ്രിയമോടുതൊട്ടനുഗ്രഹിച്ചി-
ട്ടന്നിത്ഥംമദനവിമാഥിവീണ്ടുമോതി. ൩൧

"കല്യാണംഭുജബലമാൻഭക്തമൌലി
ക്കല്ലാകുംവിജയ! നിനക്കുദിക്കുമെന്നും
കല്യാത്മൻ! കനിവെഴുമെൻ പ്രസാദമങ്ങ-
യ്യെല്ലാനാളിലുമരുളും സുഖാപ്തിമേന്മേൽ. ൩൨

ശുദ്ധിച്ചിട്ടരിയതപസ്സുകൊണ്ടുചേത
ശ്ശുദ്ധിശ്രേഷ്ഠതകലരും മഹർഷികൾക്കും
സിദ്ധിക്കാത്തൊരുമമദർശനം ശുഭശ്രീ-
വൃദ്ധിക്കായ് വിജയ!ഭവാനുതീന്നിതിപ്പോൾ. ൩൩

നാകത്തിൽ സ്ഥിതികലരും സുധാശനക്കും
ശോകത്തിന്നറുതിവരുത്തിയാത്തമോദം
ലോകത്തേസുരഭിലകീർത്തിശുഭ്രമാക്കി
ശ്രീകൻനീ കുശലമശങ്കമാൻകൊള്ളും. ൩൪

നേരററിട്ടപനയദമാത്തധാർത്തരാഷ്ട്ര-
ന്മാരദ്യപ്രഭൃതിമൃതിക്കധീനരായി
സാരസ്യത്തൊടുജയലക്ഷ്മിദക്ഷനാംനിൻ
സ്സാരശ്രീഗളമിനിവിട്ടൊഴിക്കയില്ല. ൩൫

ശ്രീവത്സംമറുവുപെടുന്നകംസജിത്താം
ദേവൻസ്വപ്രിയതയൊടാദരിപ്പവൻനീ
ഹേവത്സ!സ്വയമയിസാധയേഷ്ടമെല്ലാ
മേവംസ്വൽകുനിയണിവോനനുഗ്രഹിച്ചു. ൩൬

നാകസ്ത്രീകചവിഗളൽപ്രസൂനമാലാ
ശ്രീകമ്രംചരണമെഴുന്നഗൌരിതാനും
ആകണ്ഠംപ്രമദസരസ്സിൽമുങ്ങിനിൽക്കും
പാകദ്വിൾതനയനു മംഗളങ്ങളേകി. ൩൭

ദിക്കൊക്കെസ്സപദി തെളിഞ്ഞു സൂനജാലം
സൽക്കാരത്തോടു സുരസുന്ദരീകദംബം
തൽക്കാലം സുബഹു പൊഴിച്ചു നൃത്തമാടീ-
ഢക്കാദിധ്വനികൾ മുഴക്കി വാനവന്മാർ. ൪൮

ക്രുടീടും രസമൊടു നാഗഗായകന്മാർ
പാടീനൽപരിമളമന്ദവായു വീശി
ആടീശാത്രവകുലവാമനേത്രമന്ത-
സ്സോടീമട്ടഖിലവുമിന്ദ്രനും പുകഴ്ത്തീ. ൪൯

പ്രേമത്തോടഖിലജഗൽപിതാക്കളാകും
കാമദ്വിൽകുലഗിരികന്യമാരിവണ്ണം
സാമർത്ഥ്യം തടവിയ പാർത്ഥനീപ്സിതാർത്ഥം
സാമത്തിൽ സ്വയമരുളിത്തദാ മറഞ്ഞാർ. ൫൦

മുന്നേ തീവ്രതപസ്സിനാൽ ത്രിഭുവനം
പാടേ തപിപ്പിച്ചുതാൻ
തന്നേ പോരിടുവാൻ കിരാതവടിവായ്
ശർവ്വൻ തുടങ്ങീടവേ
ചെന്നേററിട്ടതിഘോരസംഗരവശാൽ
വീണ്ടും ജഗൽസാധ്വസം
നന്നേ ചേർത്തൊരു കീർത്തനീയചരിതൻ
പാർത്ഥൻ പ്രഥാശാലിതാൻ. ൫൧

ശ്രീമൽ പാശുപതാസ്ത്രവും വിവിധമായ്
വീണ്ടും വരപ്രാപ്തവും
കാമദ്വേഷിയിൽ നിന്നു വാങ്ങി വിജയൻ
സംപൂർണ്ണകാമൻ മുദാ
സാമഞ്ജസ്യമൊടും സ്വകീർത്തിവിലസ-
ന്മല്ലീമതല്ലിക്കെഴും
ത്തുമഞ്ജുപ്രസവങ്ങളാൽ സ്വയമിളാ-
ചക്രം വിളക്കീടിനാൻ. ൫൨

എട്ടാം സർഗ്ഗം സമാപ്തം.

---

ശുഭം.

DC Library
*00004208*
T61 P20

T61
P20

Indic Digital Archive Foundation
gpura.org